20. I-14 (A)-സേവന മേഖലയിലെ ചെലവുകൾ; I-14(b)-പശ്ചാത്തല മേഖലാ ചെലവുകൾ; I-14(c)-മേഖലാ വിഭജനത്തിൽ ഉൾപ്പെടുത്താത്ത ചെലവുകൾ; I-14(d)-കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന സ്പോൺസേഡ് സ്കീമുകളുടെ ചെലവുകൾ; I-14(e) - മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുള്ള ചെലവുകൾ എന്നിവ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടില്ല.

21. ആസ്തികളുടെ തേയ്മാനം രേഖപ്പെടുത്തുന്ന I-17(a) ഷെഡ്യൂൾ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

22. 31.03.2020 തീയതിയിൽ സായംപ്രഭ അക്കൗണ്ടിലെ നീക്കിയിരിപ്പ് വാർഷിക കണക്കുകൾ പ്രകാരം 1,63,759/- രൂപയും ബാങ്ക് പാസ്സ്ബുക്ക് പ്രകാരം 1,64,155/- രൂപയുമാണ്. മേൽ വ്യത്യാസം വിശദീകരിക്കുന്നതിനാവശ്യമായ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

23. അക്രൂവൽ അടിസ്ഥാനത്തിലുള്ള പ്രധാന വരവിനങ്ങൾ സംബന്ധിച്ച് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുകകളും നഗരസഭ ലഭ്യമാക്കിയ ഡി.സി.ബി കണക്കുകളും തമ്മിലെ പൊരുത്തക്കേടുകളും മറ്റ് അപാകതകളും സംബന്ധിച്ച വിവരങ്ങൾ ഖണ്ഡിക 1-23 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-13 ദുരിതാശ്വാസ നിധി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം രൂപീകരിച്ച ദുരിതാശ്വാസ നിധി സംബന്ധിച്ച വിവരം നഗരസഭയുടെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. 2019-20 വർഷത്തെ ദുരിതാശ്വാസ നിധി കണക്കുകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 11,56,902.35 |
| വരവ് (60,271/- രൂപ ബാങ്ക് പലിശ ഉൾപ്പെടെ) | 3,77,571.00 |
| ആകെ വരവ് | 15,34,473.35 |
| ചെലവ് | 91,500.00 |
| നീക്കിയിരിപ്പ് | 14,42,973.35 |

| പൊരുത്തപ്പെടുത്തൽ | |
|---|---|
| ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | 14,42,973.35 |
| (+) പണമാക്കാത്ത ചെക്കുകൾ | 2,000.00 |

| | |
|---|---|
| (ചെക്ക് നം.222002 തുക 1,000/-,<br>222015 -1,000/-) | |
| ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | 14,44,973.35 |

1-14 ഓഡിറ്റ് റിപ്പോർട്ട് - തുടർനടപടികൾ

നഗരസഭയുടെ 1996-97 മുതൽ 2016-17 വരെയുള്ള വർഷങ്ങളിലെ 27 ഓഡിറ്റ് റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ 26.08.2019 മുതൽ 31.08.2019 വരെയുള്ള തീയ്യതികളിൽ നടന്ന ഓഡിറ്റ് അദാലത്തിൽ പരിശോധിച്ച് 4 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുകയും വിവിധ റിപ്പോർട്ടുകളിലായി ആകെ 647 ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമർപ്പിച്ച മറുപടികൾ പരിഗണിച്ച് 2018-19 വരെയുള്ള വിവിധ റിപ്പോർട്ടുകളിലെ 44 ഖണ്ഡികകളിലെ പരാമർശങ്ങളും റിപ്പോർട്ട് തീയ്യതി വരെ തീർപ്പാക്കിയിട്ടുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പായി പുറപ്പെടുവിച്ച 1973-74 മുതൽ 1995-96 വരെയുള്ള വർഷങ്ങളിലെ 18 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 24.02.2020 ലെ ഡി.കെ.എസ്.എ 339/2020/ എം.എൽ3 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മേൽ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് ഈ കാര്യാലയത്തിലെ 11.03.2020 ലെ കെ.എസ്.എ-ടി.എസ്.എം.4/124/2020 നമ്പർ കത്ത് പ്രകാരം നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 വാർഡ് സഭാ സംഘാടനം

2015 ലെ കേരള മുൻസിപ്പാലിറ്റി (വാർഡുകളുടെ രൂപീകരണവും യോഗ നടപടിക്രമങ്ങളും) ചട്ടങ്ങളിലെ 4ാം ചട്ടം പ്രകാരം വാർഡ് സഭകളുടെ കൺവീനർ മൂന്ന് മാസത്തിലൊരിക്കൽ വാർഡ് സഭ യോഗം വിളിച്ച് കൂട്ടേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും എല്ലാ വാർഡ് സഭകളും 2019-20 സാമ്പത്തിക വർഷത്തിൽ മേൽ വ്യവസ്ഥ പാലിച്ചിട്ടില്ല. വാർഡ് തല മിനട്സ് പരിശോധിച്ചതിൽ വാർഡ് സഭകൾ നഗരസഭയുടെ വികസനപദ്ധതികൾ രൂപീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതായും മുൻഗണനാ ക്രമത്തിൽ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കാൻ സഹായിക്കുന്നതായും കാണുന്നു.

1-16 പ്രധാന വരവിനങ്ങളുടെ താരതമ്യം

2018-19, 2019-20വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള മുൻവർഷത്തെയും തൻവർഷത്തെയും ഡിമാന്റ് ചെയ്യപ്പെടുന്ന പ്രധാന വരവിനങ്ങൾ സംബന്ധിച്ച താരതമ്യം ചുവടെ ചേർത്തിരിക്കുന്നു.

| വരവിനം | സാമ്പത്തിക വർഷം | | വർദ്ധനവ്/കുറവ് |
|---|---|---|---|
| | 2018-19 | 2019-20 | (+/-) |
| വസ്തുനികുതി | 3,13,90,452 | 1,76,54,704 | -1,37,35,748 |
| തൊഴിൽനികുതി<br>(ഇൻസ്റ്റിറ്റ്യൂഷൻസ്,<br>പ്രൊഫഷണൽസ്, ട്രേഡേഴ്സ്) | 33,17,222 | 37,94,440 | +4,77,218 |
| വാടക | 2,33,81,994 | 2,35,78,330 | +1,96,336 |
| ഡി&ഓ ലൈസൻസ് | 54,37,896 | 60,57,418 | +6,19,522 |
| ആകെ | 6,35,27,564 | 5,10,84,892 | -1,24,42,672 |

വസ്തുനികുതി ഒഴിച്ചുള്ള വരവുകളിൽ മുൻവർഷത്തേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും വസ്തുനികുതി പിരിവിൽ കുറവുണ്ടായിരിക്കുന്നതായാണ് താരതമ്യ പഠനത്തിൽ കാണുന്നത്. പ്രധാന വരവിനമായ വസ്തുനികുതിയുടെ പിരിവിൽ കുറവുണ്ടാകുന്നത് നിലവിൽത്തന്നെ സാമ്പത്തിക സ്ഥിതി മോശമായ നഗരസഭയെ സംബന്ധിച്ചിടത്തോളം ആശാസ്യമായ കാര്യമല്ല. വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കാനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 വസ്തുനികുതി പരിശോധന-ഫയലുകൾ ഹാജരാക്കാത്തതും മറ്റ് അപാകതകളും

2019-20 വർഷത്തെ വസ്തു നികുതിയുമായി ബന്ധപ്പെട്ട് തൻവർഷം പുതിയതായി നികുതി നിർണ്ണയിച്ച പകുതിയോളം കെട്ടിടങ്ങളുടെ ഫയലുകൾ മാത്രമേ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുള്ളൂ. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, വസ്തു നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ വസ്തുനികുതി അപ്പീൽ രജിസ്റ്റർ, നികുതി എഴുതിത്തള്ളൽ രജിസ്റ്റർ, വേക്കൻസി റെമിഷൻ രജിസ്റ്റർ, വേക്കൻസി റമിഷൻ അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയലുകൾ, നികുതി ഇളവ് അനുവദിച്ചതിന്റെ ഫയലുകൾ എന്നിവ ഹാജരാക്കുന്നതിന് റിക്വസിഷൻ നൽകിയിരുന്നുവെങ്കിലും ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ വിവരങ്ങളുടെ പരിശോധന നടത്തിയപ്പോൾ വസ്തു നികുതി നിർണ്ണയത്തിലും ഇതുമായി ബന്ധപ്പെട്ട മറ്റ് നടപടിക്രമങ്ങളിലും കണ്ടെത്തിയ അപാകതകൾ താഴെ

പറയുന്നു.

1994 ലെ കേരള മുൻസിപ്പാലിറ്റി നിയമത്തിലെ 233(9) വകുപ്പ്, 2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തു നികുതിയും സേവനനികുതിയും സർച്ചാർജ്ജും ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങളെ വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് കെട്ടിടനമ്പർ നൽകാവുന്നതും ഓരോ കെട്ടിട ഭാഗത്തിനും നികുതി ചുമത്താവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ടെങ്കിലും നഗരസഭയിൽ ഒരു കെട്ടിടത്തെ ഒരേ ഉപയോഗക്രമമുള്ള വിവിധ ഭാഗങ്ങളായി വേർതിരിച്ച് വസ്തുനികുതി നിർണ്ണയം നടത്തിയ വാണിജ്യ കെട്ടിടങ്ങളുണ്ട്. വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന 100 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള ചില കെട്ടിടങ്ങൾക്ക് 100 ച.മീന് താഴെയുള്ളതിന്റെ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. 100 ച.മീ.വരെ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ വസ്തു നികുതി നിരക്ക് 60 രൂപയും 100 ച.മീ ന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ വസ്തു നികുതി നിരക്ക് 80 രൂപയുമായതിനാൽ ഇത്തരത്തിൽ വിഭജിച്ച് വസ്തു നികുതിനിർണ്ണയം നടത്തുന്നത് നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടാവാനിടയാക്കുന്നു. വസ്തുനികുതി പരിഷ്കരിച്ചപ്പോൾ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയ നികുതി നിലവിലുള്ള നികുതിയെക്കാൾ കുറവ് വരുന്ന ചില കെട്ടിടങ്ങൾക്ക് സർക്കാർ ഉത്തരവു പ്രകാരമുള്ള ആനുകൂല്യം അനുവദിക്കാതെ നിലവിലുള്ള നികുതിയിൽ 25% വർദ്ധനവ് വരുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

നഗരസഭ സെക്രട്ടറിയുടെ 18.01.2012 തീയ്യതിയിലെ ആർ1-3076/02 നമ്പർ വിജ്ഞാപനത്തിൽ ഓരോ വിഭാഗം കെട്ടിടങ്ങൾക്കും വസ്തുനികുതി നിർണ്ണയത്തിന് പ്രത്യേകം നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ടെങ്കിലും ഒരേ വിഭാഗത്തിലുള്ളതും ഏകദേശം ഒരേ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങൾക്ക് വ്യത്യസ്ത നിരക്കിലാണ് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. വിസ്തീർണ്ണം കൂടിയ കെട്ടിടങ്ങൾക്ക് താഴ്ന്ന നിരക്കിലും കുറഞ്ഞ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിലും വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. ഒരു കെട്ടിടത്തിലെ തന്നെ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിട ഭാഗങ്ങളെ വ്യത്യസ്ത നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളതിനാൽ 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരമുള്ള തറ നിർമ്മാണത്തിനുള്ള വർദ്ധനവ് ഉൾപ്പെടാതെ പോവുന്നു.

നഗരസഭയിൽ ഷോപ്പിംഗ് കോംപ്ലക്സുകളുടെയും വലിയ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളുടെയും വസ്തുനികുതി നിർണ്ണയത്തിന് പലതിലും വ്യത്യസ്ത നിരക്കുകളിലായി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.

മേഖലാ തരംതിരിവിൽ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. തലശ്ശേരി നഗരത്തിന്റെ തുല്യപ്രാധാന്യവും പുരോഗതിയും ഉള്ള ചില പ്രദേശങ്ങളെ പ്രഥമമേഖലയിൽപ്പെടുത്താതെ ദ്വിതീയമേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നഗരസഭയ്ക്ക് നിലവിലുള്ള നികുതി കുടിശ്ശിക ഏറ്റവും കൂടുതലുള്ളത് മൊബൈൽ ടവറുകളുടെ വസ്തു നികുതി ഇനത്തിലും വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങളിൽ നിന്നും ലഭിക്കേണ്ടതാണ്. 14 വാണിജ്യ കെട്ടിടങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അതിൽ രണ്ടു കെട്ടിടങ്ങളുടെ നടപടികൾ മാത്രമേ തീർപ്പാക്കിയിട്ടുള്ളൂ. റവന്യൂ റിക്കവറി നടപടികൾ തീർപ്പാവാത്തതിനാൽ നഗരസഭയ്ക്ക് വരുമാനച്ചോർച്ചയുണ്ടാവുന്നുണ്ട്.

ഡാറ്റാ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളൊന്നും തന്നെ നഗരസഭയിൽ ആരംഭിച്ചിട്ടില്ല.

നഗരസഭ നൽകുന്ന സേവനങ്ങൾക്കുള്ള ചെലവ് വർദ്ധിച്ചു വരുന്നുണ്ടെങ്കിലും സേവന ഉപ നികുതി വരവ് കുറഞ്ഞു വരുന്നതായാണ് വിവിധ വർഷങ്ങളിലെ വിവരങ്ങൾ താരതമ്യം ചെയ്യുന്നതിൽ നിന്നും വ്യക്തമാവുന്നത്. നഗരസഭ ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രികകൾ പ്രകാരം 2017-18 മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി നഗരസഭയ്ക്കുണ്ടായ ചെലവിന്റെയും സേവന ഉപനികുതി വഴിയുണ്ടായ വരവിന്റെയും വിവരം ചുവടെ പറയുന്നു.

| വർഷം | സേവന ഉപനികുതി വരവ് | സേവനങ്ങൾക്കുള്ള ചെലവ് |
|---|---|---|
| 2017-18 | 1.09 കോടി | 1.79 കോടി |
| 2018-19 | 99 ലക്ഷം | 1.57 കോടി |
| 2019-20 | 63 ലക്ഷം | 1.8 കോടി |

സ്ഥാപനത്തിൽ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും സർവ്വീസ് ചാർജ്ജ് ഈടാക്കുന്നുണ്ട്. ഭരണഘടനയുടെ 285ാം അനുച്ഛേദ പ്രകാരം വസ്തുനികുതി അടക്കുന്നതിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതും കേന്ദ്രസർക്കാറിന്റെ ഉടമസ്ഥതയിലുള്ളതുമായ കെട്ടിടങ്ങൾക്ക് സർവ്വീസ് ചാർജ്ജ് ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ആയത് മുഴുവനായും പിരിച്ചെടുക്കാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല.

1-18 വസ്തു നികുതി നിർണ്ണയം നടത്താത്ത കെട്ടിടങ്ങളുടെ വിവരം കൃത്യമായി ലഭ്യമല്ല.

നഗരസഭയുടെ 2019-20 വർഷത്തെ വസ്തുനികുതി പരിശോധനയുമായി ബന്ധപ്പെട്ട്, വസ്തുനികുതി നിർണ്ണയത്തിൽ നിന്നും ഒഴിവായിപ്പോയ കെട്ടിടങ്ങളുടെ വിവരം പരിശോധിച്ചപ്പോൾ, സഞ്ചയ പ്രകാരം അനേകം കെട്ടിടങ്ങൾ വസ്തു നികുതി നിർണ്ണയിക്കാൻ അവശേഷിക്കുന്നുണ്ട്. സഞ്ചയയിലെ ' Missing Door Number List' ൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് വസ്തുനികുതി നിർണ്ണയം നടത്താത്ത കെട്ടിടങ്ങളുടെ എണ്ണം 29553 ആണ്. നഗരസഭ ലഭ്യമാക്കിയ രേഖകൾ പ്രകാരം 352

കെട്ടിടങ്ങളാണ് വസ്തുനികുതി നിർണ്ണയിക്കാൻ അവശേഷിക്കുന്നത്. പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പട്ടിക ചുവടെ കൊടുക്കുന്നു.

| വാർഡ് നം. | ആകെ കെട്ടിടങ്ങൾ (നഗരസഭ ലഭ്യമാക്കിയത്) | വസ്തുനികുതി നിർണ്ണയിക്കാത്ത കെട്ടിടങ്ങളുടെ എണ്ണം- (നഗരസഭ ലഭ്യമാക്കിയത്) | സഞ്ചയയിലെ ' Missing Door Number List' |
|---|---|---|---|
| 1 | 626 | 1 | 4 |
| 2 | 597 | 1 | 3 |
| 3 | 569 | 0 | 1 |
| 4 | 611 | 1 | 1 |
| 5 | 495 | 1 | 118 |
| 6 | 597 | 8 | 6 |
| 7 | 637 | 6 | 4 |
| 8 | 671 | 2 | 8 |
| 9 | 629 | 0 | 10 |
| 10 | 600 | 12 | 233 |
| 11 | 623 | 5 | 3 |
| 12 | 1156 | 1 | 3 |
| 13 | 558 | 1 | 11 |
| 14 | 632 | 2 | 3 |
| 15 | 539 | 4 | 90 |
| 16 | 531 | 4 | 204 |
| 17 | 1273 | 15 | 11 |
| 18 | 426 | 1 | 143 |
| 19 | 799 | 26 | 11 |
| 20 | 439 | 3 | 2 |
| 21 | 443 | 8 | 14 |
| 22 | 550 | 1 | 31 |
| 23 | 820 | 1 | 3845 |
| 24 | 814 | 5 | 9 |
| 25 | 782 | 7 | 13 |
| 26 | 742 | 9 | 11 |
| 27 | 444 | 5 | 392 |
| 28 | 733 | 7 | 19 |
| 29 | 658 | 7 | 2 |
| 30 | 638 | 14 | 12 |
| 31 | 691 | 15 | 24 |
| 32 | 724 | 8 | 5 |
| 33 | 613 | 6 | 5 |
| 34 | 568 | ലഭ്യമല്ല | 65 |
| 35 | 602 | 14 | 19 |
| 36 | 630 | 4 | 5 |
| 37 | 588 | 18 | 10 |

| | | | |
|---|---|---|---|
| 38 | 760 | 12 | 3 |
| 39 | 685 | 5 | 5 |
| 40 | 591 | 6 | 12 |
| 41 | 424 | 2 | 71 |
| 42 | 410 | 2 | 36 |
| 43 | 608 | 1 | 3683 |
| 44 | 557 | 0 | 2622 |
| 45 | 5448 | 28 | 10502 |
| 46 | 556 | 7 | 2662 |
| 47 | 2081 | 10 | 8 |
| 48 | 1580 | 11 | 444 |
| 49 | 812 | 5 | 4 |
| 50 | 832 | 4 | 110 |
| 51 | 911 | 27 | 4039 |
| 52 | 554 | 9 | 2 |
| ആകെ 40857 | | 352 | 29553 |

സഞ്ചയ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടാത്ത കെട്ടിടങ്ങൾ സംബന്ധിച്ച് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് സമർപ്പിച്ച മറുപടിയിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി തയ്യാറാക്കിയ IPMS(Intelligent Property Management System) കമ്പ്യൂട്ടർ ആപ്ലിക്കേഷന്റെ സഹായത്തോടെ ഫലപ്രദമായി ഒഴിഞ്ഞുപോയ കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്താൻ കഴിയുമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയതിനുള്ള പോരായ്മകൾ നിരവധിയാണ്. IPMS റിപ്പോർട്ട് പ്രകാരം രേഖകളില്ലാത്തതും കെട്ടിട നമ്പറില്ലാത്തതും നികുതി നിർണ്ണയിക്കാത്തതുമായി 4179 കെട്ടിടങ്ങൾ നഗരസഭയിലുണ്ട്. IPMS പ്രകാരം നികുതി നിർണ്ണയം നടത്തിയപ്പോൾ നഗരസഭയിൽ പ്രഥമമേഖലയിൽ ഉൾപ്പെടേണ്ട ചില കെട്ടിടങ്ങൾ തൃതീയ മേഖലയിലും ദ്വിതീയ മേഖലയിലും ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. മേഖലകൾക്കനുസരിച്ച് അടിസ്ഥാന വസ്തു നികുതിയിൽ ഇളവുകൾ അനുവദിക്കുന്നതിനാൽ ഇത്തരം തെറ്റായ വിവരങ്ങളെ അടിസ്ഥാനമാക്കി വസ്തുനികുതി നിർണ്ണയിക്കുന്നത് നഗരസഭയ്ക്ക് വരുമാനനഷ്ടമുണ്ടാവാനിടയാക്കുന്നു.

വസ്തുനികുതി നിർണ്ണയിക്കാൻ അവശേഷിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങളിലെ പൊരുത്തക്കേടുകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 69/2019-20 തീയതി : 13.09.2021) മറുപടി ലഭ്യമായിട്ടില്ല. വസ്തു നികുതി നിർണ്ണയം നടത്താത്ത കെട്ടിടങ്ങളുടെ വിവരങ്ങളിലെ കൃത്യതയില്ലായ്മ നഗരസഭയ്ക്ക് ഈ ഇനത്തിൽ വരുമാന നഷ്ടമുണ്ടാവാനിടയാക്കും. ആയതിനാൽ ഇത് സംബന്ധിച്ച് കൃത്യമായ പരിശോധന നടത്തി അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-19 നഗരസഭയിലെ മൊബൈൽ ടവറുകൾക്ക് 36,39,921/- രൂപ വസ്തു നികുതി കുടിശ്ശിക

2019-20 വർഷത്തെ വസ്തു നികുതി പരിശോധനയുമായി ബന്ധപ്പെട്ട്, സഞ്ചയയിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം നഗരസഭയിൽ നിലവിൽ 48 മൊബൈൽ ടവറുകളുണ്ട്. ഇവയിൽ 21 എണ്ണം നഗരസഭയുടെ അനുമതി ലഭ്യമായതു പ്രകാരം നിർമ്മാണം നടത്തിയതും 27 എണ്ണം അനധികൃതവുമാണ്. 47 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയായും 15 എണ്ണത്തിന്റെ വസ്തു നികുതി മാത്രമേ പൂർണ്ണമായി അടവാക്കിയിട്ടുള്ളു. സഞ്ചയയിൽ ലഭ്യമായതനുസരിച്ച് വസ്തു നികുതി കുടിശ്ശികയുള്ള മൊബൈൽ ടവറുകളുടെ വിവരം ചുവടെ പറയുന്നു.

അനധികൃതമായി നിർമ്മിച്ച മൊബൈൽ ടവറുകൾ

| ക്രമനം. | വാർഡ് നം/കെട്ടിടം | വസ്തു നികുതി കുടിശ്ശിക | വസ്തു നികുതി കുടിശ്ശികയുടെ കാലയളവ് |
|---|---|---|---|
| 1 | 9/449/A(UAC) | 92520 | 2016-17 മുതൽ 2019-20 വരെ |
| 2 | 10/485/A(UAC) | 127220 | “” |
| 3 | 10/496/A(UAC) | 127220 | “” |
| 4 | 13/204/A(UAC) | 127220 | “” |
| 5 | 13/206/B(UAC) | 127220 | “” |

| | | | |
|---|---|---|---|
| 6 | 17/439/A(UAC) | 127220 | “” |
| 7 | 17/729/A(UAC) | 127220 | “” |
| 8 | 24/240/A(UAC) | 92520 | “” |
| 9 | 30/8/B(UAC) | 115652 | “” |
| 10 | 34/340/C(UAC) | 92520 | “” |
| 11 | 34/340/D(UAC) | 92520 | “” |
| 12 | 39/490/A(UAC) | 138780 | “” |
| 13 | 43/488/(UAC) | 138780 | “” |
| 14 | 44/399/A(UAC) | 138780 | “” |
| 15 | 45/259/A(UAC) | 138780 | “” |
| 16 | 45/2530/A(UAC) | 138780 | “” |
| 17 | 45/2641/A81 | 138780 | “” |
| 18 | 47/350/A(UAC) | 138780 | “” |
| 19 | 47/350/B(UAC) | 138780 | “” |
| 20 | 47/350/C(UAC) | 138780 | “” |
| 21 | 48/561/A(UAC) | 138780 | “” |
| 22 | 48/1170//A(UAC) | 138780 | “” |
| 23 | 49/303/A(UAC) | 138780 | “” |
| 24 | 52/479/A(UAC) | 115652 | “” |
| | ആകെ | 3030064 | |

നഗരസഭ അനുമതി നൽകിയ മൊബൈൽ ടവറുകൾ

| ക്രമനം. | വാർഡ് നം/കെട്ടിടം | വസ്തു നികുതി കുടിശ്ശിക | വസ്തു നികുതി കുടിശ്ശികയുടെ കാലയളവ് |
|---|---|---|---|
| 1 | 1/354/A | 224826 | 2013-14 മുതൽ 2019-20 വരെ |
| 2 | 10/492/A | 42408 | 2018-19 മുതൽ 2019-20 വരെ |
| 3 | 17/765/A | 24784 | 2013-14 മുതൽ 2019-20 വരെ |
| 4 | 22/286 | വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല | |
| 5 | 28/327/A | 43041 | 2015-16 മുതൽ 2019-20 വരെ |
| 6 | 43/480/A | 46963 | 2013-14 മുതൽ 2019-20 വരെ |
| 7 | 45/2836/A | 46260 | 2016-17 മുതൽ 2019-20 വരെ |
| 8 | 45/4665 | 9497 | 2019-20 |
| 9 | 50/468 | 172078 | 2014-15 മുതൽ 2019-20 വരെ |
| | ആകെ | 609857 | |

ഇപ്രകാരം 2019-20 വർഷം വരെയുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക 36,39,921/- രൂപയാണ്.

അനധികൃതമായി നിർമ്മിച്ച മൊബൈൽ ടവറുകൾക്കെതിരെ നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദ വിവരം അറിയിക്കുന്നതിനും മൊബൈൽ ടവറുകളുടെ വസ്തു നികുതി ഇനത്തിൽ വൻതുക കുടിശ്ശിക ഉണ്ടായതിന്റെ കാരണം അറിയിക്കാനും 13.09.2021 തീയ്യതിയിൽ നൽകിയ 70/2019-20 ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിച്ചിട്ടില്ല. വസ്തു നികുതി വരവ് നഗരസഭയുടെ സുപ്രധാന വരുമാനമാർഗ്ഗമായതിനാൽ മേൽ പ്രകാരമുള്ള കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കേണ്ടതാണ്. അനധികൃതമായി നിർമ്മിച്ച മൊബൈൽ ടവറുകൾക്കെതിരെ കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 അനധികൃതമായി നിർമ്മിച്ചിട്ടുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക 34,94,413/- രൂപ

നഗരസഭയിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള വാണിജ്യ കെട്ടിടങ്ങളുടെ സഞ്ചയയിൽ നിന്ന് ലഭ്യമായ, വസ്തു നികുതി ഡിമാന്റ്, കളക്ഷൻ വിവരം പരിശോധിച്ചപ്പോൾ വൻതുക വസ്തു നികുതി കുടിശ്ശിക ഉള്ളതായി കാണുന്നു.

അത്തരം കെട്ടിടങ്ങളുടെ ഉപയോഗക്രമവും വസ്തു നികുതി കുടിശ്ശികയുടെ വിവരവും ഉൾക്കൊള്ളുന്ന പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമനം. | വാർഡ് നം/കെട്ടിടം | വസ്തു നികുതി കുടിശ്ശിക | ഉപയോഗത്തിന്റെ തരം | വസ്തു നികുതി കുടിശ്ശികയുള്ള കാലയളവ് |
|---|---|---|---|---|
| 1 | 45/1912 /A(UAC) | 1697360 | 200 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ ഷോപ്പിംഗ് മാളുകൾ | 2013-14 മുതൽ 2019-20 വരെ |
| 2 | 47/166 /A(UAC) | 270472 | 100 ച.മീ. ൽ കൂടുതൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ ഷോപ്പുകൾ | 2016-17 മുതൽ 2019-20 വരെ |
| 3 | 47/166 /B(UAC) | 447416 | 100 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ, ഷോപ്പുകൾ | 2016-17 മുതൽ 2019-20 വരെ |
| 4 | 47/1680 /F1(UAC) | 228976 | 100 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ ഷോപ്പുകൾ | 2016-17 മുതൽ 2019-20 വരെ |
| 5 | 45/1929 /A(UAC) | 54866 | 100 ച.മീ.വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ, ഷോപ്പുകൾ | 2013-14 മുതൽ 2019-20 വരെ |
| 6 | 47/1680 /F2(UAC) | 86636 | 100 ച.മീ.വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ, ഷോപ്പുകൾ | 2016-17 മുതൽ 2019-20 വരെ |
| 7 | 48/1045 /A(UAC) | 216510 | 100 ച.മീ.വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ, ഷോപ്പുകൾ | 2013-14 മുതൽ 2019-20 വരെ |

| | | | | |
|---|---|---|---|---|
| 8 | 48/1045 /B(UAC) | 194873 | 100 ച.മീ.വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ, ഷോപ്പുകൾ | 2013-14 മുതൽ 2019-20 വരെ |
| 9 | 48/1045 /C(UAC) | 297304 | 100 ച.മീ.വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ, ഷോപ്പുകൾ | 2013-14 മുതൽ 2019-20 വരെ |
| | ആകെ | 34,94,413 | | |

മേൽ പ്രകാരം, 2019-20 വർഷം വരെയുള്ള വസ്തു നികുതി കുടിശ്ശിക 34,94,413/- രൂപയാണ്. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിക്കുന്നതിലേക്കായി നിയമാനുസൃതമല്ലാത്തതാണെന്ന് സൂചിപ്പിക്കുന്ന " യു.എ" എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷവും ചേർത്ത് കെട്ടിട നമ്പർ നൽകേണ്ടതാണ്. എന്നാൽ നഗരസഭയിലെ അനധികൃത കെട്ടിടങ്ങളുടെ നമ്പറോടൊപ്പം നിർമ്മാണത്തിന്റെ വർഷം കൂട്ടിച്ചേർത്തിട്ടില്ല. നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 406-ാം വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല.

അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തുന്നത് മൂലം കെട്ടിട നിർമ്മാണം ക്രമവത്ക്കരിക്കപ്പെട്ടതായി കണക്കാക്കാവുന്നതല്ല എന്നും ഇത്തരം കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് ഇത് തടസ്സമായിരിക്കുന്നതല്ല എന്നും മേൽ ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാൻ 13.09.2021 തീയ്യതിയിൽ നൽകിയ 72/2019-20 ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശികയായി തുടരുന്നതിന്റെ കാരണവും അറിയിക്കേണ്ടതാണ്.

1-21 വസ്തു നികുതി വേക്കൻസി റമിഷൻ -അപാകതകൾ

നഗരസഭയിൽ 2019-20 വർഷം വേക്കൻസി റമിഷൻ അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയലുകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പിലെ അപാകതകൾ താഴെ പറയുന്നു. 2011ലെ കേരള മുൻസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21(3)ൽ ഒഴിവായിക്കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ഇളവ് രജിസ്റ്റർ ഫോറം 11 ൽ പറഞ്ഞിരിക്കുന്ന മാതൃകയിൽ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടെങ്കിലും നഗരസഭയിൽ 2019-20 വർഷം വേക്കൻസി റമിഷൻ രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട മുഴുവൻ ഫയലുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വേക്കൻസി റമിഷൻ രജിസ്റ്റർ സഞ്ചയയിലും ലഭ്യമല്ല. നഗരസഭയിൽ ആകെ 52 വാർഡുകളുള്ളതിൽ 11 വാർഡുകളുടെ (11 മുതൽ 13 വരെയും 45 മുതൽ 52 വരെയും) വേക്കൻസി റമിഷൻ അനുവദിച്ചതിന്റെ ഒരു ലിസ്റ്റ് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ലിസ്റ്റ് നഗരസഭാ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. ലിസ്റ്റ് പ്രകാരം 2019-20 ഒന്നാം അർദ്ധവർഷം 529 കെട്ടിടങ്ങൾക്കും രണ്ടാം അർദ്ധവർഷം 496 കെട്ടിടങ്ങൾക്കും വേക്കൻസി റമിഷൻ അനുവദിച്ചിട്ടുണ്ട്.

ലിസ്റ്റിലുള്ള കെട്ടിടങ്ങളുടെ സഞ്ചയയിൽ നിന്നും ലഭ്യമായ വിവരങ്ങളിലും അപാകതകൾ ഉണ്ട്. പല കെട്ടിടങ്ങൾക്കും വസ്തു നികുതി കുടിശ്ശികയുള്ളപ്പോഴാണ് വേക്കൻസി റമിഷൻ അനുവദിച്ചിട്ടുള്ളത് .

ഉദാഹരണങ്ങൾ ചുവടെ പറയുന്നു.

| വേക്കൻസി റമിഷൻ അനുവദിച്ച കെട്ടിട നമ്പർ | വസ്തു നികുതി കുടിശ്ശിക |
|---|---|
| 45/1477 | 799 |
| 45/1793 | 6218 |
| 45/1343 | 747 |
| 45/1344 | 747 |

വസ്തു നികുതി കുടിശ്ശികയുള്ള കെട്ടിടങ്ങൾക്ക് വേക്കൻസി റമിഷൻ അനുവദിച്ചതിലെ അപാകതകളുമായി ബന്ധപ്പെട്ട മുൻവർഷത്തെ ഓഡിറ്റ് പരാമർശത്തിന് നഗരസഭാ സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ മുൻവർഷങ്ങളിൽ വേക്കൻസി റമിഷൻ

അനുവദിച്ചതിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്താൻ സാധിക്കാത്തതു കൊണ്ടാണ് നികുതി കുടിശ്ശികയായി കാണപ്പെടുന്നത് എന്നും ഐ.കെ.എം. നെ സമീപിച്ച് അപാകതകൾ പരിഹരിക്കാമെന്നും അറിയിച്ചിട്ടുണ്ടെങ്കിലും അപാകതകൾ നിലനിൽക്കുന്നു. വേക്കൻസി റമിഷൻ രജിസ്റ്റർ ചട്ടപ്രകാരം സൂക്ഷിക്കാത്തതിനാൽ ഇതിന്റെ നിജസ്ഥിതി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഒന്നാം അർദ്ധവർഷം വേക്കൻസി റമിഷൻ അനുവദിച്ച കെട്ടിടത്തിന് 2-ാം അർദ്ധവർഷം വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നികുതി ഒടുക്കിയതിന്റെ വിവരമോ, നികുതി ഒടുക്കാൻ അവശേഷിക്കുന്നതിന്റെ വിവരമോ സഞ്ചയയിൽ ലഭ്യമല്ല. സഞ്ചയ പ്രകാരം ഈ കെട്ടിടങ്ങൾക്ക് 2-ാംഅർദ്ധവർഷത്തിൽ വേക്കൻസി റമിഷൻ അനുവദിച്ചതായും കാണുന്നില്ല.

ഉദാഹരണങ്ങൾ ചുവടെ പറയുന്നു.

| വേക്കൻസി റമിഷൻ അനുവദിച്ച കെട്ടിട നമ്പർ | 2-ാംഅർദ്ധവർഷത്തിലെ വസ്തു നികുതി |
|---|---|
| 45/1811 | 1160/- |
| 45/1812 | 1160/- |
| 45/1813 | 1160/- |
| 45/666 | 1696/- |

പരിശോധനയ്ക്ക് ഹാജരാക്കിയ വേക്കൻസി റമിഷൻ അനുവദിച്ചതിന്റെ ലിസ്റ്റിലുൾപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും സഞ്ചയയിൽ വസ്തു നികുതിയിളവ് രേഖപ്പെടുത്തിയിട്ടില്ല. ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാത്തതിനാലും 2019-20 വർഷത്തെ വേക്കൻസി റമിഷനുമായി ബന്ധപ്പെട്ട മുഴുവൻ ഫയലുകളും രജിസ്റ്ററുകളും ഹാജരാക്കാത്തതിനാലും ഇത് സംബന്ധിച്ച് കൃത്യമായ പരിശോധന നടത്താൻ സാധിക്കുന്നില്ല. മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നഗരസഭാ സെക്രട്ടറിക്ക് നൽകിയ നം. 76/2019-20 തീയതി: 13.09.2021 ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും വേക്കൻസി റമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി വിവരങ്ങളുമായി ബന്ധപ്പെട്ട് സഞ്ചയയിലെ അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-22 തൊഴിൽ നികുതി

തലശ്ശേരി നഗരസഭയിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഡാറ്റാബേസ് ലഭ്യമല്ല. നഗരസഭാ സെക്രട്ടറി നൽകിയ മറുപടിയിൽ കുടുംബശ്രീയുടെ സി.ഡി.എസ് ടെക്നോ പ്രവർത്തകരെ ഉൾപ്പെടുത്തി ഡാറ്റാബേസ് ചെയ്ത് ഓൺലൈൻ ആയി അടക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും അത്തരം നടപടികളുടെ വിവരം ലഭ്യമല്ല. 2017-18 വർഷം നഗരസഭ നടപ്പിലാക്കിയ പദ്ധതിയിലുൾപ്പെടുത്തി, നഗരസഭാ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 'തൊഴിൽ നികുതി വിവരങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മേൽ പദ്ധതിക്കായി 25,200 രൂപ ടെക്നോശ്രീ ഡിജിറ്റൽ ടെക്നോളജീസ് എന്ന സ്ഥാപനത്തിന് നഗരസഭാഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ കച്ചവടസ്ഥാപനങ്ങളുടെ ഡാറ്റാ എൻട്രി മാത്രമേ ഇതു പ്രകാരം നടത്തിയിട്ടുള്ളൂ. സഞ്ചയയുമായി താരതമ്യം ചെയ്യുമ്പോൾ കച്ചവട സ്ഥാപനങ്ങളുടെ വിവരങ്ങൾ പൂർണ്ണവുമല്ല. നിലവിൽ 52 വാർഡുകളുണ്ടെങ്കിലും 50 വാർഡുകൾക്കാണ് ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടുള്ളത്. തൊഴിൽ നികുതി അടവാക്കുന്നതിന് ഓൺലൈൻ പേയ് മെന്റ് സംവിധാനങ്ങളൊന്നും തന്നെ ലഭ്യമല്ല. നിലവിൽ മുൻവർഷങ്ങളിലെ ഡിമാന്റ് രജിസ്റ്ററുകളും ഓരോ വാർഡിന്റെയും ചുമതലയുള്ള ക്ലാർക്കുമാർ ഡാറ്റാ എൻട്രി നടത്തി തയ്യാറാക്കിയ ലിസ്റ്റുമാണ് തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനായി നഗരസഭ ഉപയോഗപ്പെടുത്തുന്നത്. Presumptive Profession Tax ഈടാക്കേണ്ടവരുടെ വിവരം സംബന്ധിച്ച കൃത്യമായ ഡാറ്റാബേസ് നഗരസഭ സൂക്ഷിക്കുന്നില്ല. ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവും നികുതി പിരിവിനെ കാര്യമായി ബാധിക്കുന്നുണ്ട്.

സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വരുമാനം സംബന്ധിച്ച പരിശോധന കാര്യക്ഷമമല്ല. നഗരസഭയുടെ ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റിൽപ്പെട്ട എല്ലാ സ്ഥാപനങ്ങളുടെയും പേരുകൾ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഉദ്യോഗസ്ഥർ, ജീവനക്കാർ, മറ്റു ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവർ മുതലായവരുടെ ലിസ്റ്റും വരുമാനത്തെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ആവശ്യപ്പെട്ടുകൊണ്ട് ചട്ടം 6 പ്രകാരം നൽകേണ്ട ഫോറം III ലുള്ള നോട്ടീസും കൃത്യമായി നൽകുന്നില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ ഫലപ്രദമല്ല. സ്ഥാപനങ്ങളും ജീവനക്കാരും സമർപ്പിച്ച പത്രികയിലെ വരുമാനം സംബന്ധിച്ച കൃത്യമായ പരിശോധനകൾ നടക്കുന്നില്ല. മൂന്ന് മാസം കൂടുമ്പോൾ നഗരസഭ വരുമാനം സംബന്ധിച്ച പത്രിക തയ്യാറാക്കി നികുതി ധനകാര്യസ്ഥിരം സമിതിയിൽ അജണ്ട വെച്ച് പരിശോധിക്കുന്നുണ്ടെന്നു നഗരസഭാ സെക്രട്ടറിയുടെ മറുപടിയിൽ അറിയിച്ചിട്ടുണ്ടെങ്കിലും അത്തരം തീരുമാനങ്ങളുടെ വിവരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്ട്സ് പരിശോധിച്ചതിൽ നിന്നും ലഭ്യമായിട്ടില്ല. പുതിയതായി തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലും പ്രവർത്തനം നിർത്തിയ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിലും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടുന്നില്ല. അധികമായി അടച്ച തൊഴിൽ നികുതി റീഫണ്ട് ചെയ്യാൻ

മാത്രമാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടുന്നതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടത്. കുടിശ്ശിക നികുതി പിരിവ് കാര്യക്ഷമമല്ല. ഓഡിറ്റിന് ലഭ്യമാക്കിയ DCB പത്രിക പ്രകാരം 2019-20 വർഷത്തെ തൊഴിൽ നികുതി 17,22,994/- കുടിശ്ശികയായി നിലനിൽക്കുന്നു.

തൊഴിൽ നികുതി അപാകതകൾ

I. ഡിമാന്റ് രജിസ്റ്ററിലെ അപാകതകൾ .

2019-20 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്ററർ പൂർണ്ണമല്ല. ടി സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി കുടിശ്ശികയിൽ പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ലെങ്കിലും മുടർ വർഷങ്ങളിൽ പിരിച്ചെടുത്ത തുകകൾ 2019-20 വർഷത്തെ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ സ്ഥാപനത്തിലെ ജീവനക്കാരുടെ പേരു വിവരം, രസീത് നമ്പർ എന്നിവ ചേർക്കുന്നില്ല. ആകെ തുകയും അടച്ച തീയ്യതിയും മാത്രമാണ് ചേർക്കുന്നത്. ഡിമാന്റ് രജിസ്റ്ററിലെ തുകകൾ കൂട്ടിയിട്ട് സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിലെ വിവരങ്ങൾ സാക്ഷ്യപ്പെടുത്തി ആധികാരികമായിട്ടില്ല.

തൊഴിൽനികുതി റിട്ടേണുകൾ സമർപ്പിക്കാത്തതിന് സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ക്രമ നമ്പർ II ൽ ചേർത്ത സ്ഥാപനങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ചേർക്കാതിരുന്നതിനും തൊഴിൽനികുതി ഈടാക്കാതിരുന്നതിനും വിശദീകരണം അറിയിക്കേണ്ടതാണ്. നഗരസഭയ്ക്കുണ്ടായ തൊഴിൽ നികുതി നഷ്ടം ഈടാക്കാൻ നാളിതുവരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദീകരണവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

II. വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല .

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം4(2) പ്രകാരം തൊഴിൽ നികുതി നിർണ്ണയിക്കുന്നതിലേക്കായി നിക്ഷേപങ്ങളിൽ നിന്ന് വരുമാനം ലഭിക്കുന്നവർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, കമ്പനികൾ, ബിസിനസ്സ് നടത്തുന്നവർ എന്നിവരിൽ നിന്നും തങ്ങളുടെ അർദ്ധവാർഷിക വരുമാനം തൊഴിൽ അല്ലെങ്കിൽ ബിസിനസ്സിനെ സംബന്ധിച്ച് വിവരങ്ങളടങ്ങിയ റിട്ടേണുകൾ VI-ാം നമ്പർ ഫോറത്തിൽ സത്യപ്രസ്താവന സഹിതം ഓരോ വർഷവും രണ്ട് അർദ്ധവാർഷികങ്ങളിലായി നഗരസഭാസെക്രട്ടറിക്ക് മുമ്പായി റിട്ടേൺ സമർപ്പിക്കേണ്ടതും ആയതിനനുസരിച്ച് നഗരസഭാ സെക്രട്ടറി തൊഴിൽ നികുതി നിർണ്ണയിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ തൊഴിൽനികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്ററർ പരിശോധിച്ചതിൽ തലശ്ശേരി നഗരസഭ പരിധിയിൽ ഉൾപ്പെട്ട നിരവധി വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| നം | വ്യാപാരിയുടെ പേര് /സ്ഥാപനം | വാർഡ് | അർദ്ധവർഷം |
|---|---|---|---|
| 1 | പലേരി ബാലൻ, സോഡ | 1 | 2019-20 (I & II) |
| 2 | ചന്ദ്രൻ, ആയുർവേദിക്സ് | 1 | 2019-20 (I & II) |
| 3 | ജയൻ, ഫർണിച്ചർ | 1 | 2018-19(I & II),<br>(2019-20 (I & II) |
| 4 | അഫ്സൽ, ഇരുമ്പ് വില്പന | 1 | 2018-19(I & II),<br>(2019-20 (I & II) |
| 5 | ഹാരിസ്. പി, പെയിന്റ് ഹാർഡ് വേർ | 1 | 2019-20 (I & II) |
| 6 | ജയ്സൺ. വി, പ്രൊവിഷണൽ സ്റ്റോർ | 1 | 2019-20 (I & II) |
| 7 | അബ്ദുൽ ബഷീർ. എപിഎം, സോ മിൽ | 1 | 2019-20 (I & II) |
| 8 | ഇ.കെ.അനിൽ കുമാർ, സ്റ്റേഷനറി | 1 | 2019-20 (I & II) |
| 9 | വൽസ ശിവദാസ്, പ്രൊവിഷണൽ സ്റ്റോർ | 1 | 2017-18 മുതൽ 2019-20 വരെ |
| 10 | കെ.വി ശ്രീധരൻ, | 1 | 2019-20 (I & II) |
| 11 | സാഹിറ | 1 | 2019-20 (I & II) |
| 12 | ബിനേശൻ. എം, ഷോപ്പ് | 3 | 2019-20 (I & II) |
| 13 | റിസ. എ.വി, | 3 | 2019-20 (I & II) |
| 14 | ഷൈനി റെജി | 3 | 2019-20 (I & II) |

| | | | |
|---|---|---|---|
| 15 | സനൽ കുമാർ | 6 | 2018-19 മുതൽ 2019-20 വരെ |
| 16 | സഹജനാഥ് | 7 | 2019-20 (I & II) |
| 17 | പവനൻ, ചിക്കൻ സ്റ്റാൾ | 7 | 2018-19 മുതൽ 2019-20 വരെ |
| 18 | മോഹനൻ, | 7 | 2018-19 മുതൽ 2019-20 വരെ |
| 19 | ജിനേഷ് | 7 | 2019 – 20 II |
| 20 | ജിജിൻ , ഷോപ്പ് | 8 | 2019-20 (I & II) |
| 21 | ശ്രീജിവ്. എ. പി, സ്റ്റേഷനറി | 9 | 2019-20 (I & II) |
| 22 | ചന്ദ്രശേഖരൻ. | 9 | 2018-19 മുതൽ 2019-20 വരെ |
| 23 | ഷംന | 9 | 2019-20 (I & II) |
| 24 | അരുൺ | 9 | 2019-20 (I & II) |
| 25 | നവാസ് | 9 | 2019-20 (I & II) |
| 26 | വി. റിനിൽ, വെൽഡർ | 10 | 2018-19 മുതൽ 2019-20 വരെ |
| 27 | എസ്. കെ. ശിവജി, | 10 | 2018-19 മുതൽ 2019-20 വരെ |
| 28 | സലീം. വി.ടി | 10 | 2018-19 മുതൽ 2019-20 വരെ |
| 29 | ഇ. കെ. രാഘവൻ | 10 | 2019-20 II |
| 30 | പ്രിൻസി | 10 | 2017-18 മുതൽ 2019-20 വരെ |
| 31 | പി. ബാലൻ, ഓട്ടോ സ്പെയർ വർക്സ് | 11 | 2019-20 (I & II) |
| 32 | എം. ജമീൽ കുമാർ, മോഡേൺ ഇലക്ട്രിക്കൽസ് | 11 | 2019-20 (I & II) |
| 33 | എ. ഭാസ്കരൻ, ടയർ വർക്സ് | 11 | 2019-20 (I & II) |
| 34 | ഷുക്കൂർ | 12 | 2019-20 (I & II) |
| 35 | എം. ശിവദാസ്, | 12 | 2019-20 (I & II) |
| 36 | ടി.പി.ശശിധരൻ, സായ് എൻജിനീയറിംഗ് | 12 | 2019-20 II |
| 37 | രതി ദാമോദരൻ | 12 | 2019-20 (I & II) |
| 38 | ദിവാകരൻ, മോട്ടോർ ഡ്രൈവിംഗ് സ്കൂൾ | 12 | 2018-19 മുതൽ 2019-20 വരെ |
| 39 | മുഹമ്മദ് റോഷൻ, ഷോപ്പ് | 12 | 2018-19 മുതൽ 2019-20 വരെ |
| 40 | ഹേമന്ത് | 12 | 2019-20 (I & II) |
| 41 | പ്രൊപ്രൈറ്റർ, ഫോക്കസ് കമ്പ്യൂട്ടർ സെന്റർ | 12 | 2019-20 (I & II) |
| 42 | അലി. എൻ. പി, ഫാൻസി | 12 | 2019-20 (I & II) |
| 43 | അജിത്ത്. കെ.പി, | 12 | 2019-20 (I & II) |
| 44 | രസിത ഹനീഫ് | 12 | 2019-20 (I & II) |
| 45 | പി. പി. ശ്രീനിവാസൻ, നാളികേരം | 14 | 2019-20 (I & II) |

| | | | |
|---|---|---|---|
| 46 | രാജൻ, ത്രീ വിലർ വർക്സ് ഷോപ്പ് | 14 | 2019-20 (I & II) |
| 47 | എ.എം. രവീന്ദ്രൻ, സ്പ്രെ പെയിന്റിംഗ് | 14 | 2019-20 (I & II) |
| 48 | ഉല്ലാസ് രാജൻ | 15 | 2019-20 (I & II) |
| 49 | രാമദാസ് | 15 | 2019-20 (I & II) |
| 50 | സുനിൽ കുമാർ, സ്റ്റേഷനറി, ഫ്രൂട്ട്സ് | 16 | 2019-20 (I & II) |
| 51 | ബിഷ.എൻ, കള്ള് ഷോപ്പ് | 16 | 2019-20 (I & II) |
| 52 | രാജേഷ്. പി.കെ, ഷോപ്പ് | 17 | 2019-20 (I & II) |
| 53 | അൻകുൽ നാഥ്, നെറ്റ് കഫേ | 17 | 2019-20 (I & II) |
| 54 | ശിവാജി, പൂജ സ്റ്റോർ | 17 | 2019-20 (I & II) |
| 55 | ബാബു. എ. സി, ടീ ഷോപ്പ് | 17 | 2018-19 മുതൽ 2019-20 വരെ |
| 56 | ഷൈലേഷ്, അക്ഷയ | 17 | 2018-19 മുതൽ 2019-20 വരെ |
| 57 | ഹരീന്ദ്രൻ. പി, ഫർണിച്ചർ | 18 | 2018-19 മുതൽ 2019-20 വരെ |
| 58 | രാജൻ. എം.സി, സ്റ്റേഷനറി | 19 | 2017-18 മുതൽ 2019-20 വരെ |
| 59 | എ. ദാസൻ, സ്റ്റേഷനറി | 19 | 2017-18 മുതൽ 2019-20 വരെ |
| 60 | എം. കെ. പവിത്രൻ , സ്റ്റേഷനറി | 19 | 2019-20 (I & II) |
| 61 | ജിജു . വി.പി, ബേക്കറി | 19 | 2019-20 (I & II) |
| 62 | അമില, ടെയ് ലർ | 19 | 2018-19 മുതൽ 2019-20 വരെ |
| 63 | സനീഷ് ബാബു. കെ.പി, ഫർണിച്ചർ | 19 | 2019-20 (I & II) |
| 64 | പ്രവീഷ്. കെ.വി, ഇന്റീരിയർ | 20 | 2019-20 (I & II) |
| 65 | എൻ. ബാലൻ, റേഷൻ ഷോപ്പ് | 20 | 2019-20 (I & II) |
| 66 | ശ്യാമള, സ്റ്റേഷനറി | 23 | 2017-18 മുതൽ 2019-20 വരെ |
| 67 | അബൂട്ടി. കെ.പി, ഹെയർ കട്ടിംഗ് | 23 | 2019-20 (I & II) |
| 68 | മുനീർ, ന്യൂ സ്റ്റൈൽ | 23 | 2019-20 (I & II) |
| 69 | നവാസ്. ടി.പി, സ്റ്റേഷനറി | 23 | 2018-19 മുതൽ 2019-20 വരെ |
| 70 | സജി രാഘവൻ | 24 | 2018-19 മുതൽ 2019-20 വരെ |
| 71 | അജിത്ത് കുമാർ.കെ | 24 | 2019-20 (I & II) |
| 72 | ബാബു . പി | 24 | 2017-18 മുതൽ 2019-20 വരെ |
| 73 | മഹേഷ്. പി | 24 | 2017-18 മുതൽ 2019-20 വരെ |
| 74 | വാഴയിൽ കേളോത്ത് ശ്രീമതി | 24 | 2018-19 മുതൽ 2019-20 വരെ |
| 75 | കെ. റഹീം, ബേക്കറി | 24 | 2018-19 മുതൽ 2019-20 വരെ |
| 76 | വിജേഷ്. കെ.പി, ഷൈജേഷ്. കെ.പി, | 24 | 2019-20 (I & II) |

| | | | |
|---|---|---|---|
| | ഗ്രൈന്റിംഗ് | | |
| 77 | ടി. വി. രവീന്ദ്രൻ | 25 | 2018-19 മുതൽ 2019-20 വരെ |
| 78 | പി. വി. ശിവരാമൻ | 25 | 2015-16 മുതൽ 2019-20 വരെ |
| 79 | നങ്ങാറത്ത് രാമചന്ദ്രൻ | 25 | 2016-17 മുതൽ 2019-20 വരെ |
| 80 | എം. കെ. അബ്ദുൾ റഹിമാൻ | 25 | 2019-20 (I & II) |
| 81 | കെ. രവീന്ദ്രൻ | 25 | 2017-18 മുതൽ 2019-20 വരെ |
| 82 | കണ്ണൻ. കെ | 25 | 2019-20 (I & II) |
| 83 | രാഗേഷ്. കെ.പി, | 25 | 2018-19 മുതൽ 2019-20 വരെ |
| 84 | സത്യനാഥൻ. പി, | 25 | 2017-18 മുതൽ 2019-20 വരെ |
| 85 | പ്രദീപ് കുമാർ | 25 | 2017-18 മുതൽ 2019-20 വരെ |
| 86 | ജയപ്രകാശ് | 25 | 2016-17 മുതൽ 2019-20 വരെ |
| 87 | ഷിനോജ്. എ | 25 | 2019-20 (I & II) |
| 88 | ബിനോഷ് | 26 | 2019-20 (I & II) |
| 89 | ഇ. പി.സുജേഷ്, | 26 | 2018-19 മുതൽ 2019-20 വരെ |
| 90 | സുരേഷ് ബാബു. പി | 26 | 2019-20 II |
| 91 | ഷിനിൽ. പി.കെ | 27 | 2016-17 മുതൽ 2019-20 വരെ |
| 92 | വി. കൃഷ്ണൻ | 27 | 2019-20 (I & II) |
| 93 | പ്രദീപ് .കെ.ടി | 27 | 2019-20 (I & II) |
| 94 | ചോയി | 28 | 2019-20 II |
| 95 | ഭാസ്കരൻ | 28 | 2019-20 (I & II) |
| 96 | പി. മുഹമ്മദ് ജിസ് | 29 | 2019-20 (I & II) |
| 97 | കെ. രവീന്ദ്രൻ | 29 | 2017-18 മുതൽ 2019-20 വരെ |
| 98 | പൂവക്കൽ ഷൺമുഖം, | 30 | 2019-20 (I & II) |
| 99 | ശശി | 30 | 2019-20 (I & II) |
| 100 | സി.സി.അബ്ദുൾ റഹിമാൻ | 30 | 2018-19 മുതൽ 2019-20 വരെ |
| 101 | കുഞ്ഞിരാമൻ. എം | 31 | 2017-18 മുതൽ 2019-20 വരെ |
| 102 | പ്രബീഷ്. സി | 31 | 2018-19 മുതൽ 2019-20 വരെ |
| 103 | സത്യൻ. കെ | 31 | 2017-18 മുതൽ 2019-20 വരെ |
| 104 | അനീഷ്. കെ. എം | 31 | 2019-20 (I & II) |

| | | | |
|---|---|---|---|
| 105 | ദീപേഷ്. ടി | 32 | 2017-18 മുതൽ 2019-20 വരെ |
| 106 | കടുമ്പേരി ശ്രീധരൻ | 32 | 2018-19 മുതൽ 2019-20 വരെ |
| 107 | എം. ശശീന്ദ്രൻ | 32 | 2014-15 മുതൽ 2019-20 വരെ |
| 108 | ഉഷ | 33 | 2017-18 മുതൽ 2019-20 വരെ |
| 109 | ടി. കെ അജിത്ത് കുമാർ | 33 | 2016-17 മുതൽ 2019-20 വരെ |
| 110 | അനിൽ കുമാർ. പി | 33 | 2018-19 മുതൽ 2019-20 വരെ |
| 111 | ലിജേഷ് | 35 | 2019-20 (I & II) |
| 112 | മോണി. എ | 35 | 2018-19 മുതൽ 2019-20 വരെ |
| 113 | സത്യജിത്ത് | 35 | 2019-20 (I & II) |
| 114 | സോമൻ | 37 | 2015-16 മുതൽ 2019-20 വരെ |
| 115 | അജ്മൽ. ടി.എൻ | 38 | 2019-20 (I & II) |
| 116 | പരേമ്മൽ ശരത്ത് | 38 | 2019-20 (I & II) |
| 117 | വസുമതി. | 38 | 2017-18 മുതൽ 2019-20 വരെ |
| 118 | ജ്യോത്സന | 38 | 2019-20 (I & II) |
| 119 | അഹമ്മദ് റിയാസ് | 38 | 2019-20 (I & II) |
| 120 | പ്രേംകുമാർ | 39 | 2018-19 മുതൽ 2019-20 വരെ |
| 121 | ശ്യാമള റാം | 39 | 2019-20 (I & II) |
| 122 | സുരേഷ് ബാബു | 39 | 2019-20 (I & II) |
| 123 | സഫാൽ | 39 | 2019-20 (I & II) |
| 124 | കെ.സി.ഷഫീഖ് | 40 | 2019-20 (I & II) |
| 125 | പത്മനാഭൻ | 40 | 2019-20 (I & II) |
| 126 | ഷമീർ | 40 | 2017-18 മുതൽ 2019-20 വരെ |
| 127 | ഇർഷാദ് | 40 | 2017-18 മുതൽ 2019-20 വരെ |
| 128 | ജോസഫ് തോമസ് | 42 | 2019-20 (I & II) |
| 129 | മുകുന്ദൻ | 43 | 2018-19 മുതൽ 2019-20 വരെ |
| 130 | ഹെലൻ തെരാരി | 43 | 2018-19 മുതൽ 2019-20 വരെ |
| 131 | രസിത ബെൻസൺ | 43 | 2019-20 (I & II) |
| 132 | റാസിക് | 43 | 2019-20 (I & II) |
| 133 | വസന്ത | 43 | 2019-20 (I & II) |
| 134 | ആസ്യ | 43 | 2018-19 മുതൽ 2019-20 |

| | | | |
|---|---|---|---|
| | | | വരെ |
| 135 | ഫയ്റോസ് | 43 | 2018-19 മുതൽ 2019-20 വരെ |
| 136 | സുരേഷ് | 43 | 2018-19 മുതൽ 2019-20 വരെ |
| 137 | അസ്ലം | 44 | 2019-20 (I & II) |
| 138 | ശിവാനന്ദൻ എം | 44 | 2019-20 (I & II) |
| 139 | മഹമൂദ്.വി | 44 | 2018-19 മുതൽ 2019-20 വരെ |
| 140 | സഫർ അഹമ്മദ്, ഷോപ്പ് | 45 | 2017-18 മുതൽ 2019-20 വരെ |
| 141 | നസീർ അഹമ്മദ്, സൗഭാഗ്യ | 45 | 2019-20 (I & II) |
| 142 | രമേഷ് കുമാർ, ഷോപ്പ് | 45 | 2019-20 (I & II) |
| 143 | എ.കെ. ഷാഖി, ഫോട്ടോ | 45 | 2017-18 മുതൽ 2019-20 വരെ |
| 144 | ഹുസൈൻ, ഫോട്ടോ | 45 | 2019-20 (I & II) |
| 145 | ബിനോയ്, അക്കൗണ്ടന്റ് | 45 | 2016-17 മുതൽ 2019-20 വരെ |
| 146 | ഷജിത്ത്, നെറ്റ് | 45 | 2019-20 (I & II) |
| 147 | മുഹമ്മദ് ഷാജി, ഷോപ്പ് | 45 | 2017-18 മുതൽ 2019-20 വരെ |
| 148 | അനസ്. വി.പി, ഷോപ്പ് | 45 | 2017-18 മുതൽ 2019-20 വരെ |
| 149 | മോഹനൻ. ടി.കെ,ഷോപ്പ് | 45 | 2018-19 മുതൽ 2019-20 വരെ |
| 150 | ഫിറോസ്, ഷോപ്പ് | 45 | 2019-20 (I & II) |
| 151 | പിഎൻആർ ചുരിദാർ | 45 | 2017-18 മുതൽ 2019-20 വരെ |
| 152 | മഹറൂഫ്, ഫാൻസി | 45 | 2016-17 മുതൽ 2019-20 വരെ |
| 153 | മുഹമ്മദ് യാക്കൂബ് | 45 | 2016-17 മുതൽ 2019-20 വരെ |
| 154 | മുക്താർ | 45 | 2016-17 മുതൽ 2019-20 വരെ |
| 155 | വീണ, ഷോപ്പ് | 45 | 2019-20 (I & II) |
| 156 | ലക്ഷ്മി ജ്വല്ലറി | 45 | 2016-17 മുതൽ 2019-20 വരെ |
| 157 | സന്ദീപ് ജ്വല്ലറി | 45 | 2017-18 മുതൽ 2019-20 വരെ |
| 158 | ജയദേവൻ ഗോൾഡ് | 45 | 2018-19 മുതൽ 2019-20 വരെ |
| 159 | കെ. പി. ഷബിൻരാജ്, ഇലക്ട്രിക്കൽസ് | 45 | 2018-19 മുതൽ 2019-20 വരെ |
| 160 | സി. കെ ജലാലുദീൻ, ഉമ്മർ സൺസ് | 45 | 2017-18 മുതൽ 2019-20 വരെ |

| | | | |
|---|---|---|---|
| 161 | ഹസീബ്, ഷോപ്പ് | 45 | 2019-20 (I & II) |
| 162 | വിനോദ് കൃഷ്ണൻ, ഷോപ്പ് | 45 | 2018-19 മുതൽ 2019-20 വരെ |
| 163 | സരോജിനി, ബേക്കറി | 45 | 2019-20 (I & II) |
| 164 | കെ.കെ.രഞ്ജിനി | 45 | 2018-19 മുതൽ 2019-20 വരെ |
| 165 | യു. കുമാരൻ, ടെയ് ലർ | 45 | 2019-20 (I & II) |
| 166 | രാധ | 45 | 2019-20 (I & II) |
| 167 | എം. പ്രദീപൻ, പ്രതിഭ | 45 | 2017-18 മുതൽ 2019-20 വരെ |
| 168 | പ്രിയ. എ.പി, ടെയ് ലർ | 45 | 2018-19 മുതൽ 2019-20 വരെ |
| 169 | കെ.ജെ. ജോർജ്, ഷോപ്പ് | 45 | 2019-20 (I & II) |
| 170 | ചിത്രവാണി | 45 | 2017-18 മുതൽ 2019-20 വരെ |
| 171 | കാർവി, ഡാറ്റ | 45 | 2019-20 (I & II) |
| 172 | അബ്ദുൾ ജലീൽ | 45 | 2019-20 (I & II) |
| 173 | കെ.പി.തങ്കച്ചൻ, ഇലക്ട്രിക് ഷോപ്പ് | 45 | 2019-20 (I & II) |
| 174 | സാറു | 45 | 2019-20 (I & II) |
| 175 | ടി. പ്രകാശ് | 45 | 2019-20 (I & II) |
| 176 | ഷജീർ | 45 | 2015-16 മുതൽ 2019-20 വരെ |
| 177 | നിഷാന്ത്, ഫോട്ടോ | 45 | 2016-17 മുതൽ 2019-20 വരെ |
| 178 | എംജിആർ, ജിടെക് | 45 | 2019-20 (I & II) |
| 179 | പ്രിൻസിപ്പൽ, വുമൻസ് കോളേജ് | 45 | 2015-16 മുതൽ 2019-20 വരെ |
| 180 | കെ.പി.വസന്ത, ഗീത സർജിക്കൽസ് | 45 | 2018-19 മുതൽ 2019-20 വരെ |
| 181 | എ.ദിനകർ, അലോപ്പതി | 45 | 2018-19 മുതൽ 2019-20 വരെ |
| 182 | നിത, ഷോപ്പ് | 45 | 2019-20 (I & II) |
| 183 | സ്വപ്ന, ഷോപ്പ് | 45 | 2019-20 (I & II) |
| 184 | എൻ.പി. സജീവ് | 45 | 2017-18 മുതൽ 2019-20 വരെ |
| 185 | സക്കീർ, കൊറിയർ | 45 | 2013-14 മുതൽ 2019-20 വരെ |
| 186 | കെ. മുഹമ്മദ് | 45 | 2019-20 (I & II) |
| 187 | അനീഷ് | 45 | 2019-20 (I & II) |
| 188 | അഡ്മിനിസ്ട്രേറ്റർ, ഫൈൻ ടൂർസ് | 45 | 2017-18 മുതൽ 2019-20 വരെ |
| 189 | ആയിഷ ട്രാവൽസ് | 45 | 2018-19 മുതൽ 2019-20 വരെ |
| 190 | ബീന രവീന്ദ്രൻ | 45 | 2019-20 (I & II) |

| | | | |
|---|---|---|---|
| 191 | ജസീം ഫ്രൂട്ട്സ് | 45 | 2018-19 മുതൽ 2019-20 വരെ |
| 192 | മാനേജർ, ശങ്കരാചാര്യ | 45 | 2019-20 (I & II) |
| 193 | മാനേജർ, ആംഗ്ലോ അക്കാദമി | 45 | 2014-15 മുതൽ 2019-20 വരെ |
| 194 | മെട്രോ ഡ്രൈവിംഗ് സ്കൂൾ | 45 | 2017-18 മുതൽ 2019-20 വരെ |
| 195 | മുസ്തഫ | 45 | 2019-20 (I & II) |
| 196 | സുധ ഡ്രൈവിംഗ് സ്കൂൾ | 45 | 2018-19 മുതൽ 2019-20 വരെ |
| 197 | ആതിര ഡ്രൈവിംഗ് സ്കൂൾ | 45 | 2018-19 മുതൽ 2019-20 വരെ |
| 198 | ശ്രീജിത്ത്, ഷോപ്പ് | 45 | 2019-20 (I & II) |
| 199 | കെ. പി. രാമചന്ദ്രൻ, ചാർട്ടേർഡ് അക്കൗണ്ടന്റ് | 45 | 2019-20 (I & II) |
| 200 | മാനേജർ, ലിബർട്ടി പാരഡൈസ് | 45 | 2016-17 മുതൽ 2019-20 വരെ |
| 201 | ഷംസുദ്ദീൻ എം.കെ, ടെക്സ്റ്റൈൽസ് | 45 | 2019-20 (I & II) |
| 202 | മാനേജർ, ഒലിവ് ഗാർഡൻ | 45 | 2019-20 (I & II) |
| 203 | വേണുഗോപാൽ | 47 | 2019-20 (I & II) |
| 204 | കെ.എം.ബീവി, ഷോപ്പ് | 47 | 2019-20 (I & II) |
| 205 | രഞ്ജിത്ത്. കെ.പി, ടൈൽ | 47 | 2019-20 (I & II) |
| 206 | സറീന.കെ.പി, ഫർണിച്ചർ | 47 | 2019-20 (II) |
| 207 | ഇ.വി.തങ്കച്ചൻ | 47 | 2019-20 (I & II) |
| 207 | ജഫീസ് മുഹമ്മദ് | 47 | 2019-20 (I & II) |
| 208 | അബ്ദുല്ല. കെ.പി | 47 | 2019-20 (I & II) |
| 209 | മജീദ്. കെ.എ, ഫാൻസി | 47 | 2019-20 (I & II) |
| 210 | രാജൻ. കെ.കെ, ജ്വല്ലറി | 47 | 2019-20 (I & II) |
| 211 | ലത്തീഫ്.സി, വെജിറ്റബിൾസ് | 47 | 2019-20 (I & II) |
| 212 | ജയശങ്കർ, സ്റ്റേഷനറി | 47 | 2019-20 (I & II) |
| 213 | റിയാസ്.വി.പി, സാരീസ് | 47 | 2019-20 (I & II) |
| 214 | യൂസഫ്.പി.കെ, ഡ്രസ്സ് | 47 | 2019-20 (I & II) |
| 215 | കെ.പി.നാസർ, ഡ്രസ് | 47 | 2018-19 മുതൽ 2019-20 വരെ |
| 216 | എം.എ.കുഞ്ഞിമൂസ, ഫിഷ് | 47 | 2019-20 (I & II) |
| 217 | മഷൂദ്, ഷോപ്പ് | 47 | 2018-19 മുതൽ 2019-20 വരെ |
| 218 | സഹീർ.കെ.വി, ഫിഷ് | 47 | 2019-20 (I & II) |
| 219 | എം. ശശിധരൻ, ജ്വവൽസ് | 47 | 2019-20 (I & II) |
| 220 | എ. അബൂട്ടി, മോട്ടോർസ് | 47 | 2019-20 (I & II) |
| 221 | അബ്ദുൾ ഗഫൂർ, ഷോപ്പ് | 47 | 2019-20 (I & II) |
| 222 | റംഷീദ്, ഷോപ്പ് | 47 | 2019-20 (I & II) |
| 223 | ടി. റഹീം, മിൽമ | 47 | 2019-20 (I & II) |
| 224 | അബ്ദുൾ റഹിമാൻ, ഷോപ്പ് | 47 | 2019-20 (I & II) |

| | | | |
|---|---|---|---|
| 225 | മുഹമ്മദ് ജൗസി, മിൽമ | 47 | 2019-20 (I & II) |
| 226 | എം.എ. നാസർ, ട്രാവൽസ് | 47 | 2019-20 (I & II) |
| 227 | എം.കെ.സന്തോഷ്, ജ്വവൽസ് | 47 | 2019-20 (I & II) |
| 228 | ചോനോൻ അഹമ്മദ്, സ്റ്റേഷനറി | 47 | 2019-20 (I & II) |
| 229 | ലതീഫ്.പി.പി, ഷോപ്പ് | 47 | 2019-20 (I & II) |
| 230 | മുഹമ്മദ് ഫിറോസ്.കെ.പി, അരി | 47 | 2019-20 (I & II) |
| 231 | ആസിഫ്. എൻ.പി, ഷോപ്പ് | 47 | 2019-20 (I & II) |
| 232 | ഫസലു ആബിദ്, | 47 | 2019-20 (I & II) |
| 233 | സുബൈദ, ഫുട് വേർ | 47 | 2019-20 (I & II) |
| 234 | ദിവാകരൻ. കെ.എം, സ്റ്റേഷനറി | 47 | 2019-20 (I & II) |
| 235 | രഘുനാഥ്. ടി.പി, ബേക്കറി | 47 | 2019-20 (I & II) |
| 236 | മുഹമ്മദ് സാലി, ജ്വവൽസ് | 47 | 2019-20 (I & II) |
| 237 | ഷംസുദ്ദീൻ, ഷോപ്പ് | 47 | 2019-20 (I & II) |
| 238 | ജയരാജൻ. കെ, ഡ്രസ്സ് | 47 | 2019-20 (I & II) |
| 239 | അബൂട്ടി, സ്റ്റേഷനറി | 47 | 2019-20 (I & II) |
| 240 | മുഹമ്മദ് അബ്ദുൾ നൗഷാദ്, ഷോപ്പ് | 47 | 2019-20 (I & II) |
| 241 | സലീം.എ, എം. എ കളക്ഷൻസ് | 47 | 2019-20 (I & II) |
| 242 | പ്രകാശൻ, ഡ്രൈ ക്ലീനർ | 47 | 2019-20 (I & II) |
| 243 | സുലൈമാൻ, സ്റ്റേഷനറി | 47 | 2019-20 (I & II) |
| 244 | ജുസൈർ, ഷോപ്പ് | 47 | 2018-19 മുതൽ 2019-20 വരെ |
| 245 | മുഹമ്മദ് ജസീം, ഷോപ്പ് | 47 | 2018-19 മുതൽ 2019-20 വരെ |
| 246 | മുരളി മനോഹർ റസാൽ | 48 | 2019-20 (I & II) |
| 247 | മോളി. വി, ഷോപ്പ് | 48 | 2018-19 മുതൽ 2019-20 വരെ |
| 248 | ദിൽഷാദ്, മൊബൈൽ | 48 | 2019-20 (I & II) |
| 249 | ഫൈസൽ. വി.പി | 50 | 2018-19 മുതൽ 2019-20 വരെ |
| 250 | ആഷ ദിലീപ് | 50 | 2019-20 (I & II) |
| 251 | ഇ. നാണു, | 52 | 2019-20 (I & II) |
| 252 | യു.കെ. യൂസഫ് | 52 | 2019-20 (I & II) |

കുടിശ്ശിക വരുത്തിയ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

III. സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല .

താഴെ പറയുന്ന സ്ഥാപനങ്ങൾ 2019-20 വർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | വാർഡ് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|
| 1 | അഭിരാം മെഡി ലാബ് | 7 | 2019-20 (I & II) |
| 2 | ധനകോടി | 10 | 2019-20 (II) |
| 3 | ഗണേഷ് ഇൻഡസ്ട്രീസ് | 12 | 2019-20 (II) |
| 4 | ബെസ്റ്റ് നേഴ്സറി സ്കൂൾ | 12 | 2017-18 മുതൽ 2019-20 വരെ |

| | | | |
|---|---|---|---|
| 5 | യമഹ ബൈക്ക് | 12 | 2019-20 (I & II) |
| 6 | കോ-ഓപ്പറേറ്റീവ് കയർ സൊസൈറ്റി | 14 | 2019-20 (II) |
| 7 | ജെംകിഡ്സ് | 16 | 2019-20 (II) |
| 8 | മലബാർ പ്രവാസി വെൽഫയർ കോ-ഓപ്പറോറ്റീവ് സൊസൈറ്റി | 17 | 2014-15 മുതൽ 2019-20 വരെ |
| 9 | ടാഗോർ വിദ്യാപീഠം | 36 | 2018-19 മുതൽ 2019-20 വരെ |
| 10 | ഗുരുകുലം കംപ്യൂട്ടർ എഡ്യുക്കേഷൻ | 45 | 2017-18 മുതൽ 2019-20 വരെ |
| 11 | മെട്രോ ഹൈപ്പർമാർക്കറ്റ് | 45 | 2019-20 (I & II) |
| 12 | കാർവി ഡാറ്റാ മാനേജ്മെന്റ് | 45 | 2019-20 (I & II) |
| 13 | മാനേജർ, ജി-ടെക് കംപ്യൂട്ടർ | 45 | 2019-20 (I & II) |
| 14 | വനിത കോ-ഓപ്പറേറ്റീവ് കോളേജ് | 45 | 2019-20 (I & II) |
| 15 | എയറോസിസ് ഏവിയേഷൻ | 45 | 2019-20 (I & II) |
| 16 | ഐഡിയ | 45 | 2019-20 (I & II) |
| 17 | സാറ്റ്നിയ അസോസിയേറ്റ്സ്-ജി.എസ്.ടി ടാക്സ് | 45 | 2019-20 (I & II) |
| 18 | ശിവശക്തി-ജി.എസ്.ടി ടാക്സ് | 45 | 2019-20 (I & II) |
| 19 | പവിത്രൻ -ജി.എസ്.ടി ടാക്സ് | 45 | 2019-20 (I & II) |
| 20 | സിഗോ മൊബൈൽ | 45 | 2019-20 (I & II) |
| 21 | ഐസോഫ്റ്റ് കംപ്യൂട്ടർ എഡ്യുക്കേഷൻ | 45 | 2019-20 (I & II) |
| 22 | എൽ.ബി.എസ് | 45 | 2019-20 (I & II) |
| 23 | ഇൻഡോ അറബ് ട്രാവൽസ് | 45 | 2019-20 (I & II) |
| 24 | എക്സ്പാൻഡ് സയൻസ് സെന്റർ | 45 | 2019-20 (I & II) |
| 25 | സിയോസിസ് | 45 | 2018-19 മുതൽ 2019-20 വരെ |
| 26 | കെൽട്രോൺ ഫ്രാഞ്ചൈസ് ആനിമേഷൻ | 45 | 2019-20 (I & II) |
| 27 | മെസിറ്റോബ്സ് | 45 | 2019-20 (I & II) |
| 28 | ലിബർട്ടി പാരഡൈസ് | 45 | 2019-20 (I & II) |
| 29 | ഇൻഡോ ഫോറിൻ ലിങ്ക് പ്രൈവറ്റ് ലി.മി | 45 | 2019-20 (I & II) |
| 30 | ശാന്തിഗിരി ആയുർവേദ ഹോസ്പിറ്റൽ | 45 | 2019-20 (II) |
| 31 | എച്ച്.എം, സി.എസ്.ഐ ഇംഗ്ലീഷ് സ്കൂൾ | 47 | 2019-20 (II) |
| 31 | ഐഡിയ | 47 | 2019-20 (I & II) |
| 32 | നിത്യാനന്ദൻ പീപ്പിൾ റേഡിയോ | 47 | 2019-20 (I & II) |
| 33 | ആർ.കെ.വെഡ്ഡിംഗ് കളക്ഷൻ | 47 | 2019-20 (I & II) |
| 34 | ജ്യോതി മെഡിക്കൽസ് | 47 | 2019-20 (I & II) |
| 35 | മൊണാർക് ജെൻസ് | 48 | 2018-19 മുതൽ 2019-20 വരെ |

| | | | |
|---|---|---|---|
| 36 | സിമ സെറാമിക്സ് | 48 | 2017-18 മുതൽ 2019-20 വരെ |
| 37 | വി.കെ ഫാമിലി സൂപ്പർമാർക്കറ്റ് | 50 | 2019-20 (I & II) |

കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

IV. ചട്ടപ്രകാരം തൊഴിൽ നികുതി ഈടാക്കുന്നില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994 ലെ 20) ചട്ടം 3 പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും കമ്പനികളും ബിസിനസ്സ് നടത്തുന്നവരും തങ്ങളുടെ അർദ്ധ വാർഷിക വരുമാനം തൊഴിൽ അല്ലെങ്കിൽ ബിസിനസ്സിനെ സംബന്ധിച്ച വിവരങ്ങളടങ്ങിയ റിട്ടേണുകൾ എന്നിവ VI-ാം നമ്പർ ഫോറത്തിൽ സത്യപ്രസ്താവന സഹിതം ഓരോ അർദ്ധ വർഷത്തിലും അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിൽ ചട്ടം 3 ഉപചട്ടം 2 ൽ സൂചിപ്പിച്ചിരിക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ഓരോ വിഭാഗത്തിനും ചുമത്താവുന്ന അർദ്ധവാർഷിക നികുതി എത്രയായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ ഈ വിഭാഗത്തിലെ ജീവനക്കാരിൽ നിന്നും ചട്ടത്തിൽ അനുശാസിക്കുന്ന പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുന്നില്ല. ഈ വിഭാഗത്തിലെ മുഴുവൻ വ്യക്തികളും തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടതിന്റെ നിജസ്ഥിതി പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ഉദാ: തലശ്ശേരി ജില്ലാ കോടതിയിലെ മുഴുവൻ അഭിഭാഷകരും തൊഴിൽ നികുതിയുടെ പരിധിയിൽ വന്നിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

1-23 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങൾ-വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ തുകകളിലെ പൊരുത്തക്കേടുകളും മറ്റ് അപാകതകളും

നഗരസഭയുടെ 2018-19, 2019-20 വാർഷിക ധനകാര്യ പത്രികകൾ പ്രകാരം അക്രൂവൽ അടിസ്ഥാനത്തിലുള്ള പ്രധാന നികുതി/നികുതിയേതര വരവിനങ്ങളുടെ വിവരങ്ങൾ പട്ടികപ്പെടുത്തി ചുവടെ ചേർക്കുന്നു.

പട്ടിക-1

വാർഷിക കണക്കുകൾ പ്രകാരമുള്ള വിവരങ്ങൾ

| ക്രമ നം. (1) | വരവിനം (2) | ഡിമാന്റ് (3) | കലക്ഷൻ | | | ബാലൻസ് (B-15 ഷെഡ്യൂൾ) (7) |
|---|---|---|---|---|---|---|
| | | | അഡ്വാൻസ് കലക്ഷൻ (4) | തൻവർഷത്തെ കലക്ഷൻ (5) | ആകെ കലക്ഷൻ (6) | |
| 1 | വസ്തുനികുതി | 49417210 (I-1 ഷെഡ്യൂൾ) | 5 (B-9 ഷെഡ്യൂൾ; 2018-19 AFS) | 17654704 (RP-37 ഷെഡ്യൂൾ) | 17654709 | 10515919 |
| 2 | തൊഴിൽനികുതി | 2036084 (I-1 ഷെഡ്യൂൾ) | * | 3797440 (RP-37 ഷെഡ്യൂൾ) | 3797440 | 1018042 |
| 3 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നൽകുന്ന ലൈസൻസ് | 1,08,46,148 [I-4(b) 2019-20 AFS] | 51,76,363 (B-9, 2018-19 AFS) | 8,81,055 (RP-37, 2019-20) | 6057418 | 5186456 |

* B-9 ഷെഡ്യൂളിലുള്ള 1,850/- രൂപ സ്ഥാപനങ്ങൾ/പ്രൊഫഷണലുകൾ/കച്ചവടക്കാർ ഇനത്തിലുള്ളതാണോ എന്ന് വ്യക്തമല്ല.

2. നഗരസഭ ലഭ്യമാക്കിയ ഡി.സി.ബി പത്രിക പ്രകാരം 2019-20 വർഷത്തെ ഡിമാന്റ് കലക്ഷൻ ബാലൻസ് തുകകൾ താഴെ പറയും പ്രകാരമാണ് (ഫയൽ നം. എ1/18685-09)

പട്ടിക-2

| വരവിനം | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|
| വസ്തുനികുതി | 5,11,12,326 | 3,49,80,387 | 1,61,31,939 |
| തൊഴിൽനികുതി | 2,15,89,700 | 2,00,99,626 | 14,90,074 |
| ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നൽകുന്ന ലൈസൻസ് | 48,67,149 | 48,34,268 | 32,881 |

(എ) വസ്തു നികുതി

പട്ടിക-1 ൽ വസ്തുനികുതിയിനത്തിലെ തൻവർഷ ഡിമാന്റിന്റെ 36% മാത്രമാണ് തൻവർഷത്തെ പിരിവ് തുക. പട്ടിക-2 ൽ വസ്തു നികുതി ഡിമാന്റിന്റെ 68% ആണ് കളക്ഷൻ തുക. വസ്തുനികുതിയിനത്തിലെ ഡിമാന്റ് തുകയായ 4,94,17,210/- രൂപയിൽനിന്ന് കലക്ഷൻ തുകയായ 1,76,54,709/- രൂപ കുറയ്ക്കുമ്പോൾ ബാലൻസ് തുകയായ3,17,62,501/- രൂപയ്ക്ക് പകരം 1,05,15,919/- എന്ന കുറഞ്ഞ തുകയാണ് ബാലൻഷീറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(ബി) തൊഴിൽനികുതി

പട്ടിക-1 ൽ തൊഴിൽനികുതി (സ്ഥാപനങ്ങൾ/പ്രൊഫഷണലുകൾ/കച്ചവടക്കാർ) ഇനത്തിലെ വരവുതുകയായ 37,97,440/- രൂപയേക്കാൾ 17 ലക്ഷത്തിൽപ്പരം കുറവാണ് ഡിമാന്റ് (20,36,084 രൂപ) എന്ന വൈരുദ്ധ്യമുണ്ട്. എന്നിട്ടും വർഷാവസാന ബാക്കിയായി 10,18,042/- രൂപയുമുണ്ട്. തൊഴിൽനികുതി ഡിമാന്റ് തുക കലക്ഷൻ തുകയേക്കാൾ കുറവ് രേഖപ്പെടുത്തിയതിൽനിന്നും വ്യക്തമാകുന്നത് തൊഴിൽനികുതിയിനത്തിൽ 2019-20 സാമ്പത്തിക വർഷം എത്ര തുകയാണ് പിരിച്ചെടുക്കേണ്ടത് എന്നത് സംബന്ധിച്ച് നഗരസഭയ്ക്ക് ധാരണയില്ല എന്നതാണ്. ഇത് സംബന്ധിച്ച് 64/2019-20; തീയതി: 10.09.2021 നമ്പരിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ(01.10.2021 ലെ ആർ.5 25983/21) തൊഴിൽനികുതി ഇനത്തിലെ ആകെ ഡിമാന്റും കളക്ഷനും സംബന്ധിച്ച വിവരങ്ങളാണ് നൽകിയത്. കച്ചവടക്കാരുടെ തൊഴിൽനികുതി ഡിമാന്റ് കണക്കാക്കുന്നതിൽ അപാകതയുണ്ടെന്നും ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങൾ/പ്രൊഫഷണലുകൾ/ കച്ചവടക്കാർ ഇനത്തിൽ അക്രൂവൽ അടിസ്ഥാനത്തിലുള്ള തൊഴിൽനികുതി സംബന്ധിച്ച ഡിമാന്റ് കൃത്യമായി കണക്കാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(സി) IFTEOS

IFTEOS ലൈസൻസിനത്തിൽ ഡിമാന്റിന്റെ 56% മാത്രമാണ് പിരിവ്. ഡിമാന്റ് തുകയായ 1,08,46,148/- രൂപയിൽനിന്ന് കലക്ഷൻ തുകയായ 60,57,418/- രൂപ കുറവ് ചെയ്യുമ്പോൾ ലഭിക്കുന്നത് 47,88,730/- രൂപയാണ്. വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് തുകയായ 51,86,456/- രൂപയുമായി ഇത് പൊരുത്തപ്പെടുന്നില്ല. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നൽകുന്ന ലൈസൻസിലെ ചട്ടം 13(3) പ്രകാരം നൽകപ്പെടുന്ന ഏതൊരു ലൈസൻസിന്റേയും കാലാവധി 15-ാം ചട്ട പ്രകാരം പുതുക്കാത്ത പക്ഷം അതത് സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ അവസാനിക്കുന്നതാണ്. വാർഷിക കണക്കിൽ ബാലൻസായി കാണിച്ചിരിക്കുന്ന 51,86,456/- രൂപ കൃത്യമാണെങ്കിൽ 2019-20 വർഷം അനേകം സ്ഥാപനങ്ങൾ നഗരസഭയിൽ ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. ഈ ഇനത്തിലും പട്ടിക-1 ലെയും 2 ലെയും കണക്കുകൾ വ്യത്യസ്തമാണ്.

നഗരസഭയുടെ പരിധിയിലുള്ള കെട്ടിടങ്ങളുടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 5544 കെട്ടിടങ്ങൾ ഉണ്ട്. ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ചതിൽ നിലവിൽ പല സ്ഥാപനങ്ങളും തൻവർഷം ലൈസൻസ് പുതുക്കാതെ നഗരസഭാപരിധിയിൽ പ്രവർത്തിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെയും പുതുക്കാതെയും ചട്ടവിരുദ്ധമായി നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും ലൈസൻസ് ഫീസ് പിഴസഹിതം ഈടാക്കേണ്ടതുമാണ്. പട്ടിക 1 ലെയും പട്ടിക 2 ലെയും വ്യത്യസ്ത കണക്കുകൾ സൂചിപ്പിക്കുന്നതും അവശ്യം സൂക്ഷിച്ചിരിക്കേണ്ട രജിസ്റ്ററുകളിൽ വരവുകളുടെ മാസാന്ത്യ-വർഷമാന്ത്യ കണക്കുകൾ എഴുതി സൂക്ഷിക്കുകയും അതനുസരിച്ച് വാർഷിക കണക്കുകൾ തയ്യാറാക്കുന്നില്ല എന്നതുമാണ്. കൃത്യമായ കണക്കുകളുടെ സൂക്ഷിപ്പ് ഇല്ലാത്ത സാഹചര്യത്തിൽ പിരിച്ചെടുക്കേണ്ട തുകകൾ പിരിച്ചെടുക്കാതെയും ഡിമാന്റ് ചെയ്യാതെയും നഷ്ടപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. വാർഷിക കണക്കുകളിലെ പൊരുത്തക്കേടുകൾ സംബന്ധിച്ചും ഓഡിറ്റിന് ഹാജരാക്കിയ കണക്കുകൾക്ക് ആധാരമാക്കിയ രജിസ്റ്ററുകൾ സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്കുള്ള(നം.63/2019-20 തീ:10.09.2021 ; 64/2019-20 തീ: 10.09.2021 ). മറുപടിയിൽ (നം. എച്ച്2-27528/21; 20.10.2021 ) പട്ടിക(2) പ്രകാരമുള്ള കണക്കുകൾ കൃത്യമാണെന്നും വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ വന്ന സാങ്കേതിക പിഴവ് ആയിരിക്കാം കണക്കുകളിലെ വ്യത്യാസത്തിന് കാരണമായിട്ടുള്ളതെന്നും ആയത് സംബന്ധിച്ച് വ്യക്തത വരുത്താമെന്നും അറിയിച്ചിട്ടുണ്ട്. പട്ടിക(2) ലെ ഡി.സി.ബി കണക്കുകൾ തയ്യാറാക്കുന്നതിന് അവലംബമാക്കിയ രജിസ്റ്ററുകൾ ഇതോടൊപ്പം ലഭ്യമാക്കുന്നുവെന്ന് മേൽ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

1-24 വരവിനങ്ങൾ പിരിച്ചെടുക്കാതെ കുടിശ്ശികയാകുന്ന

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ B-15 പ്രകാരം സാമ്പത്തിക വർഷാവസാനം താഴെ കൊടുത്തിരിക്കുന്ന പ്രധാന വരവ് തുകകൾ പിരിച്ചെടുക്കാനുള്ളതായി കാണുന്നു. വിശദാംശങ്ങൾ കാണുക.

| വരവിനം | തൻവർഷത്തെ കുടിശ്ശിക | മുൻവർഷങ്ങളിലെ കുടിശ്ശിക | ആകെ |
|---|---|---|---|
| വസ്തുനികുതി | 1,05,15,919 | 3,89,31,003.42 | 4,94,46,922.42 |
| തൊഴിൽനികുതി (സ്ഥാപനങ്ങൾ/ പ്രൊഫഷണലുകൾ/കച്ചവടക്കാർ) | 10,18,042.05 | 48,21,683.04 | 58,39,725.09 |
| പരസ്യനികുതി | 1,06,500 | 6,96,444 | 8,02,944 |
| ലൈസൻസ് ഫീസ് | 51,86,456 | - | 51,86,456 |
| സിവിക് അമിനിറ്റീസ് | 99,56,804 | - | 99,56,804 |
| മറ്റ് വരവുകൾ | 2,30,75,565 | 5,58,18,723 | 7,88,94,288 |
| | | ആകെ | 15,01,27,139.51 |

വാർഷിക ധനകാര്യ പത്രികയിൽ മേൽ വരവിനങ്ങളുടെ കുടിശ്ശിക തുകകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് അവലംബമാക്കിയ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലെങ്കിൽ ആയതിന്റെ അഭാവത്തിൽ മേൽ കണക്കുകൾ നിർണ്ണയിച്ചത് ഏതു വിധത്തിലാണെന്നും കുടിശ്ശിക രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കണമെന്നും അറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 67/2019-20; തീയ്യതി: 10.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ സാമ്പത്തിക സ്ഥിതി വളരെ മോശമായ അവസ്ഥയിൽപ്പോലും 15 കോടി രൂപയിലധികം കുടിശ്ശിക പിരിച്ചെടുക്കാതെ നിലനിൽക്കുന്നതിന് ഇടയാക്കിയ സാഹചര്യം എന്തെന്ന് വ്യക്തമാക്കണമെന്നും നിലവിൽ മേൽ തുകകളുടെ പിരിവിന്റെ പുരോഗതി എത്രയെന്ന് വ്യക്തമാക്കണമെന്നും അറിയിക്കാനും മേൽ ഓഡിറ്റ് അന്വഷണത്തിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതും കുടിശ്ശിക തുകകൾ എത്രയെന്ന് നിരീക്ഷിക്കേണ്ടതും കുടിശ്ശികയായ വരവ് തുകകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-25 വാടക വരവ്

വാടക വരവ് സംബന്ധിച്ച് നഗരസഭ ലഭ്യമാക്കിയ രേഖകളും രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ താഴെ കൊടുക്കുന്നു.

കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ സെക്ഷൻ 215, കേരള മുനിസിപ്പാലിറ്റി വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും ചട്ടങ്ങൾ, നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുറികൾ ലൈസൻസ് വ്യവസ്ഥയിൽ ലേലം/ടെണ്ടർ ചെയ്തു നൽകുന്നത് സംബന്ധിച്ചുള്ള നഗരസഭാ കൗൺസിൽ അംഗീകരിച്ച ലേലം പൊതുവ്യവസ്ഥകൾ/നിബന്ധനകൾ എന്നിവ പ്രകാരമാണ് നിലവിൽ നഗരസഭയിൽ കെട്ടിടങ്ങളുടെ വാടക ഈടാക്കി വരുന്നത്. വാടക ഈടാക്കുന്നതിന് നിയമാനുസൃത ബൈലോ നിലവിലില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലെ മുറികളുടെ കുത്തകാവകാശം ഓരോ രണ്ട് വർഷം കൂടുമ്പോഴും 10% വാടക വർദ്ധനവ് വരുത്തി പുതുക്കി നിശ്ചയിക്കുന്നു. കെട്ടിടത്തിന്റെ വാടക ഓരോ മാസവും 10ാം തീയ്യതിക്കകം നഗരസഭയിൽ അടവാക്കേണ്ടതാണെന്നും വീഴ്ച വരുത്തിയാൽ കുടിശ്ശിക തുകയുടെ 1% നിരക്കിൽ മാസംതോറും പിഴപലിശ ഈടാക്കേണ്ടതാണെന്നും ലേലവ്യവസ്ഥകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുറികളുടെ വാടക വിപണിവിലക്കനുസൃതമായി വർദ്ധിപ്പിക്കേണ്ടതും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തേണ്ടതുമാണ്.

നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ കുത്തകാവകാശം ഓരോ രണ്ടു വർഷം കൂടുമ്പോഴും കൗൺസിൽ അംഗീകാരത്തോടെ പുതുക്കി നിശ്ചയിക്കുന്നു. എന്നാൽ യഥാസമയം കൗൺസിൽ തീരുമാനത്തിലൂടെ ലൈസൻസ് ഫീ വർദ്ധിപ്പിച്ച് കുത്തകാവകാശം പുതുക്കി നിശ്ചയിക്കാത്തത് മൂലം കരാർ കാലാവധി കഴിഞ്ഞും തുച്ഛമായ വാടക നൽകി പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാകുന്നു. ആയത് നഗരസഭയ്ക്ക് വാടക നഷ്ടം ഉണ്ടാക്കുന്നു.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുറികൾ കൃത്യമായ മെയിന്റനൻസ് ചെയ്യാതെയും ടോയ്‌ലെറ്റ്, കുടിവെള്ള കണക്ഷൻ, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കി കൊടുക്കാതെയും കൈമാറുന്ന സാഹചര്യവുമുണ്ട്.

നഗരസഭ ഹാജരാക്കിയ വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷത്തെ വാടക കുടിശ്ശിക 99,56,804 രൂപയാണ്. ഈ തുകയിൽ തലശ്ശേരി നഗരസഭക്ക് 31.03.2020 വരെ വാടക ഇനത്തിൽ 3,64,018/- രൂപ പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്നുണ്ട്. 31.03.2020 വരെ കുടിശ്ശികയായും നാളിതുവരെ പിരിച്ചെടുക്കാത്തതുമായ വാടക കുടിശ്ശികയായ 3,64,018/- രൂപയുടെ

വിശദാംശങ്ങൾ താഴെ കൊടുത്തിട്ടുണ്ട്. വാടക കുടിശ്ശിക ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള 8 മുറികൾ വാടകയ്ക്ക് നൽകാതെ നിലവിൽ ഒഴിഞ്ഞു കിടക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിട്ടുണ്ട്.

വാടകപിരിവ് ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ഓൺലൈൻ പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. വാടക കുടിശ്ശിക വരുത്തുന്ന കൈവശക്കാർക്കെതിരെ നിയമപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ദുർബ്ബല വിഭാഗങ്ങൾക്ക് ഓരോ ബ്ലോക്കിലും ഓരോ മുറികൾ സംവരണം ചെയ്തിട്ടുണ്ടെങ്കിലും തദ്ദേശ സ്വയംഭരണ (സി) തീയ്യതി 05.06.1991 ലെ 1987സി./91/ത.സ്വ.ഭ.വ പ്രകാരമുള്ള സംവരണതത്വം പാലിച്ചതായി കാണുന്നില്ല.

31.03.2020 ന് കുടിശ്ശികയായതും 13.09.2021 വരെ പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്നതുമായ വാടകയുടെ വിവരങ്ങൾ കാണുക്കുന്ന പട്ടിക

| ക്രമ നം. | ലൈസൻസിയുടെ പേര് | നമ്പർ | കുടിശ്ശിക കാലയളവ് | 2019-20 ലെ കുടിശ്ശിക | ബിൽഡിംഗ്/ഷോപ്പിംഗ് കോംപ്ലക്സ് |
|---|---|---|---|---|---|
| 1 | രാജേഷ് മഹത്ത് | E-14 | 10/19 മുതൽ 3/20 വരെ | 3630X6=21,780 | ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് |
| 2 | രാജേഷ് മഹത്ത് | EF-2 | 4/19 മുതൽ 3/20 വരെ | 3025X12=36,300 | ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് |
| 3 | ടി.പി.രഘുനാഥ മേനോൻ | BF-13 | 3/20 | 1346X1=1,346 | ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് |
| 4 | ജയശങ്കർ.പി.കെ | DG-7 | 9/19 മുതൽ 3/20 വരെ | 2835X7=19,845 | ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് |
| 5 | സെക്രട്ടറി അംബേദ്കർ മെമ്മോറിയൽ പ്രസ്സ് | DF-1 | 4/17 മുതൽ 3/20 വരെ | 2226X36=80,136 | ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് |
| 6 | കെ.പി.നാസർ | DF-8 | 2/20 മുതൽ 3/20 വരെ | 2532X2=5,064 | ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് |
| 7 | മാനേജർ ചന്ദ്രിക ഡെയ്‌ലി | CF-11 | 6/19 മുതൽ 3/20 വരെ | 1464X10=14,640 | ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് |
| 8 | ഇ.കെ.മോഹനൻ | BF-10 | 3/20 | 2501X1=2,501 | ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് |
| 9 | ഉഷ.വി.കെ | FF-14B | 1/20 മുതൽ 3/20 വരെ | 6178X3=18,534 | പുതിയ ബസ്സ്റ്റാന്റ് പഴയ കെട്ടിടം |
| 10 | കെ.പി. ബാലകൃഷ്ണൻ | FF-14A | 7/19 മുതൽ 3/20 വരെ | 3519X9=31,671 | പുതിയ ബസ്സ്റ്റാന്റ് പഴയ കെട്ടിടം |
| 11 | രജത്.കെ.പി | FF-9 | 7/19 മുതൽ 3/20 വരെ | 10900X9=98,100 | പുതിയ ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് |

| | | | | | |
|---|---|---|---|---|---|
| 12 | മുഹമ്മദ് സാജിദ് | G-11 | 1/20 മുതൽ 3/20 വരെ | 3367X3=10,101 | ടൗൺഹാൾ ഷോപ്പിംഗ് കോംപ്ലക്സ് |
| 13 | ഹരിദാസ് | SF-6 | 4/19 മുതൽ 3/20 വരെ | 2000X12=24,000 | ടൗൺഹാൾ ഷോപ്പിംഗ് കോംപ്ലക്സ് |
| | | | | 3,64,018/- | |

ഒഴിഞ്ഞു കിടക്കുന്ന മുറികളുടെ വിവരം കാണിക്കുന്ന പട്ടിക

| ക്രമ നം | കോംപ്ലക്സിന്റെ പേര് | മുറിയുടെ നം. | മുറികളുടെ എണ്ണം |
|---|---|---|---|
| 1 | പുതിയ ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | FF-3, FF-7, FF-10 | 3 |
| 2 | ടൗൺഹാൾ ഷോപ്പിംഗ് കോംപ്ലക്സ് | SF-7, GF-8 | 2 |
| 3 | സെയ്ത്താർപള്ളി | GF-1, GF-2, GF-3 | 3 |
| | ആകെ | | 8 |

1-26 സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പ്രീമിയം കുറഞ്ഞ നിരക്കിൽ ഈടാക്കുന്നതും വ്യക്തിഗത അപകട ഇൻഷ്വറൻസ് ഈടാക്കാത്തതും

2010 ലെ കേരളാ സ്റ്റേറ്റ് എംപ്ലോയീസ് ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം ചട്ടങ്ങളിലെ ചട്ടം 3 (V) പ്രകാരം നിയമന ചട്ടങ്ങൾ അനുസരിച്ച് നിയമിക്കപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിലെ ജീവനക്കാർക്കും കേരളാ സ്റ്റേറ്റ് ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം ബാധകമായിരിക്കുന്നതാണ്. 04.10.2016 തീയ്യതിയിലെ ജി.ഒ.(പി)149/2016/ധന. നമ്പർ ഉത്തരവ് പ്രകാരം സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി ബാധകമായ എല്ലാ സർക്കാർ ജീവനക്കാർക്കും ചുവടെ ചേർക്കും പ്രകാരം 01.01.2017 മുതൽ ബാധകമായ ശമ്പള പരിധി, പ്രതിമാസ പ്രീമിയം തുക സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ചട്ടം 4(1) ബാധകമാക്കി താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

| അടിസ്ഥാന ശമ്പളം | പ്രതിമാസ പ്രീമിയം |
|---|---|
| 17,999/- രൂപ വരെ | 200 രൂപ |
| 18,000/- മുതൽ 35,699/- രൂപ വരെ | 300 രൂപ |
| 35,700/- മുതൽ 55,349/- രൂപ വരെ | 500 രൂപ |
| 55,350/- രൂപ മുതൽ | 600 രൂപ |

1. കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽനിന്നും പല ജീവനക്കാരിൽനിന്നും മേൽ നിരക്കിൽ ഇൻഷ്വറൻസ് പ്രീമിയം ഈടാക്കിയതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ /ജീവനക്കാരിയുടെ പേര് | ഡിവിഷൻ | അടിസ്ഥാന ശമ്പളം | ഈടാക്കിയ ഇൻഷ്വറൻസ് പ്രീമിയം | ഈടാക്കേണ്ട ഇൻഷ്വറൻസ് പ്രീമിയം | ഈടാക്കിയ മാസങ്ങൾ | 2019-20 വർഷം അടവാക്കിയതിലെ കുറവ് |
|---|---|---|---|---|---|---|---|
| 1 | രാജീവൻ കെ. | A | 40500 | 230 | 500 | 04/19 മുതൽ 7/19 വരെ | 1080 |
| | “” | | 41500 | 230 | 500 | 8/19 മുതൽ 03/20 വരെ | 2160 |
| 2 | കെ സുധീർ | A | 31500 | 230 | 300 | 04/19 മുതൽ 03/20 വരെ | 840 |
| 3 | കെ. ശ്രീജിത്ത് | A | 27150 | 230 | 300 | 04/19 | 700 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | മുതൽ 01/20 വരെ | |
| | “” | | 27800 | 230 | 300 | 02/20, 03/20 | 140 |
| 4 | കൃഷ്ണൻ സി. | A | 25850 | 230 | 300 | 04/19 മുതൽ 7/19 വരെ | 280 |
| | “” | | 26500 | 230 | 300 | 8/19 മുതൽ 03/20 വരെ | 560 |
| 5 | സുധാകരൻ എം. | A | 24000 | 230 | 300 | 04/19 മുതൽ 02/20 വരെ | 770 |
| | “” | | 24600 | 230 | 300 | 03/20 | 70 |
| 5 | വിമല എൻ. | A | 21650 | 150 | 300 | 04/19 മുതൽ 02/20 വരെ | 1650 |
| | “” | | 22200 | 150 | 300 | 03/20 | 150 |
| 6 | പ്രകാശൻ കെ. | B | 24000 | 230 | 300 | 04/19 മുതൽ 6/19 വരെ | 210 |
| | “” | | 24600 | 230 | 300 | 7/19 മുതൽ 03/20 വരെ | 630 |
| 7 | അജിത കെ.പി. | D | 21100 | 150 | 300 | 04/19 മുതൽ 6/19 വരെ | 450 |
| | “” | | 21650 | 150 | 300 | 7/19 മുതൽ 03/20 വരെ | 1350 |
| 8 | സി.അനിൽ കുമാർ | കൊളശ്ശേരി | 31500 | 230 | 300 | 04/19 മുതൽ 02/20 വരെ | 770 |
| | “” | | 32300 | 230 | 300 | 03/20 | 70 |
| 9 | രത്നാകരൻ എ.എം. | കൊളശ്ശേരി | 31500 | 230 | 300 | 04/19 മുതൽ 6/19 വരെ | 210 |
| | “” | | 32300 | 230 | 300 | 7/19 മുതൽ 03/20 വരെ | 630 |
| 10 | കെ.ബാബു | കൊളശ്ശേരി | 23400 | 230 | 300 | 04/19 മുതൽ 07/19 വരെ | 280 |
| | “” | | 24000 | 230 | 300 | 8/19 മുതൽ 03/20 വരെ | 560 |
| 11 | ഗീത | കൊളശ്ശേരി | 21650 | 230 | 300 | 04/2019 | 70 |
| | “” | | 22200 | 230 | 300 | 5/19 മുതൽ | 420 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 10/19 വരെ | |
| | | | 23400 | 230 | 300 | 11/19 മുതൽ 03/19 വരെ | 350 |

മേൽ ഉദാഹരണങ്ങളിൽ ചൂണ്ടിക്കാട്ടിയ ജീവനക്കാർ കൂടാതെ കണ്ടിജന്റ് വിഭാഗത്തിലെ ഭൂരിഭാഗം ജീവനക്കാരിൽനിന്നും കുറഞ്ഞ നിരക്കിലാണ് എസ്.എൽ.ഐ പ്രീമിയം ഈടാക്കുന്നത്. കണ്ടീജന്റ് ജീവനക്കാരിൽനിന്നും മേൽ ഉത്തരവ് അനുസരിച്ചുള്ള നിരക്കുകളിൽത്തന്നെ എസ്.എൽ.ഐ പ്രീമിയം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സി-ഡിവിഷനിലേയും കോടിയേരി ഡിവിഷനിലേയും ഒരു ജീവനക്കാരനിൽനിന്നും എസ്.എൽ.ഐ ഈടാക്കിയിട്ടില്ല. പ്രസ്തുത ഡിവിഷനുകളിലെ ജീവനക്കാർ മുഴുവനും 01.09.1984 ന് മുൻപ് സർവ്വീസിൽ വന്ന ജീവനക്കാരാണോ എന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമല്ല. പ്രസ്തുത ഡിവിഷനുകളിലെ ജീവനക്കാരിൽനിന്നും എസ്.എൽ.ഐ പ്രീമിയം ഈടാക്കേണ്ടതുണ്ടെങ്കിൽ ആയത് ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. 23.11.2010 ലെ സ.ഉ (പി) നം. 616/2010/ധന നമ്പർ ഉത്തരവ് പ്രകാരം വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുകയും കണ്ടിജന്റ് ജീവനക്കാർ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ ജീവനക്കാർക്കും ഈ സ്കീം ബാധകമാക്കുകയും ചെയ്തിട്ടുണ്ട്. 12.11.2018 തീയ്യതിയിലെ സ.ഉ(അച്ചടി)175/2018/ധന നമ്പർ ഉത്തരവ് പ്രകാരം 01.01.2019 മുതൽ 31.12.2019 വരെയും 18.11.2019 തീയ്യതിയിലെ സ.ഉ(അച്ചടി) 159/2019/ധന നമ്പർ ഉത്തരവ് പ്രകാരം 01.01.2020 മുതൽ 31.12.2020 വരെയും ഈ സ്കീമിന്റെ കാലാവധി നീട്ടയിട്ടുണ്ട്. കോടിയേരി ഡിവിഷനിലെ കണ്ടിജന്റ് ജീവനക്കാരനായ വി.ദിനേശ് ബാബുവിൽനിന്ന് 2019-20 വർഷം വ്യക്തിഗത അപകട ഇൻഷ്വറൻസ് പ്രീമിയം ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി ബന്ധപ്പെട്ട സ്ഥാപനത്തിൽ ഒടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽക്കാര്യങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.68/2019-20; തീയ്യതി: 10.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-27 യാത്രാബത്ത – രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

നഗരസഭയിൽ നിന്നും 2019-20 വർഷം യാത്രാബത്ത അനുവദിച്ചതുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. നഗരസഭ ചെയർമാൻ/കൗൺസിലർമാർക്ക് യാത്രാബത്ത അനുവദിച്ചതുമായി ബന്ധപ്പെട്ട ടി.എ ഫയലുകളിൽ ടൂർ ഡയറി സമർപ്പിച്ചതിന്റെ വിവരം ലഭ്യമല്ല. യാത്ര നഗരസഭാകൗൺസിൽ അംഗീകരിച്ചതിന്റെ വിവരം യാത്രാബത്ത ബില്ലിൽ രേഖപ്പെടുത്തുന്നില്ല.

ഉദാ:

| ക്രമ നം. | വൗച്ചർ നം | തുക |
|---|---|---|
| 1 | 368/13.06.2019 | 2,037/- |
| 2 | 369/13.06.2019 | 1,302/- |

2. ജീവനക്കാരുടെ യാത്രാബത്ത ബില്ലുകളിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. ജീവനക്കാരുടെ തസ്തിക, ശമ്പളസ്കെയിൽ, അടിസ്ഥാനശമ്പളം തുടങ്ങിയ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. യാത്രയുടെ ഉദ്ദേശ്യവും, യാത്ര അംഗീകരിച്ചതിന്റെ വിവരവും കൃത്യമായി രേഖപ്പെടുത്തുന്നില്ല.

ഉദാ:

| ക്രമ നം. | വൗച്ചർ നം | തുക |
|---|---|---|
| 1 | 1358/28.01.2020 | 1,715/- |
| 2 | 1359/28.01.2020 | 885/- |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (71/2019-20 തീയതി: 13.09.2021) മറുപടി നൽകിയിട്ടില്ല. ജീവനക്കാർക്കും നഗരസഭ കൗൺസിലർമാർക്കും യാത്രാബത്ത അനുവദിക്കുമ്പോൾ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 1-28 പങ്കാളിത്ത പെൻഷൻ-കണ്ടിജന്റ് ജീവനക്കാരുടെ വിഹിതം ശമ്പളത്തിൽനിന്നും ഈടാക്കിയിട്ടും പെൻഷൻ ഫണ്ടിൽ അടവു വരുത്തിയില്ല

ജി.ഒ.(പി) നം.152/2014/ധന. തീയതി: 29.04.2014 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിയിട്ടുണ്ട്. ശമ്പള ബില്ലുകളും ഫയലും (നം./എ4/17971/19) പരിശോധിച്ചതിൽനിന്നും കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളത്തിൽനിന്നും കോൺട്രിബ്യൂട്ടറി പെൻഷൻ തുക കുറവു ചെയ്തിട്ടുണ്ടെങ്കിലും തദ്ദേശ ഭരണ

സ്ഥാപനത്തിന്റെ വിഹിതവും ചേർത്ത് നാഷണൽ പെൻഷൻ ഫണ്ടിലേക്ക് യഥാസമയം അടവാക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു. ചില ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പെൻഷൻ വിഹിതം കുറവ് ചെയ്യുതായും കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | മാസം | ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ഈടാക്കിയത് (ശമ്പള ബില്ലുകളിലെ വിവിരം) | അടവാക്കേണ്ട തദ്ദേശസ്വയംഭരണ വിഹിതം | ആകെ | അടവാക്കിയ പെൻഷൻ വിഹിതം /വൗച്ചർ നം | അടവാക്കിയതിലെ കുറവ് | കുറിപ്പ് |
|---|---|---|---|---|---|---|---|
| 1 | 4/2019 | 83,960 | 83,960 | 1,67,920 | അടവാക്കിയിട്ടില്ല | 1,67,920 | ഫയലിൽ അടവുവിവരം ലഭ്യമല്ല. ഡി-ഡിവിഷനിലെ ശ്രീമതി.സുഷമ എം-ന്റെ ശമ്പളത്തിൽനിന്നും 2100 രൂപ പെൻഷൻ വിഹിതം ഈടാക്കിയിട്ടില്ല. |
| 2 | 5/2019 | 86550 | 86,550 | 1,73,100 | 1,60,500 (982/ 15.10.2019) | 12,600 | സി-ഡിവിഷനിലെ സുമിത്ര കെ.-യുടെ പെൻഷൻ വിഹിതമായ 2100 രൂപ, ഡി-ഡിവിഷനിലെ സുഷമ എം. എന്നിവരുടെ പെൻഷൻ വിഹിതമായ 2100 ഉൾപ്പെടെ 4200 ശമ്പളത്തിൽനിന്നും കുറവ് ചെയ്ത് അടവാക്കിയിട്ടില്ല. അടവാക്കിയ തുകയിൽ ഉൾപ്പെടാതെ വിട്ടുപോയ മറ്റൊരു ജീവനക്കാരൻ ഏതെന്ന് വ്യക്തമല്ല. |
| 3 | 6/2019 | 82,410 | 82,410 | 1,64,820 | 1,64,820 (983/ 15.10.2019) | 0 | |
| 4 | 7/2019 | 82,382 | 82,382 | 1,64,764 | അടവാക്കിയിട്ടില്ല | 1,64,764 | ഫയലിൽ അടവുവിവരം ലഭ്യമല്ല. |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | 8/2019 | 82,352 | 82,352 | 1,64,704 | അടവാക്കിയിട്ടില്ല | 1,64,704 | " |
| 6 | 9/2019 | 82,890 | 82,890 | 1,65,780 | അടവാക്കിയിട്ടില്ല | 1,65,780 | " |
| 7 | 10/2019 | 80,850 | 80,850 | 1,61,700 | അടവാക്കിയിട്ടില്ല | 1,61,700 | " |
| 8 | 11/2019 | 83310 | 83310 | 1,66,620 | അടവാക്കിയിട്ടില്ല | 1,66,620 | " സി.ഡിവിഷനിലെ സുമിത്ര കെ.യുടെ ശമ്പളത്തിൽനിന്നും 2100 രൂപ പെൻഷൻ വിഹിതം കുറവ് ചെയ്തിട്ടില്ല. ഫയലിൽ അടവുവിവരം ലഭ്യമല്ല. |
| 9 | 12/2019 | 83,982 | 83,982 | 1,67,964 | അടവാക്കിയിട്ടില്ല | 1,67,964 | സി.ഡിവിഷനിലെ സുമിത്ര കെ.യുടെ ശമ്പളത്തിൽനിന്നും 2160 രൂപ പെൻഷൻ വിഹിതം കുറവ് ചെയ്തിട്ടില്ല. ഫയലിൽ അടവുവിവരം ലഭ്യമല്ല. |
| 10 | 01/2020 | 85,455 | 85,455 | 1,70,910 | അടവാക്കിയിട്ടില്ല | 1,70,910 | ഫയലിൽ അടവുവിവരം ലഭ്യമല്ല. |
| 11 | 02/2020 | 80,992 | 80,992 | 1,61,984 | അടവാക്കിയിട്ടില്ല | 1,61,984 | ഫയലിൽ അടവുവിവരം ലഭ്യമല്ല. |
| 12 | 03/2020 | 83,539 | 83,539 | 1,67,078 | അടവാക്കിയിട്ടില്ല | 1,67,078 | കൊളശ്ശേരി ഡിവിഷനിലെ ശ്രീമതി.സുജിതാ കുമാരിയുടെ ശമ്പളത്തിൽനിന്നും 1528 രൂപ കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം കുറവ് ചെയ്തിട്ടില്ല. ഫയലിൽ അടവുവിവരം ലഭ്യമല്ല. |
| | ആകെ | 9,98,672 | 9,98,672 | 19,97,344 | 3,25,320 | 16,72,024 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.65/2019-20; തീയ്യതി: 10.09.2021) ലഭ്യമാക്കിയ മറുപടിയിൽ (6/10/21 ലെ എ4/12224/12 നമ്പർ കത്ത്) 01/04/13 ന് ശേഷം കണ്ടിജന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ എൻ.പി.എസ് വിഹിതം നഗരകാര്യ ഡയറക്ടറുടെ അക്കൗണ്ടിൽ ഒടുക്കി ലിസ്റ്റ് അടിയന്തിരമായി അപ്‌ലോഡ് ചെയ്യുവാൻ

നഗരകാര്യ ഡയറക്ടർ 05/02/2018 ലെ പി7-13617/14 നമ്പർ കത്തിൽ ആവശ്യപ്പെട്ടതനുസരിച്ചാണ് കണ്ടിജന്റ് ജീവനക്കാരുടെ PRAN എടുക്കേണ്ട നടപടികൾ ആരംഭിച്ചതെന്നും ജീവനക്കാരുടെ എൻ.പി.എസ് വിഹിതം ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും വ്യക്തമാക്കുകയുണ്ടായി. മേൽ പട്ടികയിലെ ക്രമനമ്പർ (2) ലെ കുറിപ്പിൽ സൂചിപ്പിച്ച അടവാക്കിയ തുകയിൽ ഉൾപ്പെടുത്താതെ വിട്ടുപോയ ഒരു ജീവനക്കാരന്റെ പെൻഷൻ വിഹിതം സംബന്ധിച്ച് ബന്ധപ്പെട്ട സെക്ഷനിലേക്ക് റിപ്പോർട്ടിനായി അയച്ചിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളത്തിൽനിന്ന് കുറവു ചെയ്ത കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം നഗരസഭാ വിഹിതവും ചേർത്ത് പെൻഷൻ ഫണ്ടിൽ അടവാക്കുവാനുള്ള നടപടികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്.

1-29 ജീവനക്കാർ ശമ്പളമിനത്തിൽ അധികം തുക കൈപ്പറ്റി

ജീവനക്കാരുടെ സേവനപുസ്തക പരിശോധനയിൽ താഴെ പറയുന്ന ജീവനക്കാർ അധികം തുക കൈപ്പറ്റിയത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയും ആയത് തിരിച്ചു പിടിക്കുന്നതിന് നഗരസഭയ്ക്ക് കത്ത് നല്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ,

| ക്രമനം | ജീവനക്കാരന്റെ പേര്/ തസ്തിക | അധികം കൈപ്പറ്റിയ തുക | കത്ത് നം. /തീയ്യതി പരാമർശം |
|---|---|---|---|
| 1. | ശ്രീമതി. എൻ.രതി, ഓഫീസ് അറ്റൻഡന്റ് | 89,823 | കെ.എസ്.എ-ടിഎസ്എം2/326/2019 തീയ്യതി 15.10.2019(12/2005 മുതൽ 12/2019 വരെയുള്ള കാലയളവിൽ അധികം കൈപ്പറ്റിയ തുക) |
| 2. | ശ്രീ. അജ്മൽ ഖാൻ, ഓഫീസ് അറ്റൻഡന്റ് | 21,979 | കെ.എസ്.എ-ടിഎസ്എം2/408/2021 തീയ്യതി 06.01.2021 (02/2016 മുതൽ 02/2021 വരെയുള്ള കാലയളവിൽ അധികം കൈപ്പറ്റിയ തുക) |
| 3. | ശ്രീമതി. നിർമ്മല ഫെർണാണ്ടസ്, സാനിറ്റേഷൻ വർക്കർ | 64,346 | കെ.എസ്.എ-ടിഎസ്എം2/453/2019(8) തീയ്യതി 13.11.2019 (04/1992 മുതൽ 09/2009 വരെയുള്ള കാലയളവിൽ അധികം കൈപ്പറ്റിയ തുക) |
| 4. | ശ്രീ.പ്രകാശൻ.സി, സാനിറ്റേഷൻ വർക്കർ | -- (ഡ്യൂഡ്രോൺ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല) | കെ.എസ്.എ-ടിഎസ്എം2/544/2020(6) തീയ്യതി 13.08.2020 (21/11/15 ന് അനുവദിക്കേണ്ട 15 വർഷ ഹയർഗ്രേഡ് 1/9/2015 ന് അനുവദിച്ചു.) |
| 5. | ശ്രീ. സുധാകരൻ കക്കോത്ത്, സാനിറ്റേഷൻ വർക്കർ | 16,140 | കെ.എസ്.എ-ടിഎസ്എം2/64/2019(1) തീയ്യതി 07.08.2019 (1.12.2011 ന് അനുവദിക്കേണ്ട ഇൻക്രിമെന്റ് 01.08.2011 ന് അനുവദിച്ചു) |

ജീവനക്കാർ അധികം കൈപ്പറ്റിയ തുക തിരിച്ചു പിടിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-30 മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് കാലതാമസം വരുത്തുന്നു

മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ ഡയറക്ടറുടെ 22.07.1994 ലെ ബി2-15624/94 നം. കത്ത് പ്രകാരം നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ശമ്പളനിർണ്ണയം സംബന്ധിച്ച കാര്യങ്ങൾ ഓഡിറ്റ് പരിശോധനാ വിധേയമാക്കുന്ന കാര്യത്തിൽ

മുനിസിപ്പാലിറ്റി അധികൃതർ യാതൊരു ശ്രദ്ധയും കാണിക്കുന്നില്ലെന്നും തന്മൂലം ജീവനക്കാരുടെ റിട്ടയർമെന്റിന്റെ സമയത്ത് മുൻ അപാകതകൾ പരിഹരിച്ച് പെൻഷൻ വെരിഫിക്കേഷൻ റിപ്പോർട്ട് യഥാസമയം നല്കുന്നതിന് കഴിയാതെ വരികയും ചെയ്യുന്നതായി പരാമർശിക്കുന്നു.

നഗരസഭകൾ ജീവനക്കാരുടെ ശമ്പളം പുതുക്കി നിശ്ചയിക്കുമ്പോൾ ആയത് ഓഡിറ്റ് പരിശോധനാ വിധേയമാക്കി വേണം ആനുകൂല്യങ്ങൾ ജീവനക്കാരന് നല്കേണ്ടതെന്നത് നിയമപരമായ ബാദ്ധ്യതയാണ്. ഇക്കാര്യത്തിലുള്ള അലംഭാവം ക്രമക്കേടുകൾക്ക് ഇടയാക്കും. വർഷങ്ങൾക്കു ശേഷം കണ്ടുപിടിക്കപ്പെടുന്ന തെറ്റ് പരിഹരിക്കാനാവാതെ ജീവനക്കാരന്റെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിൽ കാലതാമസം വരുന്നു. അപ്രകാരം കാലതാമസം ഉണ്ടാകുന്ന കേസുകളിൽ കക്ഷികൾ കോടതിയെ സമീപിക്കേണ്ടി വരികയും ചെയ്യാറുണ്ട്.

ആയതിനാൽ നഗരസഭകളിലെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം മൂലമോ അല്ലാതെയോ നല്കുന്ന ആനുകൂല്യങ്ങൾ ബന്ധപ്പെട്ട സർവ്വീസ് രേഖകളിൽ ചേർത്ത് ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങിയ ശേഷമേ ആനുകൂല്യം നല്കാൻ പാടുള്ളൂ. യഥാസമയം നടക്കുന്ന പരിശോധനകൾ സർവ്വീസിന്റെ ഭരണപരമായ നിലനില്പിനും അനിവാര്യമായതിനാൽ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

2019-20 സാമ്പത്തിക വർഷം നഗരസഭയിലെ കണ്ടിജന്റ് വർക്കർമാരുടെ സേവനപുസ്തക പരിശോധനയിൽ വ്യാപകമായ ക്രമക്കേടുകൾ കാണുന്നു. വിശദവിവരം ചുവടെ,

1. സേവനപുസ്തകത്തിൽ ജീവനക്കാരന്റെ ഫോട്ടോ പതിക്കുന്നില്ല.

2. ജനനതീയ്യതിയും സേവനവിവരങ്ങളും അധികൃതർ സാക്ഷ്യപ്പെടുത്തി വയ്ക്കുന്നില്ല.

3. വർഷാവർഷം സേവന പരിശോധന നടത്തുന്നില്ല.

4. ഫിക്സേഷനും സേവനപുസ്തക പരിശോധനയ്ക്കുമായി സേവനപുസ്തകം ഹാജരാക്കുമ്പോൾ ജീവനക്കാരന്റെ അവധി (സേവനകാലം ആരംഭിക്കുന്നതു മുതലുള്ളത്) ക്രമീകരിക്കുന്നില്ല.

5. വാർഷിക ഇൻക്രിമെന്റുകൾ അനുവദിക്കുമ്പോൾ ബന്ധപ്പെട്ട അധികൃതരുടെ സാക്ഷ്യപ്പെടുത്തലുകളില്ല.

6. സമയബന്ധിത ഹയർഗ്രേഡുകൾ അനുവദിക്കുമ്പോൾ കൗൺസിൽ തീരുമാനവും സെക്രട്ടറിയുടെ നടപടിക്രമങ്ങളും സേവനപുസ്തകത്തിൽ പതിക്കുന്നില്ല.

7. നഗരസഭയിൽ നിന്ന് ഭവനനിർമ്മാണ വായ്പ എടുത്ത് ആയതിന്റെ തിരിച്ചടവ് പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

8. ആർജ്ജിതാവധി സറണ്ടർ ചെയ്യുമ്പോൾ അവധി രേഖപ്പെടുത്തുന്ന പേജിലും സേവനപുസ്തകത്തിന്റെ ആദ്യഭാഗത്തും രേഖപ്പെടുത്തൽ വരുത്തുന്നില്ല.

ജീവനക്കാരുടെ സേവനപുസ്തക പരിശോധന കാലികമാക്കാൻ ബന്ധപ്പെട്ട അധികൃതർ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-31 വാഹന വാടക അനുവദിച്ചത് -അപാകതകൾ

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കോടിയേരി |
| പ്രോജക്റ്റ് നമ്പർ | : | SO021/20 |
| അടങ്കൽ | : | ₹25,000/- |
| ചെലവ് | : | ₹24,750/- |
| ഫണ്ട് | : | വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം ) |

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കോടിയേരി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 കാലയളവിൽ പ്രതിരോധ കുത്തിവയ്പിന് വാഹന വാടക ഇനത്തിൽ താഴെ കാണിച്ച പ്രകാരം ബിൽ നം.12 തീയതി: 31.03.2020 പ്രകാരം 24,750/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയലുകളും രേഖകളും പരിശോധിച്ചപ്പോൾ സ.ഉ.(പി)45/2018/ട്രാൻ. തീയതി: 11/12/2018 പ്രകാരമുള്ള ഉത്തരവിലെ നിബന്ധനകൾ പാലിച്ചല്ല വാഹനവാടക അനുവദിച്ചത് എന്ന് കാണുന്നു. സർക്കാർ ഉത്തരവ് പ്രകാരം ഓട്ടോ റിക്ഷകൾക്ക് 1.5 കി.മീ. വരെ ₹25/- അതിനുശേഷം ₹12/കി.മീ. യും ഓരോ 100 മീറ്ററിനും ₹1.20 രൂപയും ആണ് യാത്രാ നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ഓട്ടോറിക്ഷകളുടെ വെയിറ്റിംഗ് ചാർജ് ഓരോ 15 മിനുട്ടിനും 10/- രൂപ നിരക്കിലും ഒരു ദിവസത്തെ പരമാവധി 250/- രൂപയും ആയിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. മോട്ടോർ കാബുകൾക്ക് ₹15/കി.മീ. ഉം 5 കി.മീറ്റർ വരെയുള്ള യാത്രകൾക്ക് 175/- രൂപയും ആണ് യാത്രാ നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. മോട്ടോർ കാബുകളുടെ വെയിറ്റിംഗ് ചാർജ് ഓരോ മണിക്കൂറിനും 50/- രൂപ നിരക്കിലും ഒരു ദിവസത്തെ പരമാവധി 500/- രൂപയും ആയിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഈ മാനദണ്ഡങ്ങൾ ഒന്നും തന്നെ പാലിക്കാതെയാണ് വാഹന വാടക അനുവദിച്ചിട്ടുള്ളത്.

2019-20 കാലയളവിൽ കോടിയേരി പി.എച്ച്.സി യിൽ നിന്നും വിവിധ സ്കൂളുകളിലും, അംഗൻവാടികളിലും, സബ്സെന്ററുകളിലും പ്രതിരോധ കുത്തിവയ്പുമായി ബന്ധപ്പെട്ട് വാഹനം വാടകയ്ക്കെടുത്തപ്പോൾ 500/- രൂപ മുതൽ 1,000/- രൂപ വരെ വാഹന വാടക അനുവദിച്ചതായി കാണുന്നു. വൗച്ചറിനോടൊപ്പം സൂക്ഷിച്ച് ട്രിപ്പ് ഷീറ്റുകളിൽ ഓടിയ കിലോമീറ്റർ രേഖപ്പെടുത്തിയതായി കാണുന്നില്ല. വൗച്ചറുകൾ പരിശോധിച്ചപ്പോൾ പി.എച്ച്.സിയിൽ നിന്നും പരമാവധി 3 മുതൽ 4 കിലോമീറ്റർ ചുറ്റളവിലുള്ള യാത്രകൾ മാത്രമേ നടത്തിയിട്ടുള്ളൂ എന്ന് വ്യക്തമാകുന്നു.

ഒരേ സ്ഥലത്തേക്ക് വിവിധ ദിവസങ്ങളിൽ നടത്തിയ യാത്രകൾക്ക് വ്യത്യസ്ത തുകകൾ വാടക ഇനത്തിൽ അനുവദിച്ചതായും കാണുന്നു. ഉദാ: സൗത്ത് വയലളം അംഗൻവാടി, പുന്നോൽ സബ്സെന്റർ എന്നിവിടങ്ങളിൽ KL58Y-4198 എന്ന വാഹനം രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ ഉപയോഗിച്ചതിന് 17.08.2019, 19.10.2019, 23.11.2019 തീയ്യതികളിൽ 900/-രൂപയും 21.12.19, 15.02.2020, 21.03.2020 തീയ്യതികളിൽ 700/- രൂപയും ആണ് അനുവദിച്ച് കാണുന്നത്. അതു പോലെ കോടിയേരി സബ്സെന്റർ, പാറാൽ സബ്സെന്റർ എന്നിവിടങ്ങളിൽ KL58Y-4198 എന്ന വാഹനം രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ ഉപയോഗിച്ചതിന് 23.09.2019, 17.10.2019, 22.11.2019 തീയ്യതികളിൽ 900/-രൂപയും 16.01.2020 ന് 800/- രൂപയും 20.02.2020 ന് 700/- രൂപയുമാണ് അനുവദിച്ച് കാണുന്നത്.

മേൽ ന്യൂനതകൾ ചൂണ്ടിക്കാണിച്ച് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 17.09.2021 തീയതിയിൽ 488/2021 നമ്പർ കത്ത് പ്രകാരം സമർപ്പിച്ച മറുപടിയിൽ വിവിധ കാമ്പുകളിൽ രണ്ട് ട്രിപ്പുകളിലധികം പോകേണ്ടി വരുമെന്നും പ്രതിരോധ കുത്തിവെപ്പിന് വിമുഖത കാണിക്കുന്ന രക്ഷിതാക്കളുടെ വീട്ടുകളിൽ ചെന്ന് കുത്തിവെപ്പ് നടത്താറുണ്ടെന്നും 2021-22 സാമ്പത്തിക വർഷം വാഹനം വാടകയ്ക്ക് വിളിക്കുമ്പോൾ കിലോമീറ്റർ രേഖപ്പെടുത്തുന്നുണ്ടെന്നും സർക്കാർ നിരക്കിൽ മാത്രമേ നിലവിൽ വാഹന വാടക അനുവദിക്കുന്നുള്ളൂ എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഈ വിഷയത്തിലേക്ക് നഗരസഭാ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-32 അംഗൻവാടി പോഷകാഹാര വിതരണം-ഇറക്കു കൂലിയിലെ പൊരുത്തമില്ലായ്മകൾ - 6,38,342/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രൊജക്ടിന്റെ പേര് | : | അംഗണവാടി പോഷകാഹാരം |
| പ്രോജക്ട് നമ്പർ | : | 182/20 |
| വകയിരുത്തൽ | : | 47,00,000/-<br>[2854865 (വികസന ഫണ്ട്)+1845135 (കേന്ദ്രാവിഷ്കൃത ഫണ്ട്)] |
| ചെലവ് | : | 28,54,865 (വികസന ഫണ്ട്) |

മേൽ പദ്ധതിയുടെ ഭാഗമായി തലശ്ശേരി നഗരസഭാ പരിധിയിലുള്ള അംഗനവാടികളിൽ ഭക്ഷണ സാധനങ്ങൾ ഇറക്കുന്നതിനുള്ള ശ്രീ.ടി.ആർ. മധുവിന്റെ (വണ്ടി നം. KL/13K/1921) ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ (കിലോ ഗ്രാമിന് 3 രൂപ), 35/26-06-2019 നമ്പർ കൗൺസിൽ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. അംഗണവാടികളിൽ ഭക്ഷണ വിതരണം നടത്തിയതിന് നൽകിയ വിവിധ ബില്ലുകൾ പ്രകാരം നൽകിയ തുകകളുടെ വിശദാംശങ്ങളാണ് പട്ടികപ്പെടുത്തി ചുവടെ ചേർത്തിരിക്കുന്നത്. ബില്ലുകളോടൊപ്പം ഫയൽ ചെയ്തിരിക്കുന്ന പർച്ചേസ് ഇൻവോയ്സുകളിൽ കാണിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ സാധനങ്ങളുടെ ഇറക്കു കൂലി കണക്കാക്കിയതാണ് പട്ടികയിലെ കോളം (6) ൽ ചേർത്തിരിക്കുന്നത്. എന്നാൽ കോളം (5) ൽ കാണിച്ചിരിക്കുന്ന ശ്രീ. ടി.ആർ മധുവിന് നൽകിയ തുകയുമായി ഇത് പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ബിൽ നം./തീയ്യതി | ബിൽ തുക | തീരമൈത്രി സൂപ്പർ മാർക്കറ്റ്/കേരളാ സിവിൽ സർവീസ് കോർപ്പറേഷൻ ഇൻവോയ്സ്/ഇഷ്യൂ നമ്പർ, തൂക്കം(കി.ഗ്രാം.) | | ഭക്ഷ്യവസ്തുക്കൾ ഇറക്കിയ വകയിൽ ശ്രീ. ടി.ആർ മധുവിന് നൽകിയ തുക | കിലോ ഗ്രാമിന് 3 രൂപ നിരക്കിൽ നൽകേണ്ട തുക | അധികം നൽകിയ തുക | അടവാക്കിയ തുക | ബാക്കി |
|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | | (5) | (6) | (7) | (8) | (9) |
| 1 | 2/ 26.07.19 | 518663 | 2593/ 26.4.19 | 2617 | 23594 | 21594 | 2000 | 0 | 2000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | 2594/ 26.4.19 | 1530 | | | | | |
| | | | 2592/ 26.4.19 | 1738 | | | | | |
| | | | 2598/ 16.5.19 | 1313 | | | | | |
| 2 | 5/ 26.01.20 | 52853 | 2633/19.9.19 | 1231 | 22008 | 7668 | 14340 | 0 | 14340 |
| | | | 1302201/ 191343/ 03.10.19 | 1325 | | | | | |
| 3 | 7/ 29.01.2020 | 66826 | 1302201/ 191878/ 1.1.20 | 1050 | 30321 | 3150 | 27171 | 16722 (ചലാൻ നം. 1/27.08.2020) | 10449 |
| | ആകെ | 638342 | | 10804 | 75923 | 32412 | 43511 | 16722 | 26789 |

കൂടുതൽ ഇൻവോയ്സുകൾ ഇറക്ക കൂലിയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്തപക്ഷം സാധനങ്ങളുടെ ഇറക്ക കൂലിയിനത്തിൽ അധികം തുക നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് 21.08.2020 തീയ്യതിയിലെ 2/2019-20 നമ്പരിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയിൽ 7/29.01.2020 നമ്പർ ബില്ലിൽ 1050 കിലോഗ്രാം WBNP അരിയുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജായ 3,150/- രൂപയും (1050 X 3) 2019 നവംബർ മാസം ഇറക്കിയ 3433 കിലോ ഭക്ഷ്യവസ്തുക്കളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജായ 10,449/- രൂപയും (3483 X 3) ചേർത്ത് ആകെ 13,599/- രൂപയാണ് നൽകേണ്ടിയിരുന്നതെന്നും എന്നാൽ ഇതിന് പകരമായി 30,321/- രൂപ കടത്തുകൂലിയിനത്തിൽ ഡ്രൈവർക്ക് നൽകിയതിനാൽ അധികം നൽകിയ 16,722/- രൂപ ചലാൻ നം.1/27.08.2020 പ്രകാരം ബന്ധപ്പെട്ട ഹെഡിൽ അടച്ചിട്ടുണ്ടെന്നമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അടവിന്റെ അസ്സൽ ചെലാൻ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ മറുപടിയിൽ സൂചിപ്പിച്ചു പ്രകാരം 7/29.01.2020 നമ്പർ ബില്ലിൽ 2019 നവംബർ മാസം ഇറക്കി എന്ന് സൂചിപ്പിച്ചിട്ടുള്ള 3483 കിലോഗ്രാം ഭക്ഷ്യവസ്തുക്കൾ വാങ്ങിയതിന്റെ ഇൻവോയ്സ് മറുപടിയോടൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 7/29.01.2020 നമ്പർ ബില്ലിൽ മേൽ മറുപടിയിൽ സൂചിപ്പിച്ച 2019 നവംബർ മാസത്തെ 3483 കിലോഗ്രാം ഭക്ഷ്യവസ്തുക്കൾ വാങ്ങിയതിന്റ വിലയായ 10,449/- രൂപ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആയത് തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. 2/26.07.2019 നമ്പർ ബില്ലിൽ അധികം നൽകിയ 2,000/- രൂപയും 5/26.01.2020 നമ്പർ ബില്ലിൽ അധികം നൽകിയ 14,340/- രൂപയും സംബന്ധിച്ച് മേൽ മറുപടിയിൽ ഒന്നും തന്നെ സൂചിപ്പിച്ചിട്ടില്ല. കണക്കുകൾ പൊരുത്തപ്പെടാത്ത സാഹചര്യത്തിലും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി തൃപ്തികരമല്ലാത്ത സാഹചര്യത്തിലും ആകെ ചെലവ് തുകയായ 6,38,342/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-33 നിർവ്വഹണ ഉദ്യോഗസ്ഥനല്ലാത്ത ഉദ്യോഗസ്ഥന് നിർവ്വഹണ ഉദ്യോഗസ്ഥൻ വഴിയല്ലാതെ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിന് രശീതി പുസ്തകങ്ങൾ അനുവദിച്ചത് സംബന്ധിച്ച്.

തലശ്ശേരി നഗരസഭയുടെ രശീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ 2019-20 കാലയളവിൽ താഴെ വിശദീകരിച്ചത് പ്രകാരം തലശ്ശേരി കൃഷി ഫീൽഡ് ഓഫീസർക്ക് 6 രശീതി പുസ്തകങ്ങൾ (രശീതി ബുക്ക് നമ്പർ-579, 580, 587, 588, 589, 590) അനുവദിച്ചതായി കാണുന്നു. കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 കാലയളവിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ തലശ്ശേരി നഗരസഭയിലെ 1 മുതൽ 21 വരെയും 37 മുതൽ 57 വരെയും വാർഡുകളിലെ ഗുണഭോക്താക്കളിൽനിന്നും ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനു വേണ്ടിയാണ് രശീതി പുസ്തകങ്ങൾ അനുവദിച്ചത് എന്നാണ് ഓഡിറ്റിൽ വിശദീകരിക്കപ്പെട്ടത്. തലശ്ശേരി നഗരസഭയിലെ കൃഷിയുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണ ചുമതല കൃഷി ഓഫീസർക്കാണ്. കൃഷി ഓഫീസർക്ക് ഈ കാലയളവിൽ 5 രശീതി പുസ്തകങ്ങൾ അനുവദിച്ച് നൽകിയിട്ടുമുണ്ട്. കൃഷി ഫീൽഡ് ഓഫീസർ തലശ്ശേരി നഗരസഭയിലെ നിർവ്വഹണ ഉദ്യോഗസ്ഥനല്ല. നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ മുഖേനയല്ലാതെ കൃഷി ഫീൽഡ് ഓഫീസർക്ക് നഗരസഭയിൽ നിന്ന് നേരിട്ട് രശീതി പുസ്തകങ്ങൾ അനുവദിച്ചത് ശരിയായ നടപടിയല്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നഗരസഭാ സെക്രട്ടറിക്ക് 16.09.2020 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/2019-20) നഗരസഭാ സെക്രട്ടറി മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിലേക്ക് നഗരസഭാ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-34 സാധനങ്ങൾ സമാഹരിച്ചതിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

2019-20 കാലയളവിൽ ICDS സൂപ്പർവൈസർ വികസന ഫണ്ട് ഉപയോഗിച്ച് നടത്തിയ വാങ്ങലുകളിൽ 08.11.2010 തീയ്യതിയിലെ ജി.ഒ.(പി) 259/2010/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള ചുമതലകളുടെ വിഭജനം എന്ന പ്രധാന തത്വം അനുസരിച്ചുള്ള ഉത്തരവാദിത്തങ്ങൾ പാലിക്കുന്നതിൽ സമിതികൾ/ടീമുകൾ നിഷ്കർഷ പുലർത്തിയിട്ടില്ല എന്ന് കാണുന്നു.

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | |
| പ്രൊജക്റ്റിന്റെ പേര് | : | വയോജനങ്ങൾക്ക് കട്ടിൽ വിതരണം | അംഗണവാടികൾക്ക് അഡീഷണൽ ഗ്യാസ് സിലിണ്ടറും സ്റ്റൗവും വിതരണം ചെയ്യൽ |
| പ്രോജക്റ്റ് നമ്പർ | : | S00374/20 | S00247/20 |
| വകയിരുത്തൽ | : | 9,57,000/-(വികസന ഫണ്ട്) | 3,45,300/-(വികസനഫണ്ട്) |
| ചെലവ് | : | 8,12,900/-<br>(ബിൽ നം./തീയ്യതി 1/29-04-2019) | 329841<br>(ബിൽ നം./തീയ്യതി<br>6/ 30.1.20<br>8/ 30.1.20,<br>13/19.3.20) |

| ക്രമ നം. | ടീം/സമിതി | ഉത്തരവാദിത്തങ്ങൾ |
|---|---|---|
| 1 | കർമ്മ സമിതികൾ (വർക്കിംഗ് ഗ്രൂപ്പുകൾ) | വാങ്ങൽ ആവശ്യം തിരിച്ചറിയുക, വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക, അപകട ഘടകങ്ങൾ പരിശോധിക്കുക, സ്പെസിഫിക്കേഷനുകൾ തയ്യാറാക്കുക, വിതരണക്കാരെയും സേവന ദാതാക്കളെയും തിരിച്ചറിയുക, തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, ലഭ്യമാകുന്ന രേഖകളിൽ ആവശ്യമെങ്കിൽ വ്യക്തത വരുത്തുക, സാങ്കേതിക വിലയിരുത്തൽ, പ്രസിദ്ധപ്പെടുത്തലും കരാർ നിയന്ത്രണവും, സാധനങ്ങളും സേവനങ്ങളും സ്വീകരിച്ച് സാക്ഷ്യപത്രം നൽകുക, തുക അംഗീകരിച്ച് നൽകുക, കരാറുകൾ വിലയിരുത്തുക, കരാർ അവസാനിപ്പിക്കുക എന്നിവയാണ് കർമ്മ സമിതിയുടെ ഉത്തരവാദിത്തങ്ങൾ. എന്നാൽ കർമ്മ സമിതി വാങ്ങൽ നടപടികളിൽ ഉൾപ്പെട്ടതിന് രേഖകളില്ല. |
| 2 | പ്രോക്യൂർമെന്റ് ടീം (വാങ്ങൽ ടീം) | വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക, അപകട ഘടകങ്ങൾ പരിശോധിക്കുക, വിതരണക്കാരെടും സേവനദാതാക്കളെയും തിരിച്ചറിയുക, തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, സമാഹരണ തന്ത്രവും നടപടിക്രമങ്ങളും തീരുമാനിക്കുക, ക്വട്ടേഷൻ/ടെന്റർ രേഖകൾ തയ്യാറാക്കുക, |

| | | |
|---|---|---|
| | | പ്രസിദ്ധപ്പെടുത്തുക, സമർപ്പണത്തിന് സമയം അനുവദിക്കുക, ടെണ്ടർ രേഖകൾ അയക്കുക, ടെണ്ടറുകൾ സ്വീകരിക്കുക, തുറക്കുക, ലഭ്യമാകുന്ന രേഖകളിൽ ആവശ്യമെങ്കിൽ വ്യക്തത വരുത്തുക, വാണിജ്യ വിലയിരുത്തൽ നടത്തുക, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിനു ശേഷം കരാർ നൽകുക, പ്രസിദ്ധപ്പെടുത്തലും കരാർ നിയന്ത്രണവും, കരാറുകൾ വിലയിരുത്തുക, കരാർ അവസാനിപ്പിക്കുക എന്നീ ഉത്തരവാദിത്തങ്ങൾ നിറവേറ്റിയത് സംബന്ധിച്ച് ഫയലിൽ രേഖകളില്ല |
| 3 | പ്രൊക്യൂർമെന്റ് കമ്മിറ്റി/പർച്ചേസ് കമ്മിറ്റി (വാങ്ങൽ സമിതി) | പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ്. രേഖകളുടെ വസ്തുതാപരമായ കൃത്യത പരിശോധിക്കേണ്ടത് സെക്രട്ടറിയോ നിർവ്വഹണ ഉദ്യോഗസ്ഥനോ ആണ്. പരിശോധനയ്ക്ക് ശേഷം പ്രൊക്യൂർമെന്റ് കമ്മിറ്റി മുമ്പാകെ രേഖകൾ സമർപ്പിക്കേണ്ടതാണ്. പ്രോക്യൂർമെന്റ് കമ്മിറ്റി, രേഖകളുടെ സൂക്ഷ്മ പരിശോധന നടത്തി ഉചിതമായ തീരുമാനമെടുത്ത് ശുപാർശ നൽകേണ്ടതാണ്. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല. |
| 4 | വാങ്ങൽ ടീം (Financial Team) സ്ഥാപനത്തിലെ ഫിനാൻസ് സെക്ഷനിലെ ഓഫീസർമാരും അസിസ്റ്റന്റുമാരും അധികാരികളും ടീമിൽ ഉൾപ്പെടുന്നതാണ്. | തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, തുക അംഗീകരിക്കുക, തുക നൽകുക തുടങ്ങിയ കർത്തവ്യങ്ങൾ വാങ്ങൽ ടീമല്ല നടത്തിയിട്ടുള്ളത്. |
| 5 | സോഷ്യൽ ഓഡിറ്റ് കമ്മിറ്റി | വാങ്ങൽ പദ്ധതി (Procurement Plan) തയ്യാറാക്കുക, അന്തിമമാക്കുക, ടെണ്ടറുകൾ സ്വീകരിക്കുക, തുറക്കുക, കരാറുകൾ വിലയിരുത്തുക, കരാർ അവസാനിപ്പിക്കുക എന്നിവയിൽ കാര്യക്ഷമമായ ഇടപെടൽ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി നടത്തിയത് സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഫയലിൽ ഇല്ല. |

മേൽ സമിതികൾ/ടീമുകൾ ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയത് സംബന്ധിച്ച താങ്കളുടെ അഭിപ്രായം ലഭ്യമാക്കണമെന്ന് അറിയിക്കാനാവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് 05/2019-20; 21.08.2020 എന്ന നമ്പരിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിലും ആവശ്യമായ രേഖകളുടെ അഭാവത്തിലും സാധനങ്ങൾ സമാഹരിക്കുന്നത് മേൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടല്ല എന്ന് വ്യക്തമാവുകയാണ്. സാധനങ്ങൾ സമാഹരിക്കുന്നതിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1-35 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | : വയോജനങ്ങൾക്ക് കട്ടിൽ വിതരണം |
| പ്രോജക്റ്റ് നമ്പർ | : S00374/20 |
| വകയിരുത്തൽ | : 957000 (വികസന ഫണ്ട്) |
| ചെലവ് | : 8,12,900/- (ബിൽ നം./തീയ്യതി: 1/29-04-2019) |

ബിൽ നം. 13/2019-20; തീയ്യതി: 19.03.2020 പ്രകാരം ശിവ ഫർണിച്ചർ, പരിയാരം എന്ന സ്ഥാപനത്തിൽനിന്നും വയോജനങ്ങൾക്ക് 220 കട്ടിൽ വാങ്ങിയതിൽ 08.11.2010 തീയ്യതിയിലെ ജി.ഒ.(പി) 259/2010/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ നിഷ്കർഷ പുലർത്തിയതായി കാണുന്നില്ല. ഈ പദ്ധതി സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതും ആവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

1. വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിലും മലയാളം പരസ്യം നൽകേണ്ടതാണെന്ന് വ്യവസ്ഥയുണ്ടെങ്കിലും ഒരു മലയാളം ദിനപ്പത്രത്തിൽ മാത്രമാണ് പരസ്യം നൽകിയിരിക്കുന്നത് [ചട്ടം 5(1)].

2. ടാബുലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 3 സ്ഥാപനങ്ങളുടെ ടെണ്ടറുകളാണ് ലഭിച്ചു കാണുന്നത്. എന്നാൽ ശിവ ഫർണിച്ചർ, പരിയാരം എന്ന സ്ഥാപനത്തിന്റെതൊഴികെയുള്ള സ്ഥാപനങ്ങളുടെ ടെണ്ടറുകൾ ഫയലിൽ ലഭ്യമല്ല. ടെണ്ടർ രജിസ്റ്റർ ലഭ്യമല്ല.

3. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ പ്രതിനിധികളുടെ സാന്നിധ്യത്തിൽ ടെണ്ടറുകൾ തുറന്നതിന് ഫയലിൽ രേഖയില്ല [ചട്ടം 5(1)].

4. ടെണ്ടർ തുറക്കുന്നതിനുള്ള പ്രോട്ടോകോൾ ഡോക്യുമെന്റ് പൂർത്തിയാക്കുകയോ ടെണ്ടർ നടപടികളിൽ സന്നിഹിതരായ എല്ലാവരും ഒപ്പുവയ്ക്കുകയോ ചെയ്തതിന് രേഖകളില്ല [ചട്ടം 5(1)].

5. കുറഞ്ഞത് മൂന്ന് സോഷ്യൽ ഓഡിറ്റ് കമ്മിറ്റി മെമ്പർമാരുടെ സാന്നിധ്യത്തിൽ ഏറ്റവും കുറഞ്ഞ വില ടെണ്ടർ ചെയ്ത സ്ഥാപനവുമായി നെഗോഷിയേറ്റ് ചെയ്തത് സംബന്ധിച്ച രേഖ ഫയലിൽ ലഭ്യമല്ല [ചട്ടം 5(1)].

6. ടെണ്ടറുകൾ അയച്ച കവറുകൾ ടെണ്ടറിനോടൊപ്പം രേഖയായി സൂക്ഷിച്ചിട്ടില്ല.

7. ചെലവു തുക പിൻവലിച്ചതിന്റെ ബില്ല് ഫയലിൽ ലഭ്യമല്ല.

8. ശിവ ഫർണിച്ചർ, പരിയാരം തുക കൈപ്പറ്റിയതിന്റെ രേഖ ഫയലിൽ ലഭ്യമല്ല.

9. ലഭ്യമായ കട്ടിലുകളുടെ സ്പെസിഫിക്കേഷനുകൾ സംബന്ധിച്ച രേഖയില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/2019-20; 21.08.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. വികസന ഫണ്ടിൽനിന്നുള്ള 8,12,900/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-36 ഗ്യാസ് സ്റ്റൗ വാങ്ങൽ-നടപടിക്രമങ്ങളിലെ അപാകതകൾ

| | | | | | |
|---|---|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | | | |
| പ്രൊജക്ടിന്റെ പേര് | : അംഗണവാടിക്ക് അഡീഷണൽ ഗ്യാസ് സിലിണ്ടറും സ്റ്റൗവും വിതരണം ചെയ്യൽ | | | | |
| പ്രോജക്ട് നമ്പർ | : 247/20 | | | | |
| വകയിരുത്തൽ | : 3,45,300 (വികസന ഫണ്ട്) | | | | |
| ആകെ ചെലവ് | : | 3,29,841 | | | |
| | | ബിൽ നം. | തീയ്യതി | തുക | ചെലവു വിവരം |
| | | 6/2019-20 | 30.01.2020 | 1,55,926 | ഗ്യാസ് സിലിണ്ടർ കണക്ഷൻ |
| | | 8/2019-20 | 30.01.2020 | 2,315 | “” |
| | | 13/2019-20 | 19.03.2020 | 1,71,600 | ഗ്യാസ് സ്റ്റൗ വാങ്ങൽ |
| | | | ആകെ | 3,29,841 | |

ബിൽ നം. 13/2019-20; തീയ്യതി: 19.03.2020 പ്രകാരം അംഗണവാടികളിലേക്ക് നൽകുന്നതിനായി വികസന ഫണ്ടിൽനിന്ന് 1,71,600/- രൂപ ചെലവിട്ട് ഫിഡ്കോ, ഒളവണ്ണ എന്ന സ്ഥാപനത്തിൽനിന്നും 78 ഗ്യാസ് സ്റ്റൗ വാങ്ങിയിട്ടുണ്ട്. എന്നാൽ 08.11.2010 തീയ്യതിയിലെ ജി.ഒ.(പി) 259/2010/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ നിഷ്കർഷ പുലർത്തിയതായി കാണുന്നില്ല.

അപാകതകൾ ചുവടെ ചേർക്കുന്നു.

1. വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിലും മലയാളം പരസ്യം നൽകേണ്ടതാണെന്ന് വ്യവസ്ഥയുണ്ടെങ്കിലും ഒരു മലയാളം ദിനപ്പത്രത്തിൽ മാത്രമാണ് പരസ്യം നൽകിയിരിക്കുന്നത് [ചട്ടം 5(1)].

2. ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ ലക്ഷ്മി ഗ്യാസ് ഏജൻസീസ്, കാവുംഭാഗം, തലശ്ശേരി; ഫിഡ്കോ എന്റർപ്രൈസസ്, ഒളവണ്ണ, കോഴിക്കോട് എന്നീ സ്ഥാപനങ്ങളുടെ ടെണ്ടറുകളുടെ വിവരങ്ങളാണ് രേഖപ്പെടുത്തിക്കാണുന്നത്. എന്നാൽ ലഭിച്ച ടെണ്ടറുകളും ടെണ്ടർ രജിസ്റ്ററും ലഭ്യമല്ല.

3. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ പ്രതിനിധികളുടെ സാന്നിധ്യത്തിൽ ടെണ്ടറുകൾ തുറന്നതിന് ഫയലിൽ രേഖയില്ല [ചട്ടം 5(1)].

4. ടെണ്ടറുകൾ അയച്ച കവറുകൾ ടെണ്ടറിനോടൊപ്പം രേഖയായി സൂക്ഷിച്ചിട്ടില്ല.

5. ടെണ്ടർ തുറക്കുന്നതിനുള്ള പ്രോട്ടോകോൾ ഡോക്കുമെന്റ് പൂർത്തിയാക്കുകയോ ടെണ്ടർ നടപടികളിൽ സന്നിഹിതരായ എല്ലാവരും ഒപ്പുവയ്ക്കുകയോ ചെയ്തതിന് രേഖകളില്ല [ചട്ടം 5(1)].

6. കുറഞ്ഞത് മൂന്ന് സോഷ്യൽ ഓഡിറ്റ് കമ്മിറ്റി മെമ്പർമാരുടെ സാന്നിധ്യത്തിൽ ഏറ്റവും കുറഞ്ഞ വില ടെണ്ടർ ചെയ്ത സ്ഥാപനവുമായി നെഗോഷിയേറ്റ് ചെയ്തത് സംബന്ധിച്ച രേഖ ഫയലിൽ ലഭ്യമല്ല [ചട്ടം 5(1)].

7. ടാബുലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ലക്ഷ്മി ഗ്യാസ് ഏജൻസീസ് ഫിഡ്കോ എന്റർപ്രൈസസ് എന്നീ സ്ഥാപനങ്ങളാണ് ടെണ്ടർ സമർപ്പിച്ചത്. ഏറ്റവും ഉയർന്ന ക്വാട്ട് ചെയ്ത ഫിഡ്കോ എന്റർപ്രൈസസ്, ഒളവണ്ണ, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ആണ് സ്വീകരിച്ചത്. കൂടുതൽ ഗുണമേന്മയേറിയതും ഗ്യാസ് കൺസംഷൻ കുറവുള്ളതുമായ സ്റ്റെയിൻലസ് സ്റ്റീൽ ഡബിൾ ബർണർ, ബട്ടർഫ്ലൈ ഗ്യാസ് സ്റ്റൗ വിതരണം ചെയ്യുന്നതിലേക്ക് നെഗോഷിയേഷന് ശേഷം 2,200/- രൂപ നിരക്കിലുള്ള ടെണ്ടർ ഭരണസമിതി 14-02.2020 തീയ്യതിയിലെ 7-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് ഏറ്റവും ഉയർന്ന നിരക്കാണ്. ടെണ്ടർ പരസ്യത്തിൽ ഡബിൾ ബർണർ, സ്റ്റെയിൻലസ് സ്റ്റീൽ സ്റ്റൗ എന്നാണ് സ്പെസിഫിക്കേഷനുകൾ നൽകിയിരിക്കുന്നത്. ഫിഡ്കോ, ഒളവണ്ണയിൽനിന്ന് വാങ്ങിയ ഗ്യാസ് സ്റ്റൗവിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

8. 26.04.2019 തീയ്യതിയിലെ ജി.ഒ.(പി) നം.7/2019/എസ്.പി.ഡി നമ്പർ ഉത്തരവ് പ്രകാരം സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 19.3 ൽ വരുത്തിയ ഭേദഗതിയനുസരിച്ച് കേരളത്തിലെ സർക്കാർ സ്ഥാപനങ്ങൾ 25,000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് GeM നിർബന്ധമാക്കിയിട്ടുണ്ട്. ബിൽ നം. 13/2019-20; തീയ്യതി: 19.03.2020 പ്രകാരം വികസനഫണ്ടുപയോഗിച്ച് GeM വഴിയല്ലാതെയാണ് ഗ്യാസ് സ്റ്റൗ വാങ്ങിയത്.

ഈ പദ്ധതിയിലെ അപാകതകൾ സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/2019-20; തീയ്യതി: 21.08.2020) താഴെ പറയും പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർ പരസ്യം നൽകിയിരിക്കുന്നത് നഗരസഭാ കാര്യാലയത്തൽനിന്നുമാണെന്നും ടെണ്ടർ പരസ്യത്തിനുള്ള അപേക്ഷ നൽകുക മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്തിട്ടുള്ളതെന്നും അറിയിച്ചിരിക്കുന്നത്. GeM ൽ അംഗണവാടികൾക്ക് ആവശ്യമായ ഗ്യാസ് സ്റ്റൗ ലഭ്യമല്ലെന്ന് നഗരസഭയിൽനിന്നും അറിയിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം ഗ്യാസ് സ്റ്റൗ ഇറക്കുന്നതിനായി ഫിഡ്കോ, ഒളവണ്ണ, കോഴിക്കോട് എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുന്നതെന്നും മറുപടിയിൽ അറിയിച്ചു. ഗ്യാസ് സ്റ്റൗവിന്റെ വാറന്റി കാർഡ് അംഗണവാടികളിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ഒരെണ്ണത്തിന്റെ പകർപ്പ് മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്. രേഖകളുടെയും തൃപ്തികരമായ വിശദീകരണത്തിന്റെയും അഭാവത്തിൽ 1,71,600/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-37 ഞാലിപ്പൂവൻ വാഴക്കന്ന് വിതരണം പദ്ധതി -രേഖകൾ ഹാജരാക്കിയിട്ടില്ല - ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ | : 209/19-20 |
| അടങ്കൽ | : ₹18,000/- |
| ചെലവ് | : ₹18,000/- |
| ഫണ്ട് | : വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം ) |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 കാലയളവിൽ നടപ്പിലാക്കിയ ഞാലിപ്പൂവൻ വാഴക്കന്ന് വിതരണം പദ്ധതിയിൽ 1000 വാഴക്കന്നുകൾ വാങ്ങുന്നതിന് താഴെ കാണിച്ച പ്രകാരം 18,000/- രൂപ ചെലവാക്കിയിട്ടുണ്ട്.

| ക്രമ | ബിൽ നമ്പർ/തീയ്യതി | തുക | തുക അനുവദിച്ച സ്ഥാപനത്തിന്റെ |
|---|---|---|---|

| | | | |
|---|---|---|---|
| നം | | | പേര് |
| 1 | 21/2019-20<br>തീ.27.03.2020 | 18,000 | VFPCK, കാസർഗോഡ് |

ഓഡിറ്റിന് ഹാജരാക്കിയ ഫയലുകളും രേഖകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ 113 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് 565 വാഴക്കന്നുകൾ തലശ്ശേരി കൃഷി ഫീൽഡ് ഓഫീസർ കൈപ്പറ്റിയതായി കാണുന്നു. (കൃഷി ഓഫീസർ ഓഡിറ്റിന് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിലെ പേജ് നം.7) എന്നാൽ തലശ്ശേരി കൃഷി ഫീൽഡ് ഓഫീസർ വാഴക്കന്നുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് കൃഷി ഓഫീസർക്ക് 16.09.2020 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 22/2019-20) കൃഷി ഓഫീസർ സമർപ്പിച്ച മറുപടിയിൽ പ്രസ്തുത രേഖകൾ ഹാജരാക്കേണ്ടത് തലശ്ശേരി കൃഷി ഫീൽഡ് ഓഫീസറാണ് എന്നും രേഖകൾ ഹാജരാക്കുവാൻ കൃഷി ഫീൽഡ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ കൃഷി ഫീൽഡ് ഓഫീസർ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 565 വാഴക്കന്നുകളുടെ വിലയായ 10,170/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-38 തെങ്ങ് കൃഷിക്ക് ജൈവവള പ്രയോഗം പദ്ധതി-രേഖകൾ ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ | : 398/19-20 |
| അടങ്കൽ | : ₹ 2,24,111 (₹1,46,111 പ.വി + ₹ 78,000 ഗു.വി) |
| ചെലവ് | : ₹1,34,328/- |
| ഫണ്ട് | : വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 കാലയളവിൽ നടപ്പിലാക്കിയ തെങ്ങിന് ജൈവവളം പ്രയോഗം എന്ന പദ്ധതിയിൽ താഴെ കാണിച്ച പ്രകാരം 82 ഗുണഭോക്താക്കൾക്ക് ബിൽ നമ്പർ 2/2019-20 തീയ്യതി 30.04.2019 പ്രകാരം 1,34,328/- രൂപ അനുവദിച്ചിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ ഫയലുകളും രേഖകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ ബിൽ പ്രകാരം തുക വിതരണം ചെയ്ത 82 ഗുണഭോക്താക്കളുടെ അപേക്ഷകളൊ പ്രസ്തുത ഗുണഭോക്താക്കൾ ജൈവവളം വാങ്ങിയതിന്റെ രേഖകളോ ഒന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് കൃഷി ഓഫീസർക്ക് 16.09.2020 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 19/2019-20) കൃഷി ഓഫീസർ സമർപ്പിച്ച മറുപടിയിൽ പ്രസ്തുത രേഖകൾ ഹാജരാക്കേണ്ടത് തലശ്ശേരി കൃഷി ഫീൽഡ് ഓഫീസറാണ് എന്നും രേഖകൾ ഹാജരാക്കുവാൻ കൃഷി ഫീൽഡ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ കൃഷി ഫീൽഡ് ഓഫീസർ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 82 ഗുണഭോക്താക്കൾക്ക് അനുവദിച്ച 1,34,328/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-39 തരിശുഭൂമി കൃഷി യോഗ്യമാക്കി പച്ചക്കറി കൃഷി നടത്തൽ രേഖകൾ ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ | : 395/19-20 |
| അടങ്കൽ | : ₹82,000 (₹40,000 പ.വി + ₹ 42,000 ഗു.വി) |
| ചെലവ് | : ₹25,000/- |
| ഫണ്ട് | : വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം ) |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 കാലയളവിൽ തരിശു ഭൂമി കൃഷി യോഗ്യമാക്കി പച്ചക്കറി കൃഷി നടത്തൽ എന്ന പദ്ധതി പ്രകാരം ശ്രീ.മനോജ് കുമാർ.കെ, എന്ന വ്യക്തിക്ക് ബിൽ നമ്പർ 3/2019-20 തീയ്യതി 30.04.2019 പ്രകാരം 25,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ ഫയലുകളും രേഖകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ ജൈവ പച്ചക്കറി വികസനം പദ്ധതിയുമായി ബന്ധപ്പെട്ട യാതൊരു രേഖകളും രജിസ്റ്ററുകളും (ഗുണഭോക്താവിന്റെ അപേക്ഷ ഉൾപ്പെടെ) ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് കൃഷി ഓഫീസർക്ക് 16.09.2020 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 18/2019-20) കൃഷി ഓഫീസർ സമർപ്പിച്ച മറുപടിയിൽ പ്രസ്തുത രേഖകൾ ഹാജരാക്കേണ്ടത് തലശ്ശേരി കൃഷി ഫീൽഡ് ഓഫീസറാണ് എന്നും രേഖകൾ ഹാജരാക്കുവാൻ കൃഷി ഫീൽഡ് ഓഫീസർക്ക്

നിർദ്ദേശം നൽകിയിട്ടുള്ളതാണ് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ കൃഷി ഫീൽഡ് ഓഫീസർ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ഈ പദ്ധതിയിൽ അനുവദിച്ച 25,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-40 ജൈവ പച്ചക്കറി കൃഷി വികസനം പദ്ധതി-രേഖകൾ ഹാജരാക്കിയിട്ടില്ല- ഉക തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ | : | 396/19-20 |
| അടങ്കൽ | : | ₹2,27,960/- |
| ചെലവ് | : | ₹2,23,450/- |
| ഫണ്ട് | : | വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം ) |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 കാലയളവിൽ ജൈവ പച്ചക്കറി കൃഷി വികസനം പദ്ധതിയിൽ താഴെ കാണിച്ച പ്രകാരം 10 ഗുണഭോക്താക്കൾക്കായി 2,23,450/- രൂപ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | ബിൽ നമ്പർ/തീയ്യതി | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 4/2019-20 തീ.30.04.2019 | 2,23,450 | 10 |

ഓഡിറ്റിന് ഹാജരാക്കിയ ഫയലുകൾ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ ജൈവ പച്ചക്കറി വികസനം പദ്ധതിയുമായി ബന്ധപ്പെട്ട യാതൊരു രേഖകളും രജിസ്റ്ററുകളും (ഗുണഭോക്തക്കളുടെ അപേക്ഷകൾ ഉൾപ്പെടെ) ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് കൃഷി ഓഫീസർക്ക് 16.09.2020 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 17/2019-20) കൃഷി ഓഫീസർ സമർപ്പിച്ച മറുപടിയിൽ പ്രസ്തുത രേഖകൾ ഹാജരാക്കേണ്ടത് തലശ്ശേരി കൃഷി ഫീൽഡ് ഓഫീസറാണ് എന്നും രേഖകൾ ഹാജരാക്കുവാൻ കൃഷി ഫീൽഡ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ കൃഷി ഫീൽഡ് ഓഫീസർ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 10 ഗുണഭോക്താക്കൾക്ക് അനുവദിച്ച 2,23,450/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-41 രോഗം ബാധിച്ച തെങ്ങ് മുറിച്ച് മാറ്റൽ പദ്ധതി-രേഖകൾഹാജരാക്കിയിട്ടില്ല-ഉക തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ | : | 394/19-20 |
| അടങ്കൽ | : | ₹22,400/- |
| ചെലവ് | : | ₹14,900/- |
| ഫണ്ട് | : | വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം ) |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 കാലയളവിൽ രോഗം ബാധിച്ച തെങ്ങ് മുറിച്ച് മാറ്റിയതിന് താഴെ കാണിച്ച പ്രകാരം 15 ഗുണഭോക്താക്കൾക്ക് 14,900 രൂപ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | ബിൽ നമ്പർ/തീയ്യതി | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 1/2019-20 തീ.30.04.2019 | 14,900 | 15 |

ഓഡിറ്റിന് ഹാജരാക്കിയ ഫയലുകൾ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ തെങ്ങ് മുറിച്ച് മാറ്റൽ പദ്ധതിയുമായി ബന്ധപ്പെട്ട യാതൊരു രേഖകളും രജിസ്റ്ററുകളും (ഗുണഭോക്താക്കളുടെ അപേക്ഷകൾ ഉൾപ്പെടെ) ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് കൃഷി ഓഫീസർക്ക് 16.09.2020 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 16/2019-20) കൃഷി ഓഫീസർ സമർപ്പിച്ച മറുപടിയിൽ പ്രസ്തുത രേഖകൾ ഹാജരാക്കേണ്ടത് തലശ്ശേരി കൃഷി ഫീൽഡ് ഓഫീസറാണ് എന്നും രേഖകൾ ഹാജരാക്കാൻ കൃഷി ഫീൽഡ് ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. ആയതിനാൽ 15 ഗുണഭോക്താക്കൾക്ക് അനുവദിച്ച 14,900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-42 ഇടവിള കിറ്റ് വിതരണം പദ്ധതി-രേഖകൾ ഹാജരാക്കിയില്ല-ഉക തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ | : | 207/19-20 |
| അടങ്കൽ | : | ₹1,50,000/- |
| ചെലവ് | : | ₹1,50,000/- |
| ഫണ്ട് | : | വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം ) |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 കാലയളവിൽ നടപ്പിലാക്കിയ ഇടവിള കിറ്റ് വിതരണം പദ്ധതിയിൽ 500 ഇടവിള കിറ്റുകൾ വാങ്ങുന്നതിന് താഴെ കാണിച്ച പ്രകാരം 1,50,000/- രൂപ ചെലവാക്കിയിട്ടുണ്ട്.

| ക്രമ നം | ബിൽ നമ്പർ/തീയ്യതി | തുക | തുക അനുവദിച്ച സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 17/2019-20 തീ.25.02.2020 | 1,50,000 | VFPCK, കാസർഗോഡ് |

ഓഡിറ്റിന് ഹാജരാക്കിയ ഫയലുകളും രേഖകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ 500 ഇടവിള കിറ്റുകളിൽ 180 ഇടവിള കിറ്റുകൾ കൃഷി ഓഫീസർ മുഖേന വിതരണം ചെയ്തതായും 320 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് 320 ഇടവിള കിറ്റുകൾ തലശ്ശേരി കൃഷി ഫീൽഡ് ഓഫീസർ കൈപ്പറ്റിയതായും കാണുന്നു. (കൃഷി ഓഫീസർ ഓഡിറ്റിന് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിലെ പേജ് നം.6) എന്നാൽ തലശ്ശേരി കൃഷി ഫീൽഡ് ഓഫീസർ കൈപ്പറ്റിയ 320 ഇടവിള കിറ്റുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് കൃഷി ഓഫീസർക്ക് 16.09.2020 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 14/2019-20) കൃഷി ഓഫീസർ സമർപ്പിച്ച മറുപടിയിൽ പ്രസ്തുത രേഖകൾ ഹാജരാക്കേണ്ടത് തലശ്ശേരി കൃഷി ഫീൽഡ് ഓഫീസറാണ് എന്നും രേഖകൾ ഹാജരാക്കുവാൻ കൃഷി ഫീൽഡ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ കൃഷി ഫീൽഡ് ഓഫീസർ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 320 ഇടവിള കിറ്റുകളുടെ വിലയായ 96,000/- രൂപ (1,50,000/500*320) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-43 ക്വട്ടേഷനുകൾ ലഭിക്കാത്ത സാഹചര്യം-പൊതുമരാമത്ത് മാന്വൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല

പൊതുമരാമത്ത് പ്രവൃത്തികളിൽ രണ്ടോ മൂന്നോ തവണ ആവർത്തിച്ച് ടെണ്ടർ വിളിച്ചാലും ആരും തന്നെ ടെണ്ടർ സമർപ്പിക്കാത്ത സാഹചര്യത്തിൽ ഓഫർ നൽകി എസ്റ്റിമേറ്റ് നിരക്കിലോ അതിനോട് അടുത്ത നിരക്കിലോ ഓഫർ നല്കിയ വ്യക്തിക്ക് കരാർ ഉറപ്പിച്ച നൽകുന്ന സാഹചര്യം നിലനിൽക്കുന്നതായി പല ഫയലുകളുടെയും പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. 2012 ലെ കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2013, സെക്ഷൻ 2003 എന്നിവയിലെ വ്യവസ്ഥകളനുസരിച്ച് ടെണ്ടറുകൾ വിളിച്ചിട്ടും പ്രതികരണം ലഭിക്കാതിരിക്കുകയോ ലഭിച്ച ടെണ്ടറുകൾ തൃപ്തികരമല്ലാത്തതിനാൽ നിരസിക്കേണ്ടി വരികയോ ഇനി ടെണ്ടറുകൾ വിളിക്കുന്നത് വ്യർത്ഥവും പ്രവൃത്തി അടിയന്തിര സ്വഭാവമുള്ളതായിരിക്കുകയും ചെയ്താൽ ടെണ്ടർ സ്വീകരിക്കാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സീൽ ചെയ്ത മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കേണ്ടതാണ്. മുകളിൽപ്പറഞ്ഞ വിധം ക്വട്ടേഷനുകൾ ഒന്നും തന്നെ ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളതെങ്കിൽ നെഗോഷ്യേറ്റഡ് ക്വട്ടേഷനുകൾ ക്ഷണിക്കേണ്ടതും കുറഞ്ഞ തുക ക്വോട്ടു ചെയ്ത ബിഡ്ഡർക്ക് വർക്ക് നൽകേണ്ടതും ഇക്കാര്യം ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് ചെയ്തതിന്റെ രേഖകൾ ഫയലുകളിൽ ലഭ്യമല്ല. പല പ്രവൃത്തികളുടെയും ഫയലുകളിൽ ഓഫീസ് കുറിപ്പുകളിൽ നടത്തിയ രേഖപ്പെടുത്തലുകളല്ലാതെ മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചതിന്റെയോ നെഗോഷ്യേറ്റഡ് ക്വട്ടേഷൻ ക്ഷണിച്ചതിന്റെയോ രേഖകൾ ലഭ്യമല്ല. ചില ഉദാരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം. | പ്രവൃത്തിയുടെ പേര് / ഫയൽ നം | അടങ്കൽ | ടെണ്ടർ നടന്ന തീയ്യതികൾ |
|---|---|---|---|---|
| 1 | 377/20 | ആമൂസ് റോഡ് മുതൽ സൈദാർപള്ളിയുടെ പിറക് വശം റോഡ് ടാറിംഗ് ഫുട്പാത്ത് കോൺക്രീറ്റിംഗ് E1/26210/18 | 5,00,000 | 24.09.2018, 14.11.2018, 29.11.2018. 29.12.2018 ലെ 6ാം നമ്പർ തീരുമാന പ്രകാരം ഓഫർ |

| | | | | |
|---|---|---|---|---|
| | | | | ക്ഷണിച്ചു. |
| 2 | 531/20 | ചെള്ളത്ത് കൊമ്മൽ വയൽ റോഡ് ടാറിംഗ് വാർഡ് 35<br>E1/24787/18 | 8,40,000 | 24.09.2018, 14.11.2018, 29.12.2018.<br>29.12.2018 ലെ 6ാം നമ്പർ തീരുമാന പ്രകാരം ഓഫർ ക്ഷണിച്ചു |
| 3 | 560/20 | നരിക്കോട്ട് കിണർ മുതൽ മഠം കാരാൽതെരു റോഡ് വരെ റോഡ് ടാറിംഗ്, ഫുട്പാത്ത് നിർമ്മാണം<br>E1/29407/18 | 5,80,000 | 24.09.2018, 14.11.2018, 29.12.2018.<br>29.12.2018 ലെ 6ാം നമ്പർ തീരുമാന പ്രകാരം ഓഫർ ക്ഷണിച്ചു. |
| 4 | 528/20 | കാട്ടിമുക്ക് സത്യന്റെ വീടിനു സമീപം മുതൽ ടി.എം. ദിനേശന്റെ വീടിനു സമീപം വഴി ആശ്രമം റോഡ് വരെ ടാറിംഗ്<br>E2/24925/18 | 4,90,000 | 12.09.2018, 02.11.2018, 22.12.2018.<br>29.12.2018 ലെ 6-ാം നമ്പർ തീരുമാന പ്രകാരം ഓഫർ ക്ഷണിച്ചു |
| 5 | 550/20 | പട്ടേപ്പറമ്പ് ഈങ്ങയിൽപ്പീടിക ചിക്കൻസ്റ്റാൾ റോഡ് വരെ റോഡ് ടാറിംഗ്<br>E2/26246/18 | 8,00,000 | 24.09.2018, 14.11.2018, 29.12.2018<br>29.12.2018 ലെ 6-ാം നമ്പർ തീരുമാന പ്രകാരം ഓഫർ ക്ഷണിച്ചു. |
| 6 | 370/20 | പുന്നോൽ വയൽ താഴെ തോട് കൾവർട്ട് നിർമ്മാണം, റോഡ് നിർമ്മാണം രണ്ടാം ഘട്ടം- വാർഡ് 34<br>E1-29405/18 | 15,00,000 | 24.9.2018, 14.11.2018, 29.12.2018.<br>29.12.2018 ലെ 6-ാം നമ്പർ തീരുമാന പ്രകാരം ഓഫർ ക്ഷണിച്ചു. |
| 7 | 534/20 | കൊട്ടാര വളപ്പിൽ വയോമിത്രം കെട്ടിടത്തിന്റെ അടുത്തുള്ള റോഡിൽനിന്നും തുടങ്ങി ചൂരായി കണാരൻ റോഡിൽ ഉദയ ചിക്കൻസ്റ്റാളിന് എതിർവശം വരെയുള്ള റോഡ് റിപ്പേറും | 4,70,000 | 12.09.2018, 02.11.2018, 22.12.2018.<br>29.12.2018 ലെ 6-ാം നമ്പർ തീരുമാന |

| | | | | |
|---|---|---|---|---|
| | | റീടാറിംഗും<br>E2-24870/18 | | പ്രകാരം ഓഫർ ക്ഷണിച്ചു. |

ഇത് സംബന്ധിച്ച് അഭിപ്രായം ലഭ്യമാക്കണമെന്ന് അറിയിക്കണമെന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ: 53/2019-20; തീയ്യതി: 03.02.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതുമരാമത്ത് മാന്വൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ നിഷ്കർഷ പുലർത്തേണ്ടതാണ്.

1-44 മരാമത്ത് പ്രവൃത്തികൾ-പൊതു അപാകതകൾ

1. എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

2012 ലെ കേരളാ PWD മാന്വൽ സെക്ഷൻ 16.01.1.2.-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരം പദ്ധതിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റിനോടൊപ്പം എസ്റ്റിമേറ്റ് റിപ്പോർട്ടും തയ്യാറാക്കേണ്ടതാണ്. എസ്റ്റിമേറ്റ് റിപ്പോർട്ടിനോടൊപ്പം ലൊക്കേഷൻ, പ്രവൃത്തിയുടെ സവിശേഷതകൾ, സൈറ്റ് പ്ലാൻ മുതലായവ ഉണ്ടായിരിക്കണം. എല്ലാ പ്രധാനപ്പെട്ട ഐറ്റങ്ങൾക്കും ഡിസൈൻ ഡ്രോയിംഗും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ പല മരാമത്ത് ജോലികളിലും ഇത്തരത്തിൽ ഒരു എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നമ്പർ | പദ്ധതിയുടെ പേര് | ഫയൽ നമ്പർ |
|---|---|---|---|
| 1 | 408/20 | ആർ.കെ. പ്രകാശന്റെ വീടിനു സമീപം മുതൽ മെയിൻ റോഡുവരെ ബാക്കിഭാഗം റോഡിന് കലുങ്ക് വെട്ടി ടാറിംഗ്- വാർഡ് 23 | E2/29139/18 |
| 2 | 370/20 | പുന്നോൽ വയൽ താഴെ തോട്-കൾവർട്ട് നിർമ്മാണം, റോഡ് നിർമ്മാണം രണ്ടാം ഘട്ടം-വാർഡ് 34 | E1-29405/18 |
| 3 | 145/20 | വിവിധ ഫുട്പാത്ത് കോൺക്രീറ്റിംഗ്-വാർഡ് 36 | E1/18104/19 |
| 4 | 410/20 | ക്ഷേത്രം റോഡ് ടാറിംഗ്-വാർഡ് 28 | E1/32162/18 |
| 5 | 529/20 | ജൂബിലി റോഡ് മുതൽ ശംഖുനാദം വീട്ട വരെ റോഡ് റീടാറിംഗ്, വാർഡ് 44 | E1/29152/18 |
| 6 | 560/20 | നരിക്കോട്ട് കിണർ മുതൽ മഠം കാരാൽത്തെരു റോഡ് വരെ റോഡ് ടാറിംഗ്. | E1/29407/18 |
| 7 | 528/20 | കാട്ടിമുക്ക് സത്യന്റെ വീടിന് സമീപം മുതൽ ടി.എം.ദിനേശന്റെ വീടിനു സമീപം വഴി ആശ്രമം റോഡ് വരെ റോഡ് ടാറിംഗ് വാർഡ് 23 | E2/24925 |
| 8 | 537/20 | രാമനിലയം വീട് മുതൽ വയലളം സെൻട്രൽ ഫുട്പാത്ത് വരെ റോഡ് ടാറിംഗ് മനോളിക്കാവ് മെയിൻറോഡ് മുതൽ വയലളം സെൻട്രൽ യു.പി. സ്കൂൾ ഓവുചാൽ വരെ ഫുട്പാത്ത് പുനർനിർമ്മാണം. | E2/37687/18 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നമ്പർ: 50 /2019-20; തീയ്യതി: 20.01.2021) മറുപടിയിൽ പ്രൈസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്നും പ്രൈസിൽ സൈറ്റ് പ്ലാൻ, ഡ്രോയിംഗ്, അനുബന്ധ രേഖകൾ എല്ലാം അപ്‌ലോഡ് ചെയ്തിട്ടാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്നും ഫയലിൽ എസ്റ്റിമേറ്റ് പ്രിന്റ് എടുത്തു വയ്ക്കാറില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്. ആയത് ഇനി മുതൽ പ്രിന്റ് എടുത്തുവയ്ക്കാമെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2012 ലെ കേരളാ PWD മാന്വലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരമുള്ള എല്ലാ രേഖകളും ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ്.

2. പ്രവൃത്തി ഏറ്റെടുത്ത കത്തിന് നിയമ സാധുതയില്ല

കരാർ ചമച്ച് പത്ത് ദിവസത്തിനകം കരാറുകാരനോ അയാളുടെ അംഗീകൃത പ്രതിനിധിയോ പ്രവൃത്തി സ്ഥലം എഞ്ചിനീയറിൽനിന്നും ഏറ്റെടുക്കേണ്ടതും നിശ്ചിത മാതൃകയിലുള്ള കൈപ്പറ്റ് രശീത് ഒപ്പുവച്ച് നൽകേണ്ടതുമാണ് (പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2102.1). എന്നാൽ സൈറ്റ് ഏറ്റെടുത്തത് സംബന്ധിച്ച അപ്പന്റിക്സ് VI (A) മാതൃകയിലുള്ള കത്തിൽ സൈറ്റ്

ഏറ്റെടുത്ത തീയ്യതി, കോൺട്രാക്ടറുടെ തീയ്യതി സഹിതമുള്ള ഒപ്പ് എന്നിവ ചേർക്കുന്നതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നമ്പർ | പദ്ധതിയുടെ പേര് | ഫയൽ നമ്പർ | കുറിപ്പ് |
|---|---|---|---|---|
| 1 | 408/20 | ആർ.കെ. പ്രകാശന്റെ വീടിനു സമീപം മുതൽ മെയിൻ റോഡുവരെ ബാക്കിഭാഗം റോഡിന് കലുങ്ക് വെട്ടി ടാറിംഗ്-വാർഡ് 23 | E2/29139/18 | 1.കോൺട്രാക്ടറുടെ ഒപ്പിൽ തീയ്യതി ചേർത്തിട്ടില്ല.<br>2. സൈറ്റ് ഏറ്റെടുത്ത തീയ്യതി ചേർത്തിട്ടില്ല. |
| 2 | 370/20 | പുന്നോൽ വയൽ താഴെ തോട്-കൾവർട്ട് നിർമ്മാണം, റോഡ് നിർമ്മാണം രണ്ടാം ഘട്ടം-വാർഡ് 34 | E1-29405/18 | കോൺട്രാക്ടർ ഒപ്പ് ഇട്ടിട്ടില്ല |
| 3 | 145/20 | വിവിധ ഫുട്പാത്ത് കോൺക്രീറ്റിംഗ് -വാർഡ് 36 | E1/18104/19 | 1. കോൺട്രാക്ടർ ഒപ്പ് വച്ചിട്ടില്ല.<br>2.സൈറ്റ് കൈമാറിയ തീയ്യതി ഏതെന്ന് ചേർത്തിട്ടില്ല. |
| 4 | 410/20 | കുഴമിയിൽ റോഡ് ടാറിംഗ്-വാർഡ് 28 | E1/32162/18 | കോൺട്രാക്ടർ ഒപ്പ് വച്ചിട്ടില്ല. |
| 5 | 529/20 | ജൂബിലി റോഡ് മുതൽ ശംഖുനാദം വീട്ട വരെ റോഡ് റീടാറിംഗ്, വാർഡ് 44 | E1/29152/18 | കോൺട്രാക്ടർ ഒപ്പ് വച്ചിട്ടില്ല. |
| 6 | 532/20 | ഇല്ലത്ത് താഴെ മണോളിക്കാവ് നങ്ങാറത്ത് പീടിക റോഡ് റീടാറിംഗ്-17,19,26 | E2/24944/18 | പ്രവൃത്തി ഏറ്റെടുത്ത കത്ത് ഫയലിൽ ലഭ്യമല്ല. |
| 7 | 550/20 | പട്ടേപ്പറമ്പ് ഈങ്ങയിൽപ്പീടിക ചിക്കൻസ്റ്റാൾ വരെ റോഡ് റീടാറിംഗ് വാർഡ് 25, 26, 27 | E2/26246/18 | കോൺട്രാക്ടർ ഒപ്പ് വച്ചിട്ടില്ല. |
| 8 | 537/20 | രാമനിലയം വീട് മുതൽ വയലളം സെൻട്രൽ ഫുട്പാത്ത് വരെ റോഡ് ടാറിംഗ് മനോളിക്കാവ് മെയിൻറോഡ് മുതൽ വയലളം സെൻട്രൽ യു.പി. സ്കൂൾ ഓവുചാൽ വരെ ഫുട്പാത്ത് പുനർനിർമ്മാണം. | E2/37687/18 | കോൺട്രാക്ടർ ഒപ്പുവച്ചിട്ടില്ല. |

20.01.2021 തീയ്യതിയിലെ 50/2019-20 നമ്പരിലുള്ള ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ പ്രവൃത്തിയുടെ കരാർ ചമച്ച് കോൺട്രാക്ടർക്ക് വർക്ക് ഓർഡർ ചെയ്യുകയും സൈറ്റ് കൈമാറുകയും ചെയ്യാറുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. സൈറ്റ് ഏറ്റെടുക്കുന്ന

കത്തിൽ കോൺട്രാക്ടറുടെ തീയ്യതി സഹിതമുള്ള ഒപ്പ് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

3. മരാമത്ത് പ്രവൃത്തികൾ റിവൈസ് ചെയ്തത് നടപടിക്രമങ്ങൾ പാലിക്കാതെ

ചില മരാമത്ത് ജോലികളുടെ ഫയൽ പരിശോധിച്ചതിൽനിന്നും എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ താഴെ കൊടുത്തിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. (പൊതുമരാമത്ത് മാന്വൽ 2012- സെക്ഷൻ 1601.1.6)

I) പ്രവൃത്തിയുടെ പ്രധാനപ്പെട്ട വ്യതിയാനങ്ങളുടെ പ്രകൃതവും കാരണവും സാമ്പത്തിക ആഘാതവും എന്തൊക്കെയാണെന്ന് വിലയിരുത്തിക്കൊണ്ടുള്ള അപ്പന്റിക്സ് 1600 E മാതൃകയിലുള്ള പത്രിക തയ്യാറാക്കിയിട്ടില്ല.

II) അളവുകൾ, നിരക്കുകൾ, ഓരോ ഇനത്തിന്റെയും വ്യതിയാനത്തിന്റെ കാരണം വ്യക്തമാക്കിക്കൊണ്ടുള്ള ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരവും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരവുമുള്ള തുകകൾ എന്നിവ ഉൾപ്പെടുന്ന ഒരു താരതമ്യ പത്രിക അപ്പന്റിക്സ് 1600 F മാതൃകയിൽ തയ്യാർ ചെയ്തിട്ടില്ല.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നമ്പർ | പദ്ധതിയുടെ പേര് | ഫയൽ നമ്പർ |
|---|---|---|---|
| 1 | 519/20 | വാർഡ് 32 ൽ വിവിധ നടപ്പാതകളുടെ കോൺക്രീറ്റിംഗ്, പൊതുവഴി സ്റ്റെപ്പ് കെട്ടൽ, പുനരുദ്ധാരണം | E1/29147/18 |
| 2 | 529/20 | ജൂബിലി റോഡ് മുതൽ ശംഖുനാദം വീട് വരെ റോഡ് റീടാറിംഗ്, വാർഡ് 44 | E1-29152/18 |

മേൽ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സാധാരണ ഗതിയിൽ അപ്പന്റിക്സ് 1600 E മാതൃകയിലുള്ള പത്രിക തയ്യാറാക്കാറില്ല എന്നും ആയത് ഇനി മുതൽ തയ്യാറാക്കി വയ്ക്കുന്നതുമാണെന്നാണ് അറിയിച്ചിട്ടുള്ളത്. മാന്വലിലെ വ്യവസ്ഥകൾ പാലിച്ച് പത്രിക നിർബന്ധമായും തയ്യാറാക്കേണ്ടതാണ്. ഇതേ മറുപടിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ അപ്പന്റിക്സ് 1600 F പ്രകാരമുള്ള താരതമ്യ പത്രിക തയ്യാറാക്കാറുണ്ട് എന്നാണ് അറിയിച്ചത്. എന്നാൽ മേൽ ഫയലുകളിൽ പ്രസ്തുത പത്രിക ലഭ്യമായിരുന്നില്ല. മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

4. ഫൈനൽ ബിൽ സമർപ്പിക്കുന്നതിലെ കാലതാമസം

കേരളാ പൊതുമരാമത്ത് ചട്ടങ്ങളിലെ ചട്ടം 15 (7) പ്രകാരം പ്രവൃത്തി പൂർത്തിയാക്കി ഒരാഴ്ചക്കകം അളവെടുത്ത് രണ്ടാഴ്ചക്കകം ഫൈനൽ ബിൽ സമർപ്പിക്കണം. ഫൈനൽ ബിൽ സമർപ്പിക്കുന്നതിൽ ചട്ടപ്രകാരമുള്ള വ്യവസ്ഥ പാലിക്കപ്പെടാത്ത മരാമത്ത് പണികൾക്ക് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നമ്പർ | പദ്ധതിയുടെ പേര് | ഫയൽ നമ്പർ | പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി | ഫൈനൽ ബിൽ തയ്യാറാക്കി സമർപ്പിച്ച തീയ്യതി |
|---|---|---|---|---|---|
| 1 | 408/20 | ആർ.കെ പ്രകാശന്റെ വീടിനു സമീപം മുതൽ മെയിൻ റോഡ് വരെ ബാക്കിഭാഗം റോഡിന് കലുങ്ക് കെട്ടി ടാറിംഗ് | E2/29139/18 | 12.02.2019 (എം.ബുക്ക് പേജ് നം.17) | 14.06.2019 (എം.ബുക്ക് പേജ് നം.29) |
| 2 | 145/20 | വിവിധ ഫുട്പാത്ത് കോൺക്രീറ്റിംഗ്-വാർഡ് 36 | E1/18104/19 | 16.11.2019 (എം.ബുക്ക് പേജ് നം.9) | 21.01.2020 (എം.ബുക്ക് പേജ് നം.17) |
| 3 | 410/20 | കുഴമിയിൽ ക്ഷേത്രം റോഡ് ടാറിംഗ്-വാർഡ് 28 | E1/32162/18 | 07.03.2019 (എം.ബുക്ക് പേജ് നം.12) | 14.06.2019 (എം.ബുക്ക് പേജ് നം.19) |
| 4 | 529/20 | ജൂബിലി റോഡ് മുതൽ | E1/29152/18 | 23.09.2019 | 23.09.2019 |

| | | | | | |
|---|---|---|---|---|---|
| | | ശംഖുനാദം വീട്ടു വരെ റോഡ് റീടാറിംഗ്, വാർഡ് 44 | | (എം.ബുക്ക് പേജ് നം.32) | (എം.ബുക്ക് പേജ് നം.44) |
| 5 | 552/20 | സമൂഹ മടത്തിനു സമീപം ഡോ.രഞ്ജിത്ത് രാമകൃഷ്ണന്റെ വീട്ടു മുതൽ അഡ്വ.ബാലസുബ്രഹ്മണ്യം വീട്ടു വരെയുള്ള റോഡ് റീടാറിംഗ്, ഓടകൾ പുനർനിർമ്മാണം, ചിങ്ങോരൻ റോഡിന്റെ പാർശ്വഭാഗത്തുള്ള ഓവുചാൽ, കലുങ്ക് നിർമ്മാണം-വാർഡ് 17,18 | E2/29138/18 | 16.04.2019 (എം.ബുക്ക് പേജ് നം.26) | 29.08.2019 (എം.ബുക്ക് പേജ് നം.36) |
| 6 | 532/20 | ഇല്ലത്ത് താഴെ മണോളിക്കാവ് നങ്ങാറത്ത് പീടിക റോഡ് റീടാറിംഗ്-വാർഡ് 17,19,26 | E2/24944/18 | 28.03.2019 (എം.ബുക്ക് പേജ് നം.27) | 29.08.2019 (എം.ബുക്ക് പേജ് നം.41) |
| 7 | 550/20 | പട്ടേപ്പറമ്പ് ഈങ്ങയിൽപ്പീടിക ചിക്കൻസ്റ്റാൾ വരെ റോഡ് റീടാറിംഗ് വാർഡ് 25, 26, 27 | E2/26246/18 | 17.04.2019 28.03.2019 (എം.ബുക്ക് പേജ് നം.21) | 18.7.19 28.03.2019 (എം.ബുക്ക് പേജ് നം.34) |
| 8 | 537/20 | രാമനിലയം വീട് മുതൽ വയലളം സെൻട്രൽ ഫുട്പാത്ത് വരെ റോഡ് ടാറിംഗ് മനോളിക്കാവ് മെയിൻറോഡ് മുതൽ വയലളം സെൻട്രൽ യു.പി. സ്കൂൾ ഓവുചാൽ വരെ ഫുട്പാത്ത് പുനർനിർമ്മാണം. | E2/37687/18 | 24.4.19 (എം.ബുക്ക് പേജ് നം.19) | 30.7.19 (എം.ബുക്ക് പേജ് നം.31) |

20.01.2021 തീയ്യതിയിലെ 50/2019-20നമ്പരിലുള്ള ഓഡിറ്റ് അന്വേഷണത്തിലുള്ള മറുപടിയിൽ നഗരസഭയിൽ ഓരോ വർഷവും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ കീഴിൽ ധാരാളം മരാമത്ത് പ്രവൃത്തികൾ ഒരേ സമയം നടക്കുകയും പൂർത്തീകരിക്കുകയും ചെയ്യുന്നതുകൊണ്ട് അളവെടുത്ത് ബില്ല് തയ്യാറാക്കുന്നതിൽ കാലതാമസം വരാറുണ്ടെന്നും ആയത് പരിഹരിക്കാൻ ശ്രമിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മാന്വലിലിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

5. പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റില്ലാതെ കരാറുകാരന് ഫൈനൽ ബിൽ തുക അനുവദിച്ചു നൽകി

2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2113 പ്രകാരം മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചാൽ പ്രവൃത്തിയുടെ ഡ്രോയിംഗ് സഹിതവും മേലുദ്യോഗസ്ഥർക്കുള്ള പകർപ്പുകൾ സഹിതവും സാങ്കേതികാനുമതി നൽകിയ അധികാര സ്ഥാനത്തിന് ഒരു പൂർത്തീകരണ സർട്ടിഫിക്കറ്റ് അപ്പന്റിക്സ് 2100 G മാതൃകയിൽ സമർപ്പിക്കേണ്ടതാണ്. പൂർത്തീകരണ സർട്ടിഫിക്കറ്റ് അധികാര സ്ഥാനങ്ങൾ സാക്ഷ്യപ്പെടുത്താതെ പ്രവൃത്തിയുടെ ഫൈനൽ ബിൽ അനുവദിച്ചു നൽകാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരം പൂർത്തീകരണ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ലാത്തതും ഫൈനൽ ബിൽ നൽകിയതുമായ ചില പ്രവൃത്തികൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നമ്പർ | പ്രവൃത്തിയുടെ പേര് | ഫയൽ നം. | ബിൽ നം. | തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 552/20 | സമൂഹ മഠത്തിനു സമീപം ഡോ.രഞ്ജിത്ത് രാമകൃഷ്ണന്റെ വീട്ടു മുതൽ അഡ്വ.ബാലസുബ്രഹ്മണ്യം വീട് വരെയുള്ള റോഡ് ടാറിംഗ്, ഓടകൾ പുനർനിർമ്മാണം, ചിങ്ങോരൻ റോഡിന്റെ പാർശ്വ ഭാഗത്തുള്ള ഓവുചാൽ, കലുങ്ക് നിർമ്മാണം-വാർഡ് 17, 14 | E2/29138/18 | 62/19-20; തീ: 27.08.2019 | 5,00,625 |
| 2 | 408/20 | ആർ.കെ പ്രകാശന്റെ വീടിനു സമീപം മുതൽ മെയിൻ റോഡ് വരെ ബാക്കിഭാഗം റോഡിന് കലുങ്ക് കെട്ടി ടാറിംഗ് | E2/29139/18 | 22/19-20; തീ: 4.6.19 | 466409 |
| 3 | 410/20 | കുഴമിയിൽ ക്ഷേത്രം റോഡ് ടാറിംഗ്-വാർഡ് 28 | E1/32162/18 | 24/19-20 തീ: 3.6.19 | 443763 |
| 4 | 529/20 | ജൂബിലി റോഡ് മുതൽ ശംഖുനാദം വീട്ടു വരെ റോഡ് റീടാറിംഗ്, വാർഡ് 44 | E1/29152/18 | 82/19-20 തീ: 29.11.2019 | 493121 |
| 7 | 550/20 | പട്ടേപ്പറമ്പ് ഈങ്ങയിൽപ്പീടിക ചിക്കൻസ്റ്റാൾ വരെ റോഡ് റീടാറിംഗ് വാർഡ് 25, 26, 27 | E2/26246/18 | 48/19-20 തീ: 16.7.19 | 765415 |
| 8 | 537/20 | രാമനിലയം വീട് മുതൽ വയലളം സെൻട്രൽ ഫുട്പാത്ത് വരെ റോഡ് ടാറിംഗ് മനോളിക്കാവ് മെയിൻറോഡ് മുതൽ വയലളം സെൻട്രൽ യു.പി. സ്കൂൾ ഓവുചാൽ വരെ ഫുട്പാത്ത് പുനർനിർമ്മാണം. | E2/37687/18 | 54/19-20 തീ: 26.7.19 | 520235 |

20.01.2021 തീയ്യതിയിലെ 50/2019-20 നമ്പരിലുള്ള ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിക്കുമ്പോൾ അതിന്റെ കൂടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് (അസിസ്റ്റന്റ് എഞ്ചിനീയറും ഓവർസീയറും ഒപ്പിട്ടത്) വയ്ക്കാറുണ്ടെന്നും പ്രസ്തുത പ്രവൃത്തികൾക്കെല്ലാം സാങ്കേതികാനുമതി നൽകുന്നത് ഇതേ ഓഫീസിൽനിന്നാണെന്നും എന്നാൽ അപ്പന്റിക്സ് 2100 G മാതൃകയിലുള്ള പൂർത്തീകരണ സർട്ടിഫിക്കറ്റ് സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി വയ്ക്കാറില്ലെന്നും ആയത് ഇനിമുതൽ പരിഹരിക്കുന്നതുമാണെന്നും അറിയിച്ചിട്ടുണ്ട്. മാന്വലിലെ വ്യവസ്ഥകൾ പാലിക്കാൻ നിഷ്കർഷ പുലർത്തേണ്ടതാണ്.

6. ഫയൽ സൂക്ഷിപ്പിലെ അപാകതകൾ

മരാമത്ത് സെക്ഷനിൽ സൂക്ഷിച്ചിരിക്കുന്ന ഫയലുകളിലെ കറന്റ് ഫയലുകളുടെയും നോട്ട് ഫയലുകളുടെയും പേജുകളിൽ ക്രമ നമ്പർ ഇട്ടിട്ടില്ല. കറന്റ് ഫയലുകളിലെ പല രേഖകളും ക്രമരഹിതമായാണ് സൂക്ഷിച്ചിരിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നമ്പർ | പദ്ധതിയുടെ പേര് | ഫയൽ നമ്പർ |
|---|---|---|---|
| 1 | 408/20 | ആർ.കെ പ്രകാശന്റെ വീടിനു സമീപം മുതൽ മെയിൻ റോഡ് വരെ ബാക്കിഭാഗം റോഡിന് കലുങ്ക് കെട്ടി ടാറിംഗ് | E2/29139/18 |
| 2 | 370/20 | പുന്നോൽ വയൽ താഴെ തോട്-കൾവർട്ട് നിർമ്മാണം, റോഡ് നിർമ്മാണം രണ്ടാം ഘട്ടം-വാർഡ് 34 | E1-29405/18 |
| 3 | 145/20 | വിവിധ ഫുട്പാത്ത് കോൺക്രീറ്റിംഗ്-വാർഡ് 36 | E1/18104/19 |
| 4 | 410/20 | കുഴമിയിൽ ക്ഷേത്രം റോഡ് ടാറിംഗ്-വാർഡ് 28 | E1/32162/18 |
| 5 | 529/20 | ജൂബിലി റോഡ് മുതൽ ശംഖുനാദം വീട് വരെ റോഡ് റീടാറിംഗ്, വാർഡ് 44 | E1/29152/18 |
| 7 | 550/20 | പട്ടേപ്പറമ്പ് ഈങ്ങയിൽപ്പീടിക ചിക്കൻസ്റ്റാൾ വരെ റോഡ് റീടാറിംഗ് വാർഡ് 25, 26, 27 | E2/26246/18 |

ഇത് സംബന്ധിച്ച് 20.01.2021 തീയ്യതിയിലെ 50/2019-20 നമ്പരിലുള്ള ഓഡിറ്റ് അന്വേഷണത്തിന് ഇനിമുതൽ മരാമത്ത് സെക്ഷനിലെ ഫയലുകളിൽ ക്രമനമ്പരിട്ട് സൂക്ഷിക്കുന്നതാണെന്നും രേഖകളെല്ലാം കൃത്യമായി വയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഫയലുകൾ ക്രമപ്രകാരം സൂക്ഷിക്കേണ്ടതാണ്.

1-45 ജൂബിലി റോഡ് മുതൽ ശംഖുനാദം വീട് വരെ റോഡ് റീടാറിംഗ്-അപാകതകൾ

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ (സൗത്ത്) |
| പ്രൊജക്റ്റിന്റെ പേര് | : | ജൂബിലി റോഡ് മുതൽ ശംഖുനാദം വീട് വരെ റോഡ് റീടാറിംഗ്, വാർഡ് 44 |
| പ്രോജക്റ്റ് നമ്പർ | : | 529/20 |
| അടങ്കൽ | : | 7,00,000 (മെയിന്റനൻസ് ഗ്രാന്റ്, റോഡ്) |
| ചെലവ് | : | 4,93,121 |
| ബിൽ നം./തീയ്യതി | : | 82/2019-20; 29.11.2019 |
| ഫയൽ നം. | : | E1-29152/18 |
| കരാറുകാരൻ | : | ശ്രീ. പി. സുധീഷ്, നെട്ടൂർ (കരാർ തുക: 610147.95) |

മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഏഴ് ലക്ഷം രൂപ വകയിരുത്തിയ മേൽ പ്രവൃത്തി 2018-19 വാർഷമാണ് ആരംഭിച്ചത്. ഈ പ്രവൃത്തി സംബന്ധിച്ച് അപാകതകൾ ചുവടെ ചേർക്കുന്നു.

1. കരാറുകാരന്റെ പിഴവു മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ വഴി അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, പി.എ.സി.യുടെ 1% പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികമാകാവുന്നതല്ല. ഈ കാലാവധിക്കുശേഷം പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ചതിനു ശേഷമേ കരാറുകാരന് തുക നൽകാവൂ (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012, സെക്ഷൻ 2112).

മേൽ പ്രവൃത്തി ആരംഭിച്ചത് 07.03.2019 തീയ്യതിയിലാണ്. മൂന്ന് മാസമാണ് പ്രവൃത്തിയുടെ കാലയളവ്. ഇതനുസരിച്ച് 05.06.2019 ലാണ് പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്നത്. പൊതുമരാമത്ത് മാന്വലിലെ മേൽ സൂചിപ്പിച്ച വ്യവസ്ഥ അനുസരിച്ച് പ്രവൃത്തി പൂർത്തീകരണത്തിന്റെ കാലയളവ് 20.07.2019 തീയ്യതി വരെ (പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവായ മൂന്നു മാസത്തിന്റെ 50%=45 ദിവസം) മാത്രമേ പരമാവധി അനുവദനീയമായിട്ടുള്ളൂ. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 30.09.2019 വരെ നീട്ടിനൽകാൻ കരാറുകാരനായ ശ്രീ. പി. സുധീഷ്, നെട്ടൂരിന്റെ അപേക്ഷ (തീയ്യതി ചേർത്തിട്ടില്ല) ഫയലിൽ ലഭ്യമാണ്.

പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 20.09.2019 വരെ നീട്ടി നൽകുകയും ചെയ്തിട്ടുണ്ട് [അസിസ്റ്റന്റ് എഞ്ചിനീയർ (സൗത്ത്) കരാറുകാരൻ നൽകിയ അപേക്ഷയിൽ തീയ്യതിയിടാതെ എഴുതിയ കുറിപ്പ് കാണുക]. പ്രവൃത്തി ഔദ്യോഗികമായി പൂർത്തീകരിച്ച തീയ്യതി 23.09.2019 ആണ് (എം.ബുക്ക് നം. 2/19, പേജ് 32). പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 50% ദിവസത്തിൽ കൂടുതൽ നീട്ടി നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി മാന്വലിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്. പൂർത്തീകരണ കാലയളവ് കഴിഞ്ഞുള്ള പരമാവധി ദീർഘിപ്പിക്കൽ കാലയളവായ 45 ദിവസങ്ങൾക്കുള്ളിലും പ്രവൃത്തി പൂർത്തീകരിക്കാതെ 23.9.2019 തീയ്യതിക്കാണ് (പൂർത്തീകരണ കാലയളവിനുശേഷം 108 ദിവസം കഴിഞ്ഞ്) പ്രവൃത്തി പൂർത്തീകരിച്ചത്. ആയതിനാൽ ഈ പ്രവൃത്തി ആധികാരികമല്ല. മാത്രമല്ല പ്രവൃത്തി ക്രമീകരിക്കാതെ കരാറുകാരന് തുക അനുവദിച്ച് നൽകിയ നടപടി മാന്വലിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്.

2. പ്രവൃത്തി പൂർത്തിയാക്കി അളവെടുത്ത് രണ്ടാഴ്ചയ്ക്കകം ഫൈനൽ ബിൽ സമർപ്പിക്കണം [1997 ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും ചട്ടങ്ങളിലെ ചട്ടം 15(7)]. 23.09.2019 തീയ്യതിയിൽ പൂർത്തീകരിച്ച (എം.ബുക്ക് നം.2/2019, പേജ് നം.23.09.2019) പ്രവൃത്തിയുടെ ഫൈനൽ ബിൽ സമർപ്പിക്കുന്നത് 21.01.2020 (എം.ബുക്ക് നം.2/20, പേജ് 44) തീയ്യതിയിലാണ്.

3. എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല എന്നാണ് എം.ബുക്കിന്റെ പരിശോധനയിൽ വ്യക്തമാകുന്നത്.

| ക്രമ നം. | പ്രവൃത്തിയുടെ ഇനം | കരാർ പ്രകാരം ചെയ്യേണ്ട പ്രവൃത്തിയുടെ അളവ് | ചെയ്ത പ്രവൃത്തിയുടെ അളവ് (എം.ബുക്ക് നം.2/19) |
|---|---|---|---|
| 1 | 3.1 | 348 M2 | 159.67 M2 |
| 2 | 4.9 | 26.10 M3 | 11.97 M3 |
| 3 | 75.5.1.1pb | 348 M2 | 159.67 M2 |
| 4 | 75.5.1.B.2pb | 348 M2 | 159.67 M2 |
| 5 | 75.5.5.B.2pb | 126.800 M2 | 119.81 M2 |
| 6 | 75.5.2.3pb | 348 M2 | 159.67 M2 |
| 7 | 75.5.9.1.2pb | 925 M2 | 908.85 M2 |
| 8 | 75.5.12.A.3.2pb | 925 M2 | 908 M2 |
| 9 | 3.5.1 | 17.5 M3 | 13.74 M3 |
| 10 | Od89707/2018-19 | 17.500 M3 | 13.744 M3 |
| 11 | Od89728/2018-19 | 8.750 M3 | 6.870 M3 |
| 12 | 11.4.4 | 3.000 M3 | 2.700 M3 |
| 13 | 11.8 | 0.270 M3 | 0.25296 M3 |

മേൽ പ്രവൃത്തി റിവൈസ് ചെയ്തിട്ടില്ല. എസ്റ്റിമേറ്റിൽ ഉദ്ദേശിച്ച രീതിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നത് സംബന്ധിച്ച് അഭിപ്രായം അറിയിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/2019-20; തീയ്യതി: 07.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. 4,93,121/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-46 മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ

പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012-(ജി.ഒ (പി) നം.13/2012/PWD/01.02.2012 )ലെ സെക്ഷൻ 2112 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതും തുടർന്നും കാലാവധി ദീർഘിപ്പിക്കുന്നപക്ഷം 2% പിഴ ഈടാക്കേണ്ടതുമാണ്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാവുന്നതല്ല. ഈ കാലയളവിന് ശേഷമുള്ള പൂർത്തീകരണ പ്രവൃത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ എന്ന് പൊതുമരാമത്ത് വകുപ്പ് മാന്വലിലെ ഖണ്ഡിക 1 ൽ വ്യക്തമാക്കിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി മാന്വൽ 2012 ലെ സെക്ഷൻ 2112 പ്രകാരം പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ പൂർത്തീകരണ കാലാവധി തീരുന്നതിന് മുൻപ്

നൽകേണ്ടതാണ്.

നഗരസഭ 2019-20 വർഷം നടപ്പിലാക്കിയ ചുവടെ ചേർത്ത മരാമത്ത് പ്രവൃത്തികളിൽ മേൽ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല.

1-46(1) 'നെട്ടൂർ തെരു റോഡ് മുതൽ പുതുക്കടി റോഡ് വരെ' റോഡ് നിർമ്മാണം

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനീയർ,<br>നോർത്ത് സെക്ഷൻ |
| പ്രൊജക്റ്റ് നമ്പർ | : | S0378/20 |
| ബിൽ നമ്പർ/തീയ്യതി | : | 19/2019-20 തീയ്യതി 03.06.2019 |
| ഫണ്ട് | : | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| തുക | : | 9,17,489/- |
| ഫയൽ നമ്പർ | : | E2/32409/17 |

A) കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ഈടാക്കിയതിൽ കുറവ്

മേൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കുന്നതിൽനിന്നും ഈടാക്കേണ്ട പിഴ സംബന്ധിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരൻ പ്രവർത്തി ഏറ്റെടുത്ത തീയ്യതി | 25.05.2018 |
| പൂർത്തീകരണ കാലാവധി | 3 മാസം |
| 25.05.2018 മുതൽ 25.10.2018 വരെ | മഴക്കാലം (ഫയൽ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ 25.10.2018 വരെ മഴക്കാലമായതിനാൽ ഇളവ് അനുവദിച്ചു.) |
| പദ്ധതി പൂർത്തീകരണ കാലാവധി | 26.10.2018 മുതൽ 25.01.2019 വരെ |
| പദ്ധതി പൂർത്തീകരിച്ച തീയ്യതി (മെഷർമെന്റ് ബുക്ക് പ്രകാരം) | 22.03.2019 |
| PAC | 10,25,975 |
| 26.01.2019 മുതൽ 17.02.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 1%<br>1025975x1 =10259.75<br>100 |
| 18.02.2019 മുതൽ 12.03.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 2%<br>1025975 X 2/100 = 20519.5 |
| കരാറുകാരനിൽനിന്നും ഈടാക്കേണ്ട ആകെ പിഴ | 30,779.25 |
| ബിൽ പ്രകാരം ഈടാക്കിയ പിഴ | 6,102 |
| അടവാക്കാൻ ബാക്കിയുള്ള പിഴ | 24,677.25 |

13.03.2019 മുതൽ 22.03.2019 വരെയുള്ള പ്രവൃത്തി ആധികാരികമല്ല.

മേൽ മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിൽ പിഴ ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 24,677/- രൂപ കരാറുകാരനിൽ നിന്നോ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പിഴ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

B) കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ യഥാസമയം അപേക്ഷിച്ചിട്ടില്ല .

മേൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 25.08.2018 തീയ്യതി ആയിരുന്നു. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ നിശ്ചിത കാലാവധിക്കകം അപേക്ഷിച്ചതായി കാണുന്നില്ല. എഗ്രിമെന്റ് തീയ്യതിയും കരാറിൽ ഏർപ്പെട്ട മുദ്രപ്പത്രത്തിലെ തീയ്യതിയും തമ്മിൽ പൊരുത്തക്കേടുള്ളതായി കാണുന്നു.

1-46(2) ടി.ബി കോംപ്ലക്സിന് മുമ്പിലുള്ള ബസ് ഷെൽട്ടർ നിർമ്മാണം

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനീയർ, നോർത്ത് സെക്ഷൻ |
| പ്രൊജക്റ്റ് നമ്പർ | : | SO 0382/20 |
| ബിൽ നമ്പർ/തീയ്യതി | : | 16/2019-20 തീയ്യതി 03.06.2019, 49/2019-20/ തീയ്യതി 08.11.19 |
| ഫണ്ട് | : | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| തുക | : | 6,39,347/- |
| ഫയൽ നമ്പർ | : | E1/35950/18 |

A) കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ഈടാക്കിയതിൽ കുറവ്

മേൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽനിന്നും ഈടാക്കേണ്ട പിഴ സംബന്ധിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത തീയ്യതി | 28.12.2018 |
| പദ്ധതി പൂർത്തീകരണ കാലാവധി | (3മാസം) 28.12.2018 മുതൽ 27.03.2019 വരെ |
| പദ്ധതി പൂർത്തീകരിച്ച തീയ്യതി (മെഷർമെന്റ് ബുക്ക് പ്രകാരം) | 30.06.2019 |
| PAC | 7,68,009 |
| 28.03.2019 മുതൽ 19.04.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 1%<br>768009x1 =7680.09<br>100 |
| 20.04.2019 മുതൽ 11.05.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 2%<br>768009x2 =15360.18<br>100 |
| 12.05.2019 മുതൽ 30.06.2019 വരെയുള്ള പ്രവൃത്തി ആധികാരികമല്ല | |
| ഈടാക്കേണ്ട ആകെ പിഴ | 7680.09 + 15360.18 = 23040.27 |
| കരാറുകാരനിൽനിന്നു ഈടാക്കിയ പിഴ | 6,674 |
| ഈടാക്കേണ്ട ബാക്കി തുക | 16,366 |

B) പദ്ധതി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടില്ല .

പി.ഡബ്ല്യു.ഡി മാന്വൽ 2012 ലെ സെക്ഷൻ 2112 പ്രകാരം പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ പൂർത്തീകരണ കാലാവധി തീരുന്നതിന് മുൻപ് നൽകേണ്ടതാണ്. കരാറുകാരൻ അപേക്ഷ സമർപ്പിച്ചതായി രേഖകളില്ല. കരാറുകാരന്റെ അപേക്ഷയുടെ വിശദാംശങ്ങൾ കുറിപ്പ് ഫയലിൽ രേഖപ്പെടുത്തുകയോ അപേക്ഷ ഫയലിൽ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

പിഴ ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 16,366/- രൂപ കരാറുകാരനിൽ നിന്നോ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പിഴ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-46(3) ഉച്ചമ്മൽത്തോട്-പാർശ്വഭിത്തി കെട്ടി സംരക്ഷിക്കൽ

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനീയർ, നോർത്ത് സെക്ഷൻ |
| പ്രൊജക്റ്റ് നമ്പർ | : | SO 0435/20 |
| ബിൽ നമ്പർ/തീയ്യതി | : | 18/2019-20 തീയ്യതി 03.06.2019 |
| ഫണ്ട് | : | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| തുക | : | 495307/- |
| ഫയൽ നമ്പർ | : | E2/2071/18 |

A) കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ഈടാക്കിയില്ല .

മേൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽനിന്നും ഈടാക്കേണ്ട പിഴ സംബന്ധിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത തീയ്യതി | 20.03.2018 |
| പൂർത്തീകരണ കാലാവധി | 3 മാസം (20.03.2018 മുതൽ 19.06.2018 വരെ) |
| പദ്ധതി പൂർത്തീകരിച്ച തീയ്യതി | 21.03.2019 |
| PAC | 4,95,307/- |
| 20.06.2018 മുതൽ 12.07.2018 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 1%<br>495307x1 =4953<br>100 |
| 13.07.2018 മുതൽ 04.08.2018 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 2%<br>495307x2 =9906<br>100 |
| 05.08.2019 മുതൽ 21.03.2019 വരെയുള്ള പ്രവൃത്തി ആധികാരികമല്ല | |
| കരാറുകാരനിൽനിന്നും ഈടാക്കിയ പിഴ | ഇല്ല |
| കരാറുകാരനിൽനിന്നും ഈടാക്കേണ്ട തുക | 14,859/- |

പദ്ധതി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ സമർപ്പിച്ച അപേക്ഷയിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. നോട്ട് ഫയലിലെ കുറിപ്പ് പ്രകാരം കരാറുകാരന്റെ അപേക്ഷ പൂർത്തീകരണ കാലാവധിക്കകം ലഭിച്ചതായുള്ള രേഖപ്പെടുത്തലുകൾ ഇല്ല. അപേക്ഷ വിശദമായി പരിശോധിച്ച് കാലാവധി നീട്ടുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112 പ്രകാരമുള്ള അപ്പന്റിക്സ് 2100F ഫോറത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടില്ല. ദീർഘീകരണം അനുവദിച്ച കൗൺസിൽ/സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.

പിഴ ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 14,859/- രൂപ കരാറുകാരനിൽ നിന്നോ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പിഴ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-46(4) കൊളശ്ശേരി ചോനാടം റോഡുമുതൽ കോട്ടൂർ ബാലകൃഷ്ണന്റെ സ്ഥലത്തിനടുത്തുള്ള ക്രോസ് ഡ്രെയിൻ വരെയുള്ള റോഡ് റീ-ടാറിംഗ്

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനീയർ,<br>നോർത്ത് സെക്ഷൻ |
| പ്രൊജക്റ്റ് നമ്പർ | : | S00368/20 |
| ബിൽ നമ്പർ/തീയ്യതി | : | 1/2019-20<br>തീയ്യതി 26.04.2019 |
| ഫണ്ട് | : | മെയിന്റനൻസ് ഫണ്ട് - റോഡ് |
| തുക | : | 302814/- |
| ഫയൽ നമ്പർ | : | E2/32417/17 |

A) കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ഈടാക്കിയിട്ടില്ല.

മേൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽനിന്നും ഈടാക്കേണ്ട പിഴ സംബന്ധിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത തീയ്യതി | 11.12.2018 |
| പൂർത്തീകരണ കാലാവധി | 3 മാസം (11.12.2018 മുതൽ 10.03.2019 വരെ) |
| പദ്ധതി പൂർത്തീകരിച്ച തീയ്യതി (മെഷർമെന്റ് ബുക്ക് പ്രകാരം) | 30.03.2019 |
| PAC തുക | 3,21,326 |
| 11.03.2019 മുതൽ 02.04.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 1% |

| | |
|---|---|
| | 321326x1 =3213.26<br>100 |
| ഒരു ദിവസത്തെ പിഴ | 3213 = 139.837<br>23 |
| കാലാവധിക്കകം പദ്ധതി പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽനിന്നു ഈടാക്കേണ്ട പിഴ | 139.837x20= 2796.74 |

B) കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ യഥാസമയം അപേക്ഷിച്ചിട്ടില്ല

മേൽ പ്രവൃത്തിയുടെ പൂർത്തീകരണകാലാവധി 10.03.2019 തീയ്യതി ആയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ നിശ്ചിത കാലാവധിക്കകം അപേക്ഷിച്ചതായി കാണുന്നില്ല. ലഭ്യമാക്കിയ ഫയലുകളിലുള്ള കരാറുകാരന്റെ കാലവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. തപാൽ നമ്പർ നൽകിയിട്ടുണ്ടോ എന്നു വ്യക്തമല്ല. നോട്ട് ഫയലിലെ കുറിപ്പിൽ കരാറുകാരന്റെ അപേക്ഷ സംബന്ധിച്ച വിശാദാംശങ്ങളില്ല. കരാറുകാരന്റെ അപേക്ഷ പരിശോധിച്ചശേഷം കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ (അപ്പൻഡിക്സ് 2100F) ഫയലിൽ ലഭ്യമല്ല. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിരിക്കുന്നത് പദ്ധതി പൂർത്തീകരിച്ച തീയ്യതിയായ 30.03.2019 ന് ശേഷമാണ്

പിഴ ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 2,797/- രൂപ കരാറുകാരനിൽ നിന്നോ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പിഴ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-46(5) കുയ്യാലി പാലം മുതൽ ശ്മശാനം റോഡു വരെ ടാറിംഗ്- (വാർഡ് 2)

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനീയർ,<br>നോർത്ത് സെക്ഷൻ |
| പ്രൊജക്ട് നമ്പർ | : | S0228/20 |
| ബിൽ നമ്പർ/തീയ്യതി | : | 21/2019-20 തീയ്യതി 03.06.2019 |
| ഫണ്ട് | : | വികസന ഫണ്ട്<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| തുക | : | 1365268/- |
| ഫയൽ നമ്പർ | : | E2/27399/18 |

A) കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ഈടാക്കിയില്ല .

മേൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽനിന്നും ഈടാക്കേണ്ട പിഴ സംബന്ധിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത തീയ്യതി | 30.10.2018 |
| പൂർത്തീകരണ കാലാവധി | 3 മാസം (30.10.2018 മുതൽ 29.01.2019 വരെ) |
| പദ്ധതി പൂർത്തീകരിച്ച തീയ്യതി<br>(മെഷർമെന്റ് ബുക്ക് പ്രകാരം) | 23.03.2019 |
| PAC | 14,05,340/- |
| 30.01.2019 മുതൽ 22.02.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 1%<br>1405340x1 =14053.4<br>100 |
| 23.02.2019 മുതൽ 14.03.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 2%<br>1405340x2 =28106.8<br>100 |
| 15.03.2019 മുതൽ 23.03.2019 വരെയുള്ള കാലയളവിലെ പ്രവൃത്തി ആധികാരികമല്ല | |
| കരാറുകാരനിൽനിന്നും ഈടാക്കിയ പിഴ | ഇല്ല |
| കരാറുകാരനിൽനിന്നും ഈടാക്കേണ്ട പിഴ | 42160.2 |

പിഴ ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 42,160/- രൂപ കരാറുകാരനിൽ നിന്നോ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പിഴ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-46(6) തച്ചോളി റോഡ് മുതൽ മുൻകൗൺസിലർ ഉസ്മാന്റെ വീടുവരെ റീ ടാറിംഗ്

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനീയർ,<br>നോർത്ത് സെക്ഷൻ |
| പ്രൊജക്ട് നമ്പർ | : | S0421/20 |
| ബിൽ നമ്പർ/തീയ്യതി | : | 3/2019-20 തീയ്യതി 09.05.2019 |
| ഫണ്ട് | : | മെയിന്റനൻസ് ഫണ്ട് -റോഡ് |
| തുക | : | 2,37,863/- |
| ഫയൽ നമ്പർ | : | E2/32375/17 |

A) കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിനുള്ള പിഴ ഈടാക്കിയത് കുറവ്

മേൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽനിന്നും ഈടാക്കേണ്ട പിഴ സംബന്ധിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത തീയ്യതി | 04.04.2018 |
| ഫയൽ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ മഴക്കാലം കഴിയുംവരെ പിഴ ഒഴിവാക്കി കാലാവധി ദീർഘിപ്പിച്ചു കൊടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട് 04.04.2018 മുതൽ 03.10.2018 വരെ മഴക്കാലമായതിനാൽ ഇളവ് അനുവദിച്ചു. | |
| പൂർത്തീകരണ കാലാവധി | 3 മാസം (04.10.2018 മുതൽ 03.01.2019 വരെ) |
| പദ്ധതി പൂർത്തീകരിച്ച തീയ്യതി<br>(മെഷർമെന്റ് ബുക്ക് പ്രകാരം) | 26.03.2019 |
| PAC തുക | 2,38,799/- |
| 04.01.2019 മുതൽ 27.01.2019 വരെയുള്ള കാലയളവിലെ പിഴ (23 ദിവസങ്ങൾ) | PAC യുടെ 1%<br>238799x1 =2387.99<br>100 |
| 28.01.2019 മുതൽ 18.03.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 2%<br>238799x2<br>100 = 4775.98 |
| 19.03.2019 മുതൽ 26.03.2019 വരെയുള്ള കാലയളവിലെ പ്രവൃത്തി ആധികാരികമല്ല | |
| കരാറുകാരനിൽനിന്നും ഈടാക്കേണ്ട ആകെ പിഴ | 7,163.97 |
| കരാറുകാരനിൽനിന്നും ഈടാക്കിയ പിഴ | 2,132/- |
| ബാക്കി | 5,031.97 |

മേൽ പ്രവൃത്തി നിർവ്വഹണത്തിനായി കരാറുകാരൻ എഗ്രിമെന്റ് വെച്ചത് 04.04.2018 നാണ്. എന്നാൽ മെഷർമെന്റ് ബുക്ക് പ്രകാരം പ്രവൃത്തിയുടെ ചെക്ക് മെഷർമെന്റ് എടുത്തിരിക്കുന്നത് 16.03.2019 നാണ്. മേൽ പദ്ധതി നിർവ്വഹണത്തിനായി കരാറുകാരൻ അനുവദിക്കാവുന്നതിലും കൂടുതൽ സമയം ഉപയോഗിച്ചതായി കാണുന്നു.

B) കാലാവധി ദീർഘിപ്പിക്കുന്നതിന് യഥാസമയം അപേക്ഷിച്ചിട്ടില്ല.

മേൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 04.07.2018 തീയ്യതി ആയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ നിശ്ചിത കാലാവധിക്കകം അപേക്ഷിച്ചതായി കാണുന്നില്ല. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിരിക്കുന്നത് പണി പൂർത്തീകരിച്ച തീയ്യതിയായ 26.03.2019 ന് ശേഷമാണ്. കരാറുകാരന്റെ കാലാവധി ദീർഘിപ്പിച്ചു കിട്ടാനുള്ള അപേക്ഷയിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരൻ കാലാവധിക്കകം അപേക്ഷ നൽകാത്തതിനാൽ പൂർത്തീകരണ കാലാവധിയുടെ 25% ഗ്രേസ് പിരീഡായും അനുവദിക്കാവുന്നതല്ല.

പിഴ ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 5,032/- രൂപ കരാറുകാരനിൽ നിന്നോ നഷ്ടത്തിന് ഉത്തരവാദിയായ

ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പിഴ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-46(7) തീരദേശ റോഡ് റീ-ടാറിംങ്ങ്

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനീയർ,<br>നോർത്ത് സെക്ഷൻ | |
| പ്രൊജക്ട് നമ്പർ | : | SO0420/20 | |
| ബിൽ നമ്പർ/തീയ്യതി/തുക | : | 4/2019-20<br>തീയ്യതി 26.04.19 | 6,32,999/- |
| | | 44/2019-20<br>തീയ്യതി 27.08.2019 | 15,18,056/- |
| ഫണ്ട് | : | മെയിന്റനൻസ് ഫണ്ട്- റോഡ് | |
| ഫയൽ നമ്പർ | : | E1-2010/18 | |

A) കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ഈടാക്കിയതിൽ കുറവ്

മേൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽനിന്നും ഈടാക്കേണ്ട പിഴ സംബന്ധിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത തീയ്യതി | 21.07.2018 |
| ഫയൽ പ്രകാരം അസി.എഞ്ചിനീയർ മഴക്കാലം ഒഴിവാക്കി പിഴ ഈടാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 21.07.2018 മുതൽ 20.10.2018 വരെ മഴക്കാലമായതിനാൽ ഇളവ് അനുവദിച്ചു | |
| പദ്ധതി പൂർത്തീകരണ കാലാവധി | 3 മാസം<br>(21.10.2018 മുതൽ 20.01.2019 വരെ) |
| പദ്ധതി പൂർത്തീകരിച്ച തീയ്യതി | 28.05.2019 |
| PAC തുക | 34,62,302.93 |
| 21.01.2019 മുതൽ 12.02.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 1%<br>3462302.93x1 =34623.02<br>100 |
| 13.02.2019 മുതൽ 7.03.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 2%<br>3462302.13x2 =69246.06<br>100 |
| കരാറുകാരനിൽനിന്നും ഈടാക്കേണ്ട ആകെ പിഴ | 1,03,869 |
| കരാറുകാരനിൽനിന്നും ഈടാക്കിയ പിഴ | 50,000 |
| കരാറുകാരനിൽനിന്നും ഈടാക്കേണ്ട ബാക്കി പിഴ | 53,869 |

B) കാലാവധി ദീർഘിപ്പിക്കുന്നതിന് യഥാസമയം അപേക്ഷിച്ചിട്ടില്ല .

കരാറുകാരൻ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു കിട്ടാനായി സമർപ്പിച്ച അപേക്ഷയിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത അപേക്ഷ നഗരസഭയിൽ ലഭിച്ചതിന്റെയും താപാൽ ആയി എടുത്തതിന്റെയും വിവരങ്ങൾ/തീയ്യതി നോട്ടുഫയലിൽ രേഖപ്പെടുത്തുകയോ തപാൽ നമ്പർ ചേർക്കുകയോ ചെയ്തിട്ടില്ല. പദ്ധതി പൂർത്തീകരണ തീയ്യതിക്ക് മുൻപ് കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുവേണ്ടി അപേക്ഷ നൽകിയിരുന്നോ എന്ന് വ്യക്തമല്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് വേണ്ടിയുള്ള സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിരിക്കുന്നത് 10.12.2018 ന് ശേഷമാണ് കരാറുകാരൻ സമർപ്പിച്ച പ്രാഥമിക കരാറു നടപടിയിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

പിഴ ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 53,869/- രൂപ കരാറുകാരനിൽ നിന്നോ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പിഴ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-46(8) 'നാരങ്ങാപ്പുറം അങ്കണവാടിക്ക് സമീപം റോഡിന് സ്ലാബിടൽ ' പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനീയർ,<br>നോർത്ത് സെക്ഷൻ |
| പ്രൊജക്ട് നമ്പർ | : | SO0380/20 |
| ബിൽ നമ്പർ/തീയ്യതി/തുക | : | 1. 27/2019-20 തീ.03.06.2019<br>തുക 8,28,574<br>2. 50/2019-20 തീ. 15.11.2019<br>തുക 10,19,651 |
| ഫണ്ട് | : | വികസന ഫണ്ട്<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| തുക | : | 18,48,225/- |
| ഫയൽ നമ്പർ | : | E1/35954/18 |

A) കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന് പിഴ ഈടാക്കിയില്ല .

മേൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽനിന്നും ഈടാക്കേണ്ട പിഴ സംബന്ധിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത തീയ്യതി | 11.02.2019 |
| പൂർത്തീകരണ കാലാവധി | 3 മാസം (11.02.2019<br>മുതൽ 10.05.2019 വരെ) |
| പദ്ധതി പൂർത്തീകരിച്ച തീയ്യതി<br>(മെഷർമെന്റ് ബുക്ക് പ്രകാരം) | 22.06.2019 |
| PAC | 21,11,782/- |
| 10.05.2019 മുതൽ 01.06.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 1%<br>2111782x1 =21117.82<br>100 |
| 02.06.2019 മുതൽ 22.06.2019 വരെയുള്ള കാലയളവിലെ പിഴ (21 ദിവസങ്ങൾ) | PAC യുടെ 2%<br>2111782x2 =42235.64<br>100<br>ഒരു ദിവസത്തെ പിഴ =<br>42235.64 = 1919.8<br>22<br>21 ദിവസത്തെ പിഴ = 1919.8x21 = 40315.8 |
| കരാറുകാരനിൽനിന്നും ഈടാക്കേണ്ട<br>ആകെ പിഴ | 40315.8 + 21117.82<br>61433.62 |
| കരാറുകാരനിൽ നിന്നും ഈടാക്കിയ പിഴ | 8,530/- |
| കരാറുകാരനിൽ നിന്നും ഈടാക്കേണ്ട ബാക്കി തുക | 61,433.62-8,530=52,903.62 |

പിഴ ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 52,904/- രൂപ കരാറുകാരനിൽ നിന്നോ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പിഴ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ 06.01.2021 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ 43/2019-20, 44/2019-20 & 45/2019-20, 11.01.2021 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ 46/2019-20 & 47/2019-20, 13.01.2021 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ 48/2019-20, 19.01.2021 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ 49/2019-20, 25.02.2021 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ 55/2019-20 എന്നിവകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-47 റോഡ് നിർമ്മാണം-ഫൈൻ ഈടാക്കിയതിലെ കുറവ്

| | | |
|---|---|---|
| നിർവ്വഹണ | : | അസിസ്റ്റന്റ് എഞ്ചിനീയർ (സൗത്ത്) |

| | | |
|---|---|---|
| ഉദ്യോഗസ്ഥൻ | | |
| പ്രൊജക്ടിന്റെ പേര് | : | ജൂബിലി റോഡ് മുതൽ ശംഖ്നാദം വീട് വരെ റോഡ് റീടാറിംഗ്-വാർഡ് 44 |
| പ്രോജക്ട് നമ്പർ | : | 529/20 |
| അടങ്കൽ | : | 7,00,000/- (മെയിന്റനൻസ് ഗ്രാന്റ്-റോഡ്) |
| ചെലവ് | : | 4,93,121/- |
| ബിൽ നം./തീയ്യതി | : | 82/2019-20/തീ: 29-11-2019 |
| ഫയൽ നം. | : | E1/29152/18 |
| കരാറുകാരൻ | : | പി.സുധീഷ്, നെട്ടൂർ |

2018-19 വാർഷിക പദ്ധതിയിൽ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഏഴ് ലക്ഷം രൂപ വകയിരുത്തി ആരംഭിച്ച പ്രവൃത്തിയാണിത്. പ്രവൃത്തിയുടെ ആകെ ചെലവ് 4,93,121 രൂപയാണ്. 2012 ലെ കേരളാ പൊതുമരാമത്ത് മാന്വൽ, സെക്ഷൻ 2112 പ്രകാരം പ്രവൃത്തി എഗ്രിമെന്റ് പ്രകാരം പ്രവൃത്തി നിശ്ചിത കാലയളവിൽത്തന്നെ പൂർത്തീകരിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. കരാറുകാരന്റെ പിഴവു മൂലം പൂർത്തീകരണ കാലവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, പി.എ.സി.യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50%-ത്തിൽ അധികമാകരുത്. ഈ കാലാവധിക്കു ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. മേൽക്കാര്യങ്ങൾ 07.03.2019 തീയ്യതിയിലെ 186/AE(S)/LSGD/TMC/17-18 നമ്പർ എഗ്രീമെന്റ് പ്രകാരം കരാറുകാരൻ അംഗീകരിച്ചിട്ടുള്ളതുമാണ്.

പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിൽനിന്നും പ്രവൃത്തിയുടെ ഫസ്റ്റ് & ഫൈനൽ ബിൽ നൽകിയ അവസരത്തിൽ ഫൈൻ കണക്കാക്കി ഈടാക്കിയതിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി ആരംഭിച്ച തീയ്യതി | 07.03.2019 |
| പ്രവൃത്തി പൂർത്തീകരണ കാലയളവ് | 3 മാസം |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി | 05.06.2019 |
| പ്രവൃത്തി ഔദ്യോഗികമായി പൂർത്തീകരിച്ച തീയ്യതി | 23.09.2019 (എം.ബുക്ക് നം.2/2019; പേജ് 32) |
| പി.എ.സി | 610148 |
| 06.06.2019 മുതൽ 29.06.2019 (പൂർത്തീകരണ കാലയളവിന്റെ 25% = 23 ദിവസം) വരെ പിഴ പി.എ.സി യുടെ 1% നിരക്കിൽ | 6101 |
| 30.06.2019 മുതൽ 21.07.2019 വരെ (പൂർത്തീകരണ കാലയളവിന്റെ ബാക്കി 25% =22 ദിവസങ്ങൾ) പി.എ.സി.യുടെ 2% നിരക്കിൽ | 12202.96 |
| ആകെ ഈടാക്കേണ്ട പിഴ | 18,304/- |
| ഈടാക്കിയ പിഴ | 6,430/- ( നം.2/2019, എം-ബുക്ക് പേജ് 42) |
| പിഴ ഈടാക്കിയതിലെ കുറവ് | 11,874/- |

22.07.2019 മുതൽ 23.09.2019 വരെ ചെയ്ത പ്രവൃത്തി ആധികാരികമല്ല. കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കിയത് സംബന്ധിച്ചും ആധികാരികമല്ലാത്ത കാലയളവിലെ പ്രവൃത്തി ക്രമീകരിക്കാത്തതു സംബന്ധിച്ചും അഭിപ്രായം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ: 52 2019-20; തീയ്യതി: 28.01.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കിയതിൽ കുറവുവന്ന തുകയായ 11,874/- രൂപ കരാറുകാരനിൽനിന്നോ അല്ലാത്തപക്ഷം നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ അടവു വരുത്തേണ്ടതാണ്.

1-48 റോഡ് നിർമ്മാണം-ഫൈൻ ഈടാക്കിയതിലെ കുറവും പ്രവൃത്തി തുടങ്ങുന്നതിന് മുൻപ് ഭൂമിയുടെ ലഭ്യത ഉറപ്പാക്കാത്തതും

| | | |
|---|---|---|
| നിർവ്വഹണ | : | അസിസ്റ്റന്റ് എഞ്ചിനീയർ (സൗത്ത്) |

| | | |
|---|---|---|
| ഉദ്യോഗസ്ഥൻ | | |
| പ്രൊജക്ടിന്റെ പേര് | : | ചാത്തോത്ത് മുക്ക് മുതൽ മിലിട്ടറി പപ്പന്റെ വീട് വഴി മൂഴിക്കര എൽ.പി.സ്കൂൾ നാരായണൻ പീടിക റോഡ് വരെ റോഡ് നിർമ്മാണം |
| പ്രോജക്ട് നമ്പർ | : | 433/20 |
| അടങ്കൽ | : | 4,90,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | : | 4,82,979/- |
| ബിൽ നം./തീയ്യതി | : | 25/2019-20/തീ: 04-06-2019 |
| ഫയൽ നം. | : | E2/32814/17 |
| കരാറുകാരൻ | : | പി.രവീന്ദ്രൻ (കരാർ തുക |
| അളവ് പുസ്തകം | : | 812/16 പേജുകൾ നമ്പർ 1-26 |

1. പിഴ ഈടാക്കിയതിലെ കുറവ്

2017-18 കാലയളവിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പദ്ധതിയാണിത്. ഏത് തീയ്യതിയിലാണ് കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നതെന്ന് പ്രവൃത്തി ഏറ്റെടുത്ത കത്തിൽ രേഖപ്പെടുത്തിയിട്ടില്ല. വർക്ക് ഓർഡർ നൽകിയിരിക്കുന്നത് 28.03.2018 തീയ്യതി പ്രകാരമുള്ള കത്തിലാണ്. ഈ തീയ്യതിയാണ് പ്രവൃത്തി ആരംഭിച്ച തീയ്യതിയായി കണക്കാക്കിയിരിക്കുന്നത്. പദ്ധതിയുടെ പൂർത്തീകരണ കാലയളവ് മൂന്ന് മാസമാണെന്നതിനാൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി 26.06.2018 (90 ദിവസം) ആണ്. പ്രവൃത്തി ഔദ്യോഗികമായി പൂർത്തീകരിച്ചിരിക്കുന്നത് 28.02.2019 തീയ്യതിയിലാണ് (എം.ബുക്ക് നം.812/16, പേജ് 15).

ചില സ്ഥലങ്ങളിൽ റോഡിന് വളരെ വീതി കുറവാണെന്നും നാട്ടുകാർ കമ്മിറ്റി രൂപീകരിച്ച് ആവശ്യമായ സ്ഥലം ലഭ്യമാക്കിത്തരുന്നതുവരെ പിഴ ഈടാക്കാതെ കാലാവധി നീട്ടിത്തരണമെന്ന് കരാറുകാരനായ ശ്രീ. പി. രവീന്ദ്രൻ 10.04.2018 തീയ്യതി പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ആവശ്യമായ സ്ഥലം ഇല്ലാത്തതിനാൽ വാർഡ് കൗൺസിലർ കമ്മിറ്റി രൂപീകരിച്ച് സ്ഥലം വിട്ടുനൽകുന്നതിന് തീരുമാനിക്കുന്നതിന് കാലതാമസം വന്നതിനാൽ പ്രവൃത്തി ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ലായെന്നും തുടർന്ന് കാലവർഷം ആരംഭിക്കുകയും ചെയ്തുവെന്നും അസിസ്റ്റന്റ് എഞ്ചിനീയർ പ്രസ്തുത അപേക്ഷയിന്മേൽ റിപ്പോർട്ട് എഴുതിയിട്ടുണ്ട്. എന്നാൽ ഭൂമി ആരൊക്കെ വിട്ടു നൽകിയെന്നും വിട്ടുകിട്ടിയ ഭൂമി നഗരസഭയുടെ പേരിൽ റിലിംഗ്വിഷ് /രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും മറ്റ് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. നഗരസഭയുടെ സ്ഥലം ഏറ്റെടുക്കുന്നതിനെടുത്ത കാലയളവ്, മഴക്കാലം എന്നീ മാസങ്ങളിലെ പിഴ ഒഴിവാക്കി 31.12.2018 വരെ കാലാവധി നീട്ടിനൽകിയിട്ടുണ്ട്. അതിനു ശേഷം 28.02.2019 വരെ പിഴയോടുകൂടി കാലാവധി നീട്ടിനൽകുകയും ചെയ്തിട്ടുണ്ട്. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പിഴയില്ലാതെ നീട്ടിനൽകിയ കാലാവധിക്കുശേഷവും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ 31.12.2018 മുതൽ പൂർത്തീകരണ തീയ്യതിയായ 28.02.2019 വരെ കാലയളവിൽ താഴെ പറയും പ്രകാരം ഈടാക്കേണ്ടതായിരുന്നെങ്കിലും അത്തരത്തിൽ പിഴ ഈടാക്കിയതായി കാണുന്നില്ല.

| | |
|---|---|
| പ്രവൃത്തി ആരംഭിച്ച തീയ്യതി | 28.03.2018 |
| പ്രവൃത്തി പൂർത്തീകരണ കാലയളവ് | 3 മാസം |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി | 26.06.2018 |
| പ്രവൃത്തി ഔദ്യോഗികമായി പൂർത്തീകരിച്ച തീയ്യതി | 28.02.2019 |
| കരാറുകാരന്റെത് അല്ലാത്ത കാരണത്താൽ പിഴ ഒഴിവാക്കിയ കാലയളവ് | 27.06.2018 മുതൽ 31.12.2018 വരെ |
| കരാറുകാരന്റെതായ കാരണത്താൽ പിഴ ഈടാക്കേണ്ട കാലയളവ് | 01.01.2019 മുതൽ 28.02.2019 |
| 23.01.2019 വരെ പിഴ-486143 X 1% | 4,861/- |
| 24.01.2019 മുതൽ 15.02.2019 വരെ പിഴ-<br>486143 X 2% (16.02.2019 മുതൽ 28.02.2019 വരെ പ്രവൃത്തി ആധികാരികമല്ല.) | 9,723 /- |
| ആകെ ഈടാക്കേണ്ട പിഴ | 14,584/- |

| | |
|---|---|
| ഈടാക്കിയ പിഴ | 3,350/- (എം-ബുക്ക് നം.812/16 പേജ് 26 കാണുക) |
| പിഴ ഈടാക്കിയതിലെ കുറവ് | 11,234/- |

പിഴ ഈടാക്കിയതിൽ കുറവ് വന്ന 11,234/- രൂപ കരാറുകാരനിൽനിന്നോ അല്ലാത്തപക്ഷം നഷ്ടത്തിന് ഉത്തരവാദിയായ എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

2. പ്രവൃത്തി തുടങ്ങുന്നതിന് മുൻപ് ഭൂമിയുടെ ലഭ്യത ഉറപ്പാക്കാത്തത് സംബന്ധിച്ച്

കേരളാ പൊതുമരാമത്ത് മാന്വൽ, സെക്ഷൻ 2003 പ്രകാരം ബിഡ് ചെയ്യുന്നതിന് മുമ്പ് ഭരണാനുമതി, സാങ്കേതികാനുമതി, 100% സ്വന്തമായിട്ടുള്ള യാതൊരു തടസ്സവുമില്ലാത്ത ഭൂമി എന്നിവ ഉറപ്പാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബാദ്ധ്യതകളില്ലാം ഒഴിവാക്കിയ മുഴുവൻ ഭൂമിയും സ്വന്തമാക്കിയതിനു ശേഷം മാത്രമേ പ്രവൃത്തിക്കുവേണ്ടി ടെണ്ടർ നടപടിക്രമങ്ങൾ അവലംബിക്കുവാൻ പാടുള്ളൂ എന്നും വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും ഭൂമിയുടെ 60% കൈവശം ഉണ്ടായിരിക്കുകയും ബാക്കിയുള്ള ഭൂമി പ്രവൃത്തി പുരോഗമിക്കുന്ന മുറയ്ക്ക് ലഭ്യമാവുകയും ചെയ്യുന്ന പക്ഷം സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ടെണ്ടർ നടപടികൾ ആരംഭിക്കാവുന്നതാണ്. പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് പ്രവൃത്തിക്ക് ആവശ്യമായ ഭൂമിയുടെ ലഭ്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

3. പ്രവൃത്തി ഏറ്റെടുത്ത കത്തിന് നിയമ സാധുതയില്ല

കരാർ ചമച്ച് പത്ത് ദിവസത്തിനകം കരാറുകാരനോ അയാളുടെ അംഗീകൃത പ്രതിനിധിയോ പ്രവൃത്തി സ്ഥലം അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും ഏറ്റെടുക്കേണ്ടതും നിശ്ചിത മാതൃകയിലുള്ള കൈപ്പറ്റ് രശീത് ഒപ്പുവച്ച് നൽകേണ്ടതുമാണ് (പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2102.1). എന്നാൽ സൈറ്റ് ഏറ്റെടുത്തത് സംബന്ധിച്ച അപ്പന്റിക്സ് VI (A) മാതൃകയിലുള്ള കത്തിൽ (നം.ഇ2/32814/17; തീയ്യതിയില്ല) സൈറ്റ് ഏറ്റെടുത്ത തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ കൗണ്ടർ സൈൻ ചെയ്തിട്ടില്ല. കോൺട്രാക്ടർ ഒപ്പിട്ടിട്ടുണ്ടെങ്കിലും തീയ്യതി ചേർത്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ: 51 2019-20; തീയ്യതി: 28.01.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-49 പട്ടിക ജാതി വിഭാഗത്തിന് പാർപ്പിട സമുച്ചയ നിർമ്മാണം-അപാകതകൾ

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ (സൗത്ത്) |
| പ്രൊജക്ടിന്റെ പേര് | : | പട്ടിക ജാതി വിഭാഗത്തിന് പാർപ്പിട സമുച്ചയ നിർമ്മാണം |
| പ്രോജക്ട് നമ്പർ | : | 383/2020 |
| വകയിരുത്തൽ | : | 76,00,000/-<br>[74,52,000 (എസ്.സി.പി)+148000 (തനത് ഫണ്ട്)] |
| ചെലവ് | : | 16,83,742 [(എസ്.സി.പി.); 2019-20 വർഷത്തെ ചെലവ്]<br>ബിൽ നം./തീ: 16/2019-20/27.04.2020 |
| കരാർ | : | ഷാജി എം. ദാസ്, ബത്തേരി (കരാറുകാരൻ)<br>കരാർ തുക: 6069859.93 (20.13 % കുറവ) |
| എഗ്രീമെന്റ് നമ്പർ/തീയ്യതി | : | 134/AE(S)/LSGD/TMC/17-18; തീയ്യതി:28.12.2018 |

മേൽ മരാമത്ത് പ്രവൃത്തി നടത്തിയതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

2012 ലെ കേരളാ PWD മാന്വലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരം പദ്ധതിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റിനോടൊപ്പം എസ്റ്റിമേറ്റ് റിപ്പോർട്ടും തയ്യാറാക്കേണ്ടതാണ്. എസ്റ്റിമേറ്റ് റിപ്പോർട്ടിനോടൊപ്പം ലൊക്കേഷൻ, പ്രവൃത്തിയുടെ സവിശേഷതകൾ, സൈറ്റ് പ്ലാൻ മുതലായവ ഉണ്ടായിരിക്കണം. എല്ലാ പ്രധാനപ്പെട്ട ഐറ്റങ്ങൾക്കും ഡിസൈൻ ഡ്രോയിംഗും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഒരു എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

2. പ്രവൃത്തി ഏറ്റെടുത്ത കത്തിന് നിയമ സാധുതയില്ല

കരാർ ചമച്ച് പത്ത് ദിവസത്തിനകം കരാറുകാരനോ അയാളുടെ അംഗീകൃത പ്രതിനിധിയോ പ്രവൃത്തി സ്ഥലം അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും ഏറ്റെടുക്കേണ്ടതും നിശ്ചിത മാതൃകയിലുള്ള കൈപ്പറ്റ് രശീത് ഒപ്പുവച്ച് നൽകേണ്ടതുമാണ് (പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2102.1). എന്നാൽ സൈറ്റ് ഏറ്റെടുത്തത് സംബന്ധിച്ച അപ്പന്റിക്സ് VI (A) മാതൃകയിലുള്ള കത്തിൽ (നം.ഇ1/38059/18; 28.12.18) സൈറ്റ് ഏറ്റെടുത്ത തീയ്യതി, കോൺട്രാക്ടറുടെ തീയ്യതി സഹിതമുള്ള ഒപ്പ് എന്നിവ ചേർത്തിട്ടില്ല. ഇത് ക്രമപ്രകാരമുള്ള നടപടിയല്ല.

3. കരാറുടമ്പടിയിൽ കരാർ മൂല്യം എത്രയെന്ന് വ്യക്തമാക്കിയിട്ടില്ല .

4. റിവൈസ്ഡ് എസ്റ്റിമേറ്റ് -പത്രികകൾ തയ്യാറാക്കിയിട്ടില്ല

കെട്ടിടത്തിന്റെ നിർമ്മാണ ഘട്ടത്തിൽ നിർമ്മാണത്തിന്റെ തുടക്കത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽനിന്നും അളവുകളിൽ വ്യത്യാസം വന്നതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യമാണെന്നും നിലവിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കെട്ടിടത്തിന്റെ മുൻഭാഗത്ത് നിർമ്മാണം നടത്തിയ സംരക്ഷണ ഭിത്തിയുടെ കോൺക്രീറ്റ്, അലുമിനിയം ജനവാതിലുകളുടെ എണ്ണം സ്റ്റെയർ റൂമിന്റെ റൂഫിംഗ് ട്രസ്സ് എന്നിവയിൽ മാറ്റം വന്നിട്ടുണ്ട് എന്നും റസിഡൻഷ്യൽ ഫ്ലാറ്റ് കെട്ടിടം ആയതിനാൽ നിലം സെറാമിക് ടൈൽ മാറ്റി വിട്രിഫൈഡ് ടൈൽ ഫ്ലോറിംഗ് ഉൾപ്പെടുത്തുന്നതിന് കൗൺസിലറുടെ നിർദ്ദേശം ലഭിച്ചിട്ടുണ്ടെന്നും കെട്ടിടത്തിന്റെ ഫിനിഷിംഗ് പ്രവൃത്തിയിൽ പെയിന്റിംഗ്, സാനിട്ടറി ഐറ്റംസ്, പ്ലംബിംഗ് എന്നിവക്കുള്ള അളവുകളിൽ വ്യതിയാനം ആവശ്യമാണെന്നും ആയതിനാൽ ഭരണാനുമതിയിൽ അധികമാകാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് കൗൺസിലിന്റെ മുൻകൂർ അനുമതിക്ക് അയക്കാവുന്നതാണെന്ന് നോട്ട് ഫയൽ 11 -ാം പേജിൽ രേഖപ്പെടുത്തിക്കാണുന്നു. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുമ്പോൾ താഴെ കൊടുത്തിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. (പൊതുമരാമത്ത് മാന്വൽ 2012- 1601.1.6)

I) പ്രവൃത്തിയുടെ പ്രധാനപ്പെട്ട വ്യതിയാനങ്ങളുടെ പ്രകൃതവും കാരണവും സാമ്പത്തിക ആഘാതവും എന്തൊക്കെയാണെന്ന് വിലയിരുത്തിക്കൊണ്ടുള്ള അപ്പന്റിക്സ് 1600 E മാതൃകയിലുള്ള പത്രിക തയ്യാറാക്കിയിട്ടില്ല.

Ii) അളവുകൾ, നിരക്കുകൾ, ഓരോ ഇനത്തിന്റെയും വ്യതിയാനത്തിന്റെ കാരണം വ്യക്തമാക്കിക്കൊണ്ടുള്ള ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരവും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരവുമുള്ള തുകകൾ എന്നിവ ഉൾപ്പെടുന്ന ഒരു താരതമ്യ പത്രിക അപ്പന്റിക്സ് 1600 F മാതൃകയിൽ തയ്യാർ ചെയ്തിട്ടില്ല.

5. അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി ഈടാക്കിയതിന്റെ രേഖയില്ല

03.02.2016 തീയ്യതിയിലെ ജി.ഒ.(പി) 19/2016/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ടെണ്ടർ അംഗീകരിക്കപ്പെട്ട കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് എസ്റ്റിമേറ്റിന്റെ 10% മുതൽ 25% വരെ കുറവാണെങ്കിൽ കരാറുകാരനിൽനിന്ന് അധികമായി അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി ഈടാക്കേണ്ടതാണ്. ഈ പദ്ധതിയിൽ എസ്റ്റിമേറ്റ് തുക 76,00,000/- രൂപയും കരാറുകാരൻ ക്വാട്ട് ചെയ്ത തുക 60,69,860/- രൂപയുമാണ്. 20.13% ആണ് ടെണ്ടർ കുറവ്. ആയതിനാൽ താഴെ പറയും പ്രകാരം അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി കണക്കാക്കി ഈടാക്കേണ്ടതുണ്ട്.

അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി= PAC യുടെ (X-10)% (X=കരാറുകാരൻ ക്വാട്ട് ചെയ്ത ടെണ്ടർ കുറവ്) {X=[(7600000-6069860)÷7600000] X 100=20.13}

= 6069860 X (20.13-10)/100

= 6069860 X 10.13 %

= 6,14,877

എന്നാൽ മേൽ തുക കരാറുകാരനിൽനിന്ന് ഈടാക്കിയിട്ടുണ്ടോ എന്ന് രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

6. പദ്ധതി രൂപീകരണ ഘട്ടത്തിൽ ആവശ്യകതകൾ കൃത്യമായി തിട്ടപ്പെടുത്തി എസ്റ്റിമേറ്റ് ഇനങ്ങൾ തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തുന്നതിനാലാണ് ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ട ശേഷം എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തുന്നതിനും പുതിയ ഇനങ്ങൾ ഉൾക്കൊള്ളിക്കുക, അളവുകളിൽ മാറ്റം വരുത്തുക തുടങ്ങിയ കാര്യങ്ങൾക്ക് ഇടയാക്കുന്നത്. ഇത് പദ്ധതി നിർവ്വഹണത്തിലും ചെലവ് തുക തിട്ടപ്പെടുത്തുന്നതിലും ബുദ്ധിമുട്ട് ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.

അപാകതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/2019-20; തീയ്യതി: 17.09.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 2019-20 വർഷം എസ്.സി.പി. ഫണ്ടിൽനിന്ന് ആകെ ചെലവഴിച്ച 16,83,742/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-50 പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള മെറിറ്റോറിയസ് സ്കോളർഷിപ്പ് വിതരണം- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെമ്പർ സെക്രട്ടറി, കുടുംബശ്രീ |
| പ്രൊജക്ട് നമ്പർ | : | S0067/20 |
| ബിൽ നമ്പർ/തീയ്യതി/തുക | : | 28/26.12.19 – 6,70,000 |

| | | |
|---|---|---|
| | | 33/12.02.20 – 1,60,000<br>43/16.03.20 – 60,000 |
| ഫണ്ട് | : | വികസന ഫണ്ട് (എസ്.സി.പി) |
| ഫയൽ നം. | : | H4.25430/19 |

നഗരസഭ 2019-20 വർഷത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്നതിന് വേണ്ടി മേൽ പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 9,02,000/- രൂപ വകയിരുത്തി. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പട്ടികജാതി/പട്ടിക വർഗ്ഗ ബിരുദ വിദ്യാർത്ഥികൾ മെറിറ്റോറിയസ് സ്കോളർഷിപ്പിനത്തിൽ അധിക തുക കൈപ്പറ്റി :-

14.02.2018 ലെ സ.ഉ.(കൈ) നം. 22/2018/ത.സ്വ.ഭ.വ മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.5 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ബിരുദ വിദ്യാർത്ഥികൾക്ക് 20,000/- രൂപ മെറിറ്റോറിയസ് സ്കോളർഷിപ്പായി നൽകാവുന്നതാണ്. എന്നാൽ പരിശോധനയ്ക്കായി ലഭ്യമാക്കിയ രേഖകൾ പ്രകാരം ചുവടെ ചേർത്ത ബിരുദ വിദ്യാർത്ഥികൾക്ക് 30,000/- രൂപ അനുവദിച്ചതായി കാണുന്നു.

| ക്രമ നം. | പേര്/വിവരങ്ങൾ | പഠിക്കുന്ന കോഴ്സ് | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| 1 | മയൂരി.കെ | BA | 20,000 | 30,000 | 10,000 |
| 2 | അർജ്ജുൻ പ്രകാശ് | BA | 20,000 | 30,000 | 10,000 |
| 3 | അനഘ.കെ.പി | Bcom | 20,000 | 30,000 | 10,000 |
| 4 | അഷിൻ.ടി.കെ | Bcom | 20,000 | 30,000 | 10,000 |
| 5 | തീർത്ഥ.കെ | B A | 20,000 | 30,000 | 10,000 |
| 6 | ശ്രുതി.ജെ | Bcom | 20,000 | 30,000 | 10,000 |
| 7 | അശ്വന.പി.ശ്രീജിത്ത് | BA | 20,000 | 30,000 | 10,000 |
| 8 | അമിയ.എ | BA | 20,000 | 30,000 | 10,000 |
| 9 | സായൂജ്യ.കെ | Bsc | 20,000 | 30,000 | 10,000 |
| 10 | സിൻസി സന്തോഷ് | Bsc | 20,000 | 30,000 | 10,000 |
| 11 | സഹിന സജീവൻ.എം | BCA | 20,000 | 30,000 | 10,000 |
| 12 | അമലേന്ദു.സി | BCA | 20,000 | 30,000 | 10,000 |
| 13 | സിഷ്ന സന്തോഷ് | BA | 20,000 | 30,000 | 10,000 |
| | | | ആകെ | | 1,30,000 രൂപ |

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുകയിനത്തിൽ അധികം കൈപ്പറ്റിയ 1,30,000/- രൂപ തിരിച്ചടവാക്കേണ്ടതാണ്.

2. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നും സ്കോളർഷിപ്പ് ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളും ആനുകൂല്യം കൈപ്പറ്റി:-

മേൽ പ്രോജക്ടിൽ ഉൾപ്പെട്ട വിദ്യാർത്ഥികളായ ശ്രീ.അർജ്ജുൻ രാജേഷ്, കുമാരി ഇന്ദ്രജ.സി.കെ എന്നിവർക്ക് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ലഭിക്കുന്നതായി സ്ഥാപന മേധാവികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ നം.സ.ഉ.(കൈ) നം. 22/2018/ ത.സ്വ.ഭ.വ തീയ്യതി: 14/02/18 ലെ ഖണ്ഡിക നമ്പർ 7.2.5, 7.2.6 നോട് അനുബന്ധമായി ചേർത്ത കുറിപ്പ് പ്രകാരം ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നോ വകുപ്പിൽ നിന്നോ ധനസഹായത്തിന് അർഹതയില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ വിദ്യാർത്ഥികൾ നഗരസഭയിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ഒരേ സമയം ആനുകൂല്യം കൈപ്പറ്റുന്നുണ്ട് എന്നതിനാൽ മേൽ പ്രൊജക്ട് പ്രകാരം അധികമായി കൈപ്പറ്റിയ തുക തിരിച്ചടവാക്കേണ്ടതാണ്.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | കോഴ്സ് | അനുവദിച്ച തുക |
|---|---|---|---|
| 1 | അർജ്ജുൻ രാജേഷ് | ബി.ഡി.എസ് | 30,000 |

| | | | |
|---|---|---|---|
| 2 | ഇന്ദ്രജ.സി.കെ | സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ | 20,000 |
| | | ആകെ | 50,000 |

മേൽ അപാകതകൾ സംബന്ധിച്ച് 29.03.2021 ന് നൽകിയ ഓഡിറ്റ് അന്വേഷണ നമ്പർ 58/2019-20 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ 13.08.2021 ലെ മറുപടിയിൽ വിദ്യാർത്ഥികൾ അധികം കൈപ്പറ്റിയ 1,30,000/- രൂപ തിരിച്ചടവാക്കാൻ നോട്ടീസ് നൽകിയതായും പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും സ്കോളർഷിപ്പ് ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് വീണ്ടും ആനുകൂല്യം നൽകിയത് " പാനൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന വിദ്യാർത്ഥികൾക്ക് യാതൊരു ധനസഹായവും നൽകിയിട്ടില്ലെന്ന "ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. അധികം നൽകിയ 50,000/- രൂപ നഗരസഭയിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഒരേ സമയം ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികളിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ആയതിനാൽ 50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ പദ്ധതിയിൽ ബിരുദ വിദ്യാർത്ഥികൾക്ക് അധികം നൽകിയ തുകയായ 1,30,000/- രൂപ അതിനുത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. അധികം ചെലവഴിച്ച 1,30,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

1-51 തലശ്ശേരി- ജനറൽ ആശുപത്രിയിലെ അനധികൃത കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ

ഫയൽ നം : E7-29197/19, E7-16816/19

1999 ലെ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ റൂൾ 4 (2) പ്രകാരം ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ അല്ലെങ്കിൽ കൂട്ടിച്ചേർക്കുകയോ വിപുലീകരിക്കുകയോ കെട്ടിടത്തിൽ മാറ്റം വരുത്തുകയോ അല്ലെങ്കിൽ അതിന് കാരണമാവുകയോ ചെയ്യുന്നതിന് മുമ്പ് ആദ്യം അത്തരത്തിലുള്ള ഓരോ ജോലിക്കും പ്രത്യേകമായി സെക്രട്ടറിയിൽനിന്ന് കെട്ടിട നിർമ്മാണ പെർമിറ്റ് നേടിയിരിക്കേണ്ടതാണെന്നും വ്യക്തമാക്കുന്നു. 1999 ലെ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കു പകരം 2019 ലെ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടം [ജി.ഒ.പി.നം.78/2019/എൽ.എസ്.ജി.ഡി തീയതി: 02.11.2019] 02.11.2019 ന് നിലവിൽ വന്നു. പ്രസ്തുത ചട്ടം 2020 ലെ ജി.ഒ.പി.നം.57/2020/എൽ.എസ്.ജി.ഡി 24.09.2020 പ്രകാരം 24.09.2020 പ്രാബല്യത്തിൽ ഭേദഗതി ചെയ്തിട്ടുണ്ട്.

സൂപ്രണ്ട്, ജനറൽ ആശുപത്രി - തലശ്ശേരിയുടെ 06.06.2019 ലെ ബി6/4677/2019 നമ്പർ കത്ത് പ്രകാരം ജനറൽ ആശുപത്രിയിൽ വളരെ അത്യാവശ്യമായി നടപ്പാക്കേണ്ട നിർമ്മാണ /നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ട തുടർനടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നഗരസഭ സെക്രട്ടറിക്ക് കത്ത് നൽകുകയും നഗരസഭയിലെ അസി.എഞ്ചിനീയർ നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിൽ ജനറൽ ആശുപത്രിയിൽ നടത്തിയ ചില നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡ്രഗ് സ്റ്റോറിന്റെ മുൻവശം ഒരു മുറി നിർമ്മിച്ച് മേൽക്കൂര ഇടൽ
2. FS വാർഡിന്റെ പിൻവശത്ത് അലക്കുന്നതിനുള്ള ഷെഡ് നിർമ്മാണം.
3.ആശുപത്രി കാന്റീൻ നവീകരണം
4.ഇൻസിനേറ്റർ ഏരിയയുടെ സമീപം സ്റ്റോർ നിർമ്മാണം
5.അഡ്മിനിട്രേഷൻ ബ്ലോക്കിൽ സ്റ്റേജ്, മേൽക്കൂര നിർമ്മാണം
6.യൂറോളജി ഒബ്സർവേഷൻ റൂം നവീകരണം
7.ബേബി വാർഡിന്റെയും മോർച്ചറിയുടെയും ലോൺട്രി ബിൽഡിംങ്ങിന്റെയും ഉയരം കൂട്ടുന്ന പ്രവൃത്തി.

കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

മേൽ പരാമർശിച്ച കെട്ടിടനിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾക്ക് നഗരസഭ പെർമിറ്റ് അനുവദിച്ചിട്ടില്ല. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ കണ്ണൂർ സബ് സർക്കിളിൽനിന്നുള്ള 13.11.2019 ലെ 1/12/17-M-788 നമ്പർ സ്റ്റോപ്പ് നോട്ടീസ് പ്രകാരം ജനറൽ ആശുപത്രിയിൽ നടന്നുവരുന്ന നിൽമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിനുവേണ്ടി നോട്ടീസ് നൽകിയിട്ടുണ്ട്. ഭാരതീയ പുരാവസ്തു ഗവേഷണ വകുപ്പിന്റെ കീഴിലുള്ള സംരക്ഷിത സ്മാരകമായ തലശ്ശേരി കോട്ടയുടെ തൊട്ടടുത്താണ് തലശ്ശേരി ജനറൽ ആശുപത്രി സ്ഥിതിചെയ്യുന്നത്. 1958 ലെ പ്രാചീന സ്മാരകങ്ങളും പുരാവസ്തു പ്രാധാന്യമുള്ള സ്ഥലങ്ങളും പുരാണ അവശിഷ്ടങ്ങളും സംബന്ധിച്ച നിയമത്തിലെ വകുപ്പ് 20 എ പ്രകാരം സംരക്ഷിത സ്മാരകങ്ങളിൽ 100 മീറ്റർ ചുറ്റളവിലുള്ള സ്ഥലങ്ങൾ നിരോധിത മേഖലയാണ്. പ്രസ്തുത സ്ഥലത്ത് നടക്കുന്ന നിർമ്മാണ/ അറ്റകുറ്റപ്പണി/നവീകരണ പ്രവർത്തനങ്ങൾക്ക് മേൽ നിയമത്തിലെ 20 സി വകുപ്പ് പ്രകാരം ഭാരതീയ പുരവസ്തു വകുപ്പിന്റെ അനുമതി ആവശ്യമാണ്. ജനറൽ ആശുപത്രിയിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭാരതീയ പുരാവസ്തു ഗവേഷണ വകുപ്പിന്റെ അനുമതിയും കോസ്റ്റൽ അതോറിറ്റിയിൽ നിന്നുള്ള നിരാക്ഷേപപത്രവും ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ 06.01.2021 ലെ ഓഡിറ്റ് അന്വേഷണം നമ്പർ 42/2019-20 ന് നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം ലഭ്യമാക്കിയ മറുപടിയിൽ 2019 ലെ പുതിയ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം

സർക്കാർ കെട്ടിടങ്ങൾക്ക് ഇളവു നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നിരുന്നാലും 07.11.2019 ന് മുമ്പ് സമർപ്പിച്ച അപേക്ഷകളിൽ 1999 ലെ ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാവുന്നതിനാൽ മേൽ കെട്ടിടനിർമ്മാണ പ്രവൃത്തികൾക്കെല്ലാം നഗരസഭയിൽ നിന്നും നിർമ്മാണ അനുമതി വാങ്ങേണ്ടതാണ്.

1-52 അഗതിരഹിത കേരളം പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താവിന്റെ വീട് വാസയോഗ്യമാക്കുന്നതിന് അധിക തുക നൽകി- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെമ്പർ സെക്രട്ടറി, കുടുംബശ്രീ. |
| പ്രൊജക്ട് നമ്പർ | : | S 0261/2020 |
| ബിൽ നമ്പർ | : | 18/2019-20, തീയ്യതി 03.09.2019 (75,000/-)<br>34/2019-20 തീയ്യതി 09.03.2020 (44,130/-) |
| ആകെ തുക- | : | 1,19,130/- |
| ഫണ്ട് | : | ഫണ്ട്-വികസന ഫണ്ട് |
| ഫയൽ നമ്പർ | : | H4-21380/19 |

അഗതിരഹിത കേരളം പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കുന്നതിന് വികസന ഫണ്ടിൽ നിന്നും മൂന്ന് ഗുണഭോക്താകൾക്ക് ഒന്നര ലക്ഷം രൂപ വീതം, നാലരലക്ഷം രൂപ വകയിരുത്തി. പ്രസ്തുത പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

മേൽ പദ്ധതി പ്രകാരമുള്ള ഭവന പുനരുദ്ധാരണത്തിലെ ഗുണഭോക്താക്കളിലൊരാളായ ശ്രീ.രവീന്ദ്രൻ.കെ.വി. എന്നവർക്ക് നഗരസഭ എഞ്ചിനീയറിങ്ങ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റായ 1,51,000/- രൂപയിൽ 75,000/- രൂപ 03/09/2019 ന് ഒന്നാം ഗഡുവായി അനുവദിക്കുകയും തുടർന്ന് ഭവന പുനരുദ്ധാരണം പൂർത്തീകരിച്ച മുറയ്ക്ക് എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ നിന്നുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആകെ പ്രവൃത്തിയുടെ തുകയായ 1,19,130/- രൂപയിൽ ഒന്നാം ഗഡു കഴിച്ച് ബാക്കിയുള്ള 44,130/- രൂപ രണ്ടാം ഗഡുവായി 09/03/2020 ന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷ പരിശോധിച്ചതിൽ ശ്രീ.രവീന്ദ്രൻ പൊതു വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താവ് ആണെന്ന് കാണുന്നു. 12/02/2017 ലെ സ.ഉ (എം.എസ്) 252/2017 /ത.സ്വ.ഭ വ നം അഗതികേരളം പദ്ധതി മാർഗ്ഗരേഖ 4.2.2.4 പ്രകാരം അഗതി കേരളം പുനരുദ്ധാരണ പദ്ധതി പ്രകാരമോ മറ്റ് ഏതെങ്കിലും സ്കീം പ്രകാരമോ മുൻ കാലങ്ങളിൽ നൽകിയ വീടുകൾ വാസയോഗ്യമാക്കുന്നതിന് ആവശ്യമായ തുക നിലവിലുള്ള പദ്ധതി സബ്സിഡി മാനദണ്ഡങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട സാങ്കേതിക ഉദ്യോഗസ്ഥന്റെ എസ്റ്റിമേറ്റ് അനുസരിച്ച് വിവിധ ഭവനപദ്ധതിയിലുൾപ്പെടുത്തി നൽകാമെന്ന് വ്യക്തമാക്കുന്നു. പതിമൂന്നാം പഞ്ചവത്സര സബ്സിഡി മാർഗ്ഗരേഖയായ 14.02.2018 ലെ സ.ഉ(കൈ) 22/2018/ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക 6.7ലെ ക്രമ നം 6 പ്രകാരം പൊതു വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് അനുവദനീയമായ തുക 1,00,000/- രൂപയാണെന്ന് കാണുന്നു. മേൽ പദ്ധതിപ്രകാരം ഗുണഭോക്താവായ ശ്രീ. രവീന്ദ്രൻ.കെ.വി യ്ക്ക് 19,130/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ 21.08.2021 ലെ ഓഡിറ്റ് അന്വേഷണ നമ്പർ 08/2019-20 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ 12.12.2017 ലെ സ.ഉ.(എം.എസ്)നം.225/2017/ത.സ്വ.ഭ.വ- അഗതിരഹിത കേരളം പദ്ധതി പ്രകാരം വീട് വെക്കുന്നതിനുള്ള സബ്സിഡി എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും പട്ടികവർഗ്ഗ വിഭാഗത്തിന് നൽകുന്ന നിരക്കിന് തുല്യമായിരിക്കുമെന്ന് പ്രതിപാദിച്ചിട്ടുള്ളതിനാലാണ് മേൽ തുക അനുവദിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. വീട് പുനരുദ്ധാരണത്തിന് പ്രസ്തുത തുക അനുവദനീയമല്ല എന്നതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ 23.09.2020 ലെ മറുപടി അംഗീകരിക്കാവുന്നതല്ല. ഗുണഭോക്താവിന് അധികം നൽകിയ 19,130/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. അധികം നൽകിയ ചെലവ് തുകയായ 19,130/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

1-53 കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിങ്ങ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെമ്പർ സെക്രട്ടറി, കുടുംബശ്രീ |
| പ്രൊജക്ട് നമ്പർ | : | S0112/20 |
| ബിൽ നമ്പർ/തീയ്യതി | : | 37/2019-20<br>തീയ്യതി 06.03.2020 |
| തുക | : | 99,600/- |
| ഫണ്ട് | : | വികസന ഫണ്ട് |
| ഫയൽ നമ്പർ | : | H4/20857/19 |

നഗരസഭ പ്രദേശത്തെ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളിൽ പഠിക്കുന്ന കൗമാരക്കാരായ പെൺകുട്ടികളുടെ സാമൂഹിക-മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് കൗൺസിലിങ്ങ് നൽകുന്നതിനാണ് മേൽ പദ്ധതി ലക്ഷ്യമിട്ടത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 14.02.2018 ലെ സ.ഉ (കൈ) 22/2018/ത.സ്വ.ഭ.വ പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ മാനദണ്ഡ പ്രകാരമുള്ള യോഗ്യതയുള്ള കൗൺസിലർമാരെ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളിൽ 10 മാസത്തേക്ക് നിയമിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി കൗമാരക്കാരായ പെൺകുട്ടികൾക്ക് തുടർച്ചയായ കൗൺസിലിങ്ങ് നൽകാതെ ഓരോ സ്കൂളിലെയും ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗങ്ങൾക്കായി ഒരു സെഷൻ കൗൺസിലിങ്ങ് ക്ലാസ്സും, തുടർന്ന് വ്യക്തിഗത കൗൺസിലിങ്ങുമാണ് നൽകിയിരിക്കുന്നത്. മാർഗ്ഗരേഖ പ്രകാരം ഒരു അക്കാദമിക് വർഷത്തിൽ കൗമാരക്കാരായ പെൺകുട്ടികൾക്ക് തുടർച്ചയായ കൗൺസിലിങ്ങ് നൽകുവാനാണ് ലക്ഷ്യമിടുന്നത്. 26.09.2018 ലെ സാമൂഹ്യനീതി വകുപ്പിന്റെ എ6-1745018 നമ്പർ സർക്കുലർ പ്രകാരം കൗൺസിലിങ്ങ് ആവശ്യമായ സന്ദർഭങ്ങളിൽ എല്ലാ വിദ്യാർത്ഥികൾക്കും നൽകേണ്ടതാണെന്നും സ്കൂൾ കലണ്ടർ പ്രകാരമുള്ള അദ്ധ്യയന ദിവസങ്ങളിൽ രാവിലെ 9 മണിമുതൽ വൈകുന്നേരം 4.30 വരെ കൗൺസിലർ സ്കൂളുകളിൽ ഹാജരാകേണ്ടതാണെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല എന്ന് കാണുന്നു.

2. മേൽ പ്രൊജക്ട് നടപ്പിലാക്കുമ്പോൾ സാമൂഹ്യനീതി വകുപ്പിന്റെ മാനദണ്ഡ പ്രകാരമുള്ള വേതനം കരാറടിസ്ഥാനത്തിൽ (സാമൂഹ്യനീതി വകുപ്പിന്റെ മാനദണ്ഡ പ്രകാരം സ്കൂൾ കൗൺസിലർക്ക് പ്രതിമാസം 18,750/-രൂപ നിരക്കിൽ) നിയമിക്കപ്പെട്ട കൗൺസിലർമാർക്ക് നൽകാവുന്നതാണെന്ന് മാർഗ്ഗരേഖ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി 11 സ്കൂളുകളിലായി 21 ക്ലാസ്സുകൾ സംഘടിപ്പിച്ചതിന് ഒരു ക്ലാസ്സിന് 2,000/- രൂപ നിരക്കിൽ 42,000/- രൂപയും, വ്യക്തിഗത കൗൺസിലിങ്ങിന് ഒരു സെഷന് 900/- രൂപ നിരക്കിൽ 64 സെഷനുകൾ സംഘടിപ്പിച്ചതിന് 57,600/- രൂപയും നൽകിയതായി കാണുന്നു.

3. 'കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിങ്ങ്' പദ്ധതിയുമായി ബന്ധപ്പെട്ട് മെമ്പർ സെക്രട്ടറി - കുടുംബശ്രീയും മലബാർ മെന്റൽ ഹെൽത്ത് എഡ്യുക്കേഷണൽ ആന്റ് ചാരിറ്റബിൾ എഡ്യുക്കേഷണൽ ട്രസ്റ്റ് എന്ന സ്ഥാപനവും തമ്മിലുള്ള കരാർ പ്രകാരം 5 സ്കൂളുകളിൽ കൗൺസിലിംഗ് ക്ലാസ്സ്, വ്യക്തിഗത കൗൺസിലിംഗ് എന്നിവ നടത്തുന്നതിന് വേണ്ടിയാണ് മലബാർ മെന്റൽ ഹെൽത്ത് എഡ്യുക്കേഷൻ&ചാരിറ്റബിൾ ട്രസ്റ്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വൗച്ചർ പ്രകാരം സർക്കാർ, എയിഡഡ് സ്കൂളുകളിലടക്കം 11 സ്കൂളുകളിലായി കൗൺസിലിംഗ് ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം സ്കൂൾ കൗൺസിലറെ നിയമിക്കുമ്പോൾ സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവ നിയോഗിച്ചിട്ടുള്ള സ്കൂൾ കൗൺസിലേഴ്സിനെ കൂടി കണക്കാക്കി വേണം നഗരസഭകൾ പ്രൊജക്ട് നടപ്പിലാക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭ പരിധിയിലുള്ള വിവിധ സർക്കാർ സ്കൂളുകളിൽ 8 കൗൺസിലർമാരെ സാമൂഹ്യനീതി വകുപ്പ് നിയമിച്ചിട്ടുണ്ടെന്നിരിക്കെയാണ് വീണ്ടും നഗരസഭ പ്രസ്തുത സ്കൂളുകളിൽത്തന്നെ പ്രൊജക്ട് പ്രകാരം കൗൺസിലിംഗ് ലഭ്യമാക്കുന്നത്. വനിത ശിശു വികസന ഡയറക്ടറുടെ 02.08.2019 ലെ ICDS/A6-21800/19 നമ്പർ കത്ത് പ്രകാരം നിലവിൽ കൗൺസിലേർസ് ഇല്ലാത്ത സ്കൂളുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കൗൺസിലേർസിനെ നിയമിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സാമൂഹ്യനീതി വകുപ്പ് ഏതൊക്കെ സ്കൂളുകളിൽ കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട് എന്നും ഏതൊക്കെ സ്കൂളുകളിൽ കൗൺസിലർമാർ ഇല്ല എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

4. മലബാർ മെന്റൽ ഹെൽത്ത് എഡ്യുക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ് ഹാജരാക്കിയ അവലോകന റിപ്പോർട്ട് പ്രകാരം കൗൺസിലിംഗ് ക്ലാസ്സിന് ശേഷം വ്യക്തിപരമായ കൗൺസിലിംഗ് ആവശ്യമായവരുടെ പേരു വിവരങ്ങൾ ശേഖരിച്ച് അവ സൈക്കോളജിസ്റ്റുകൾക്ക് കൈമാറിയതായി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വൗച്ചറുകൾ പ്രകാരം പല സ്കൂളുകളിലും വ്യക്തിഗത കൗൺസിലിങ്ങിന് ശേഷമാണ് കൗൺസിലിങ്ങ് ക്ലാസ് നടത്തിയതായി കാണുന്നത്. ഉദാ: സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂളിൽ കൗൺസിലിങ്ങ് ക്ലാസ്സ് നടത്തിയത് 18.11.2019നും വ്യക്തിഗത ക്ലാസ്സ് നടത്തിയത് 12.11.2019 നുമാണ്. അതായത് കൗൺസിലിങ്ങ് ക്ലാസ്സിന് മുൻപു തന്നെ വ്യക്തിഗത ക്ലാസ്സ് നടത്തിയതായി വ്യക്തമാവുന്നു. ഓണിയൻ ഹൈസ്കൂൾ കോടിയേരി, സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂൾ, സേക്രഡ് ഹാർട്ട് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, എം.എം ഹയർ സെക്കന്ററി സ്കൂൾ, ഗവ.ഹയർ സെക്കന്ററി സ്കൂൾ കാവും ഭാഗം, ഗവ.ഹയർ സെക്കന്ററി സ്കൂൾ ചിറക്കര, ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ - തലശ്ശേരി, BEMP ഹയർ സെക്കന്ററി സ്കൂൾ- തലശ്ശേരി, ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ - കൊടുവള്ളി എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയ ഹാജർ രജിസ്റ്ററുകളിൽ ക്ലാസ്സ് നടന്ന തീയ്യതി വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വൗച്ചറുകളുടെ ആധികാരികത സംബന്ധിച്ച് വ്യക്തതയില്ല.

5. മേൽ പ്രൊജക്ടിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും കൗൺസിലർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വേണ്ടി മോണിറ്ററിംഗ് കമ്മിറ്റി ക്രമീകരിക്കണമെന്ന് പ്രോജക്ടിൽ പരാമർശിക്കുന്നുണ്ടെങ്കിലും പ്രസ്തുത കമ്മിറ്റി രൂപീകരിച്ചതായ രേഖകളോ മോണിറ്ററിംഗ് നടത്തിയ റിപ്പോർട്ടോ ഫയലിൽ ലഭ്യമല്ല.

6. കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ് നൽകുന്നതിനുവേണ്ടിയാണ് മേൽ പദ്ധതി ലക്ഷ്യമിടുന്നത്. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം B.E.M.P H.S.S ന്റെ 27.01.2010 ലെ കൗൺസിലിങ്ങ് ക്ലാസ്സിൽ ഹയർ സെക്കന്ററി സെക്ഷനിലെ മുഴുവൻ ആൺകുട്ടികളും കോഴ്സിൽ പങ്കെടുത്തതായി കാണിച്ചിട്ടുണ്ട്. B.E.M.P H.S.S ലെ ഹൈസ്കൂൾ വിഭാഗത്തിലായി

14.01.2020, 15.01.2020 തീയ്യതികളിൽ നടത്തിയ വ്യക്തിഗത കൗൺസിലിങ്ങ് ക്ലാസ്സിന്റെ വൗച്ചർ പ്രകാരമുള്ള ഹാജർ രജിസ്റ്റർ പ്രകാരം പ്രസ്തുത തീയ്യതികളിൽ ക്ലാസ്സ് നടത്താതെ തന്നെ 900/- രൂപ നിരക്കിൽ 3 സെഷന് 2,700/- രൂപ നൽകിയതായി കാണുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് 15.10.2020 ന് നൽകിയ 41/2019-20 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഹാജർ രജിസ്റ്റർ പ്രകാരം കൗൺസിലിങ്ങ് ക്ലാസ്സ് നടത്താതെ ചെലവഴിച്ച 2,700/- രൂപ സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. ചെലവ് തുകയായ 99,600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ പരിശോധിക്കേണ്ടതാണ്.

1-54 "അഗതിരഹിത കേരളം- വീട് വാസയോഗ്യമാക്കൽ “- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെമ്പർ സെക്രട്ടറി, കുടുംബശ്രീ | |
| പ്രൊജക്ട് നമ്പർ | : | S 0451/20 | തുക |
| ബിൽ നമ്പർ | : | 03/2019-20 തിയ്യതി 12/07/2019, 09/2019-20 തീയ്യതി 27/07/2019, 44/2019-20 തീയ്യതി 23/03/2020 | 52,000 75,000 1,04,000 |
| ഫണ്ട് | : | വികസന ഫണ്ട് | |
| ഫയൽ നമ്പർ | : | H4-4267/2019,H4-14936/2019 | |

വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെട്ട 2018-19 വർഷത്തെ ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് തൻവർഷം വികസന ഫണ്ടിൽ നിന്നും 3,75,000/- രൂപ വകയിരുത്തി. പ്രസ്തുത പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

അഗതിരഹിതകേരളം പദ്ധതിയുടെ ഭാഗമായുള്ള ഭവന പുനരുദ്ധാരണത്തിലെ ഗുണഭോക്താക്കളിലൊരാളായ പുതുക്കായ് ശാരദ എന്നവർക്ക് നഗരസഭ എഞ്ചിനീയറിങ്ങ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റായ 1,50,946/- രൂപയിൽ 75,000/- രൂപ 18/03/2019ന് ഒന്നാം ഗഡുവായി അനുവദിക്കുകയും തുടർന്ന് ഭവന പുനരുദ്ധാരണം പൂർത്തീകരിച്ച മുറയ്ക്ക് എഞ്ചീനീയറിംങ്ങ് വിഭാഗത്തിൽ നിന്നുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആകെ പ്രവൃത്തിയുടെ തുകയായ 1,27,451/- രൂപയിൽ ഒന്നാം ഗഡു കഴിച്ച് ബാക്കിയുള്ള 52,000/- രൂപ രണ്ടാം ഗഡുവായി 12/07/2019 ന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷ പരിശോധിച്ചതിൽ ഗുണഭോക്താവായ പുതുക്കായ് ശാരദ പൊതു വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താവ് ആണെന്ന് കാണുന്നു. 12/02/2017 ലെ സ.ഉ (എം.എസ്) 252/2017/ത.സ്വ.ഭ.വ നം അഗതി കേരളം പദ്ധതി മാർഗ്ഗരേഖ 4.2.2.4 പ്രകാരം അഗതി പുനരുദ്ധാരണ പദ്ധതി പ്രകാരമോ മറ്റ് ഏതെങ്കിലും സ്കീം പ്രകാരമോ മുൻ കാലങ്ങളിൽ നൽകിയ വീടുകൾ വാസയോഗ്യമാക്കുന്നതിന് ആവശ്യമായ തുക നിലവിലുള്ള പദ്ധതി സബ്സിഡി മാനദണ്ഡങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട സാങ്കേതിക ഉദ്യോഗസ്ഥന്റെ എസ്റ്റിമേറ്റ് അനുസരിച്ച് വിവിധ ഭവനപദ്ധതിയിലുൾപ്പെടുത്തി നൽകാമെന്ന് വ്യക്തമാക്കുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയായ 14.02.2018 ലെ സ.ഉ(കൈ) 22/2018/ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക 6.7ലെ ക്രമ നം 6 പ്രകാരം പൊതു വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് അനുവദനീയമായ തുക 1,00,000/- രൂപയാണെന്ന് കാണുന്നു. മേൽ പദ്ധതിപ്രകാരം ഗുണഭോക്താവായ പുതുക്കായ് ശാരദയ്ക്ക് 27,000/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

അഗതിരഹിതകേരളം പദ്ധതിയുടെ ഭാഗമായുള്ള ഭവന പുനരുദ്ധാരണത്തിലെ മറ്റൊരു ഗുണഭോക്താവായ വി.സരോജിനി എന്നവർക്ക് നഗരസഭ എഞ്ചിനീയറിങ്ങ് വിഭാഗം തയ്യാറാക്കിയ എസ്ററിമേറ്റായ 1,99,735/- രൂപയിൽ 75,000/- രൂപ 27/07/2019ന് ഒന്നാം ഗഡുവായി അനുവദിക്കുകയും തുടർന്ന് ഭവന പുനരുദ്ധാരണം പൂർത്തീകരിച്ച മുറയ്ക്ക് എഞ്ചീനീയറിംങ്ങ് വിഭാഗത്തിൽ നിന്നുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആകെ പ്രവൃത്തിയുടെ തുകയായ 1,79,000/- രൂപയിൽ ഒന്നാം ഗഡു കഴിച്ച് ബാക്കിയുള്ള 1,04,000/- രൂപ രണ്ടാം ഗഡുവായി 23/03/2020 ന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷ പരിശോധിച്ചതിൽ ഗുണഭോക്താവായ വി.സരോജിനി പൊതു വിഭാഗത്തിൽപ്പെടുന്നയാളാണ്. 12/02/2017 ലെ സ.ഉ (എം.എസ്) 252/2017/ത.സ്വ.ഭ വ നം അഗതി കേരളം പദ്ധതി മാർഗ്ഗരേഖ 4.2.2.4 പ്രകാരം അഗതി പുനരുദ്ധാരണ പദ്ധതി പ്രകാരമോ മറ്റ് ഏതെങ്കിലും സ്കീം പ്രകാരമോ മുൻ കാലങ്ങളിൽ നൽകിയ വീടുകൾ വാസയോഗ്യമാക്കുന്നതിന് ആവശ്യമായ തുക നിലവിലുള്ള പദ്ധതി സബ്സിഡി മാനദണ്ഡങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട സാങ്കേതിക ഉദ്യോഗസ്ഥന്റെ എസ്റ്റിമേറ്റ് അനുസരിച്ച് വിവിധ ഭവനപദ്ധതിയിലുൾപ്പെടുത്തി നൽകാമെന്ന് വ്യക്തമാക്കുന്നു. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖയായ 14.02.2018 ലെ സ.ഉ(കൈ) 22/2018/ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക 6.7ലെ ക്രമ നം 6 പ്രകാരം പൊതു വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് അനുവദനീയമായ തുക 1,00,000/- രൂപയാണെന്ന് കാണുന്നു. മേൽ പദ്ധതിപ്രകാരം

ഗുണഭോക്താവായ വി.സരോജിനിയ്ക്ക് 79,000/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ നമ്പർ 7/2019-20 തീയ്യതി:21/08/2020 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ 01.10.2020 ലെ മറുപടിയിൽ 29.09.2020 ന് ഗുണഭോക്താവായ വി.സരോജിനി 29,000/- രൂപ തിരിച്ചടവാക്കിയതായി അറിയിക്കുകയും ആയതിന്റെ രേഖകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം പൊതു വിഭാഗത്തിൽപ്പെടുന്ന ഗുണോഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് അനുവദനീയമായ തുക ഒരു ലക്ഷം രൂപയാണ് എന്നതിനാൽ മേൽ പ്രൊജക്റ്റിലെ ഗുണഭോക്താക്കളായ പുതുക്കായി ശാരദ എന്നവർക്ക് അധികം നൽകിയ തുകയായ 27,000/- രൂപയും വി.സരോജിനി എന്നവർക്ക് അധികം നൽകിയ തുകയായ 50,000/- രൂപയും ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. അധികം നൽകിയ തുകയായ 77,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

1-55 കൊളശ്ശേരി നഗര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഹോസ്പിറ്റൽ മാനേജിങ്ങ് കമ്മിറ്റി രൂപീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല-വൈദ്യുതി ചാർജ്ജിനത്തിൽ ചെലവഴിച്ച 53,427/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| ഫയൽ നം | : | E7-679/19 | |
| വൗച്ചർ നം/തുക | : | 203/08.05.19 | 5,294 |
| | : | 422/25.06.19 | 3,205 |
| | : | 1262/26.12.19 | 31,894 |
| | : | 1263/26.12.19 | 13,034 |

മേൽ വൗച്ചറുകൾ പ്രകാരം കൊളശ്ശേരി നഗര പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ വൈദ്യുതി ചാർജിനത്തിലെ തുകകൾ (കൺസ്യൂമർ നം.1166686025242) ആശുപത്രി മാനേജിങ്ങ് കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് (40707101015373) തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. എന്നാൽ 2013ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിങ്ങ് കമ്മിറ്റി) ചട്ടങ്ങൾ പ്രകാരം നഗരസഭ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ആശുപത്രി മാനേജിങ്ങ് കമ്മിറ്റി രൂപീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വൈദ്യുതി ചാർജ്ജിനത്തിൽ മുനിസിപ്പൽ ഫണ്ടിൽ നിന്നും ചെലവഴിച്ച 53,427/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2013 ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിങ്ങ് കമ്മിറ്റി) ചട്ടത്തിലെ ചട്ടം 9 പ്രകാരമുള്ള ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റ് നടത്തുന്നതിനായി വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ 09.04.19ലെ 9ാം നമ്പർ, 17.06.19ലെ 5ാം നമ്പർ, 12.12.19ലെ 22, 23ാം നമ്പർ തീരുമാനങ്ങൾ എന്നിവ പ്രകാരം മേൽ ചെലവുകൾക്ക് നഗരസഭാ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 6/2020 തീയതി:20/08/2020 ന് നഗരസഭാ അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗര പ്രാഥമിക ആരോഗ്യ കേന്ദ്രം നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ സ്ഥാപനമാണെങ്കിൽ ആശുപത്രി മാനേജിങ്ങ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ യഥാസമയം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

1-56 യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | : | S 0251/20 |
| അടങ്കൽ | : | 98,000/-<br>(വികസന ഫണ്ട് (പൊതു വിഭാഗം സാധാരണ വിഹിതം) |
| ചെലവ് | : | 97,690/- |
| ബിൽനമ്പർ/തീയ്യതി | : | 4/2020-21 തീ.23.04.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്. |

2019-20 കാലയളവിൽ യുവജനങ്ങളുടെ കാര്യശേഷി വികസനം ലക്ഷ്യമിട്ട് നഗരസഭ നടപ്പിലാക്കിയ പ്രോജക്റ്റിൽ യുവജനക്ഷേമ ബോർഡിന്റെ അഫിലിയേഷൻ ഉള്ള യുവജനക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നു. പ്രോജക്റ്റിൽ 19 ക്ലബുകൾക്ക് വോളിബോൾ, ഫുട്ബോൾ, ഷട്ടിൽ ബാറ്റ്, ഷട്ടിൽ കോക്ക്, കേരം ബോർഡ് തുടങ്ങിയവ ആവശ്യാനുസരണം നഗരസഭ നല്കുന്നു. ഓരോ ക്ലബിനും 5,000/- രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ ആണ് നല്കുന്നത്. 13.12.2018 ലെ 1-ാം നമ്പരായി ഭരണാനുമതി നല്കിയ പ്രോജക്റ്റിന് ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത പന്തക്കലിലെ ഗെയിം സോൺ എന്ന

സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഈ പ്രോജക്ടിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.03.2018 ലെ സ.ഉ.(സാധാ)811/2018 നമ്പർ ഉത്തരവ് പ്രകാരം രജിസ്റ്റേഡ് യുവജന ക്ലബുകൾക്ക് 5,000/-രൂപയിലധികരിക്കാതെ സ്പോർട്സ് ഉപകരണങ്ങൾ നൽകാം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ താഴെ പറയുന്ന ക്ലബുകൾക്ക് 5,000/- ത്തിൽ കൂടുതൽ രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ നൽകിയതായി കാണുന്നു. വിശദവിവരം ചുവടെ,

(A) നിറം ആർട്സ് & സ്പോർട്സ് ക്ലബ്

| വിതരണം ചെയ്ത സാധനങ്ങളുടെ വിവരം | എണ്ണം | വില | ആകെ |
|---|---|---|---|
| ഫുട്ബോൾ | 1 | 600 | 600 |
| ക്രിക്കറ്റ് ബാറ്റ് | 1 | 1400 | 1400 |
| കാരം ബോർഡ് | 1 | 1100 | 1100 |
| ഷട്ടിൽ നെറ്റ് | 1 | 200 | 200 |
| കാരംസ് മെൻ | 2 | 60 | 120 |
| ഷട്ടിൽ ബാറ്റ് | 2 | 580 | 1160 |
| ഷട്ടിൽ കോക്ക് | 4 | 120 | 480 |
| ആകെ | | | 5,060 |

B)ഇ എം എസ് വായനശാല ആർട്സ് & സ്പോർട്സ് ക്ലബ്

| വിതരണം ചെയ്ത സാധനങ്ങളുടെ വിവരം | എണ്ണം | വില | ആകെ |
|---|---|---|---|
| ക്രിക്കറ്റ് ബാറ്റ് | 2 | 1400 | 2800 |
| ക്രിക്കറ്റ് സ്റ്റംപ് | 2 | 350 | 700 |
| കാരം ബോർഡ് | 1 | 1100 | 1100 |
| ചെസ് ബോർഡ് | 2 | 80 | 160 |
| കാരംസ് മെൻ | 2 | 60 | 120 |
| ചെസ് മെൻ | 2 | 80 | 160 |
| ആകെ | | | 5,040 |

C) യുവചേതന, കുട്ടിമാക്കൂൽ

| വിതരണം ചെയ്ത സാധനങ്ങളുടെ വിവരം | എണ്ണം | വില | ആകെ |
|---|---|---|---|
| ഫുട്ബോൾ | 1 | 600 | 600 |
| ക്രിക്കറ്റ് ബാറ്റ് | 1 | 1400 | 1400 |
| ക്രിക്കറ്റ് സ്റ്റംപ് | 1 | 350 | 350 |
| ക്രിക്കറ്റ് ബോൾ | 1 | 530 | 530 |
| കാരം ബോർഡ് | 1 | 1100 | 1100 |
| വോളിബോൾ | 1 | 600 | 600 |
| ചെസ് ബോർഡ് | 2 | 80 | 160 |
| കാരംസ് മെൻ | 2 | 60 | 120 |
| ചെസ് മെൻ | 2 | 80 | 160 |
| ആകെ | | | 5,020 |

D)മട്ടാമ്പ്രം ആർട്സ് & സ്പോർട്സ് ഓർഗനൈസേഷൻ

| വിതരണം ചെയ്ത സാധനങ്ങളുടെ വിവരം | എണ്ണം | വില | ആകെ |
|---|---|---|---|
| ക്രിക്കറ്റ് ബാറ്റ് | 2 | 1400 | 2800 |
| ക്രിക്കറ്റ് സ്റ്റംപ് | 2 | 350 | 700 |

| | | | |
|---|---|---|---|
| ക്രിക്കറ്റ് ബോൾ | 3 | 530 | 1590 |
| ആകെ | | | 5,090 |

E) യുവ ആർട്സ് & സ്പോർട്സ് ക്ലബ്

| വിതരണം ചെയ്ത സാധനങ്ങളുടെ വിവരം | എണ്ണം | വില | ആകെ |
|---|---|---|---|
| ഫുട്ബോൾ | 1 | 600 | 600 |
| കാരം ബോർഡ് | 1 | 1100 | 1100 |
| ഷട്ടിൽ നെറ്റ് | 1 | 200 | 200 |
| ചെസ് ബോർഡ് | 2 | 80 | 160 |
| കാരംസ് മെൻ | 3 | 60 | 180 |
| ചെസ് മെൻ | 2 | 80 | 160 |
| ഷട്ടിൽ ബാറ്റ് | 2 | 580 | 1160 |
| ഷട്ടിൽ കോക്ക് | 3 | 120 | 360 |
| ആകെ | | | 5,020 |

മേൽ ക്ലബ്ബുകൾക്ക് 5,000/- രൂപയിൽ കൂടുതൽ തുകയുടെ സാധനങ്ങൾ വാങ്ങികൊടുത്തതിന്റെ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് 16.09.2020 തീയ്യതിയിൽ 13-ാം നമ്പരായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടി തൃപ്തികരമല്ല. സദുദ്ദേശപരമായി നടപ്പിലാക്കിയ പ്രോജക്ട് ആണെന്നും പരമാവധി സ്പോർട്സ് ഉപകരണങ്ങൾ ക്ലബുകൾക്ക് ലഭിക്കാൻ വേണ്ടിയാണ് ഇത്തരത്തിൽ നിർവ്വഹണം നടത്താൻ ഇടയാക്കിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

സ്പോർട്സ് കിറ്റ് അനുവദിക്കുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ ഏത് ക്ലബുകൾക്കാണ് സാധനങ്ങൾ വിതരണം ചെയ്തത് എന്ന് എഴുതുകയോ സ്റ്റോക്ക് രജിസ്റ്ററിൽ ടി ക്ലബുകളുടെ ഭാരവാഹികളുടെ ഒപ്പ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയ്ക്ക് വിധേയമായി നിർവ്വഹണം നടത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന്റേയും സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-57 ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | S 0249/20 |
| അടങ്കൽ | : | 28,86,000/ (വികസന ഫണ്ട് ) |
| ചെലവ് | : | ബിൽ നമ്പർ 2 തീയ്യതി 17.01.2020 ബിൽതുക – 4,99,000/-<br>ബിൽ നമ്പർ 4 തീയ്യതി 17.01.2020 ബിൽതുക – 4,99,600/-<br>ബിൽ നമ്പർ 5 തീയ്യതി 17.01.2020 ബിൽതുക – 4,67,300/-<br>ബിൽ നമ്പർ 6 തീയ്യതി 31.01.2020 ബിൽതുക – 4,62,600/-<br>ബിൽ നമ്പർ 7 തീയ്യതി 31.01.2020 ബിൽതുക – 4,62,600/-<br>ബിൽ നമ്പർ 8 തീയ്യതി 18.02.2020 ബിൽതുക – 4,20,980/-<br>28,12,080/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെഡ്മാസ്റ്റർ, ജി.വി.എച്ച്.എസ്.എസ്. കൊടുവള്ളി |

തലശ്ശേരി നഗരസഭാ പരിധിയിൽ താമസിക്കുന്ന ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുന്നതിന് വേണ്ടി വിഭാവനം ചെയ്ത പ്രോജക്ടാണിത്. തലശ്ശേരി നഗരസഭയിലെ സ്ഥിരതാമസക്കാരായ 40% ത്തിനു മുകളിൽ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുന്നു. മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു. വിശദവിവരം ചുവടെ,

1). ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ടതിലും കുറഞ്ഞ തുക അനുവദിച്ചു .

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ(കൈ)22/2018 നമ്പർ മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുന്നതിനായി താഴെ പറയും പ്രകാരം തുക ചെലവഴിക്കാവുന്നതാണ്.

| | | |
|---|---|---|
| സ്കോളർഷിപ്പ് (പ്രതിമാസം) | 1000 | 1000x12 = 12,000 |
| വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 1500 | 1500 |
| പഠന സഹായികൾക്ക്/ വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത ( വാർഷികം) | 2000 | 2000 |
| ഡേ സ്കോളർക്ക് യാത്രാബത്ത (പ്രതിമാസം) | 1000 | 1000x12 = 12,000 |
| ഉല്ലാസയാത്രാ ചെലവുകൾ, പഠനപര്യടനം മുതലായവയ്ക്ക് (രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ) | 1000 | 1000 |
| ആകെ | | 28,500 |

എന്നാൽ അർഹതയുള്ള വിദ്യാർത്ഥികൾക്ക് മേൽ പ്രോജക്ട് പ്രകാരം 26,500/- രൂപ മാത്രം നല്കിയതായി കാണുന്നു. സമൂഹത്തിൽ ആനുകൂല്യം ലഭിക്കുന്നതിന് ഏറ്റവും അർഹതയുള്ള വിഭാഗത്തിന് തുക കുറച്ച് നല്കിയതിനുള്ള വിശദീകരണം നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയില്ല.

2). അപേക്ഷകൾ വാർഡ് സഭയിൽ അംഗീകരിച്ചതിന്റെയും നഗരസഭാ തീരുമാനം എടുത്തതിന്റെയും രേഖകളില്ല – 61,000/- രൂപ തടസ്സപ്പെടുത്തുന്നു .

മാർഗ്ഗരേഖ പ്രകാരം ധനസഹായത്തിന് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ പട്ടിക ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും വാർഡ് സഭയിൽ വായിച്ച് അംഗീകാരം നേടേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷയിൽ വാർഡ് സഭയിൽ അപേക്ഷകൾ അംഗീകരിച്ചിട്ടുണ്ടോ നിരസിച്ചിട്ടുണ്ടോ എന്നതിന്റെയും നഗരസഭാ തീരുമാനം എടുത്തതിന്റെയും രേഖപ്പെടുത്തലുകൾ ഇല്ല. ചില ഉദാഹരണങ്ങൾ ചുവടെ,

| അപേക്ഷകന്റെ പേര് | നല്കിയ സ്കോളർഷിപ്പ് |
|---|---|
| അറഫ അസ്ഗർ, (D/oഅസ്ഗർ ഉസ്മാൻ)പാലിശ്ശേരി, തലശ്ശേരി) | 26,500/- |
| ഹംറാസ് ഹാരിസ്, (S/o. ഹാരിസ്)ടെമ്പിൾ ഗേറ്റ്, തലശ്ശേരി) | 26,500/- |
| മുഹമ്മദ് ഇഹാബ് (S/o. ഫയാസ് .സി.എം), ചേറ്റംകുന്ന്, തലശ്ശേരി | 8,000/- |

3). സ്ഥിരതാമസമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല – 6,600/- രൂപ തടസ്സപ്പെടുത്തുന്നു .

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ(കൈ)22/2018 നമ്പർ മാർഗ്ഗരേഖ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളായവർ ഏത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ സ്ഥിരതാമസക്കാരായവരാണോ ആ സ്ഥാപനമാണ് അവർക്ക് ധനസഹായം നൽകേണ്ടത് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ താഴെ പറയുന്ന അപേക്ഷകൻ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതായി കാണുന്നു. വിശദവിവരം ചുവടെ,

| ക്രമ നം | ആനുകൂല്യം അനുവദിച്ച വിദ്യാർത്ഥിയുടെ പേര് | നല്കിയ തുക | റിമാർക്സ് |
|---|---|---|---|
| 1. | അഭിഷേക് കെ (S/o.ബിറ്റു ഭാസ്കർ) | 6,600/- | അപേക്ഷയോടൊപ്പം ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ബാങ്ക് അക്കൗണ്ട് കോപ്പി, ആധാർ, ജനന സർട്ടിഫിക്കറ്റ് എന്നിവയിൽ "അഭിഷേക്. |

| | | | |
|---|---|---|---|
| | | | കെ, ബീനാലയം, വളപ്പിൽ പറമ്പിൽ, വെസ്റ്റ് ഹിൽ, കോഴിക്കോട് " എന്ന മേൽവിലാസമാണ് ഉള്ളത്. |

അപേക്ഷയോടൊപ്പം ലഭ്യമാക്കിയ രേഖകളിൽ ഉള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ ആവശ്യപ്പെട്ടു കൊണ്ട് 1 മുതൽ 3 വരെയുള്ള ഖണ്ഡികകൾക്ക് ഓഡിറ്റ് അന്വേഷണം (നം.25/2019-20 തീയ്യതി 17.09.2020) നല്കിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.

4). മാർഗ്ഗരേഖ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചില്ല – 53,300/- രൂപ തടസ്സപ്പെടുത്തുന്നു

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ(കൈ)22/2018 നമ്പർ മാർഗ്ഗരേഖ പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഏറ്റവും കുറഞ്ഞത് 40% എങ്കിലും വൈകല്യം ഉണ്ടായിരിക്കേണ്ടതാണ് എന്ന് സൂചിപ്പിക്കുന്നുണ്ട്. എന്നാൽ താഴെ പറയുന്നവർക്ക് ആനുകൂല്യം അനുവദിക്കുമ്പോൾ ഈയൊരു നിബന്ധന പാലിച്ചതായി കാണുന്നില്ല. വിശദ വിവരം ചുവടെ,

| ക്രമ നം | അപേക്ഷകന്റെ പേര് | ഹാജരാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം വൈകല്യം | നല്കിയ ആനുകൂല്യം |
|---|---|---|---|
| 1. | മുഹമ്മദ് നിസാമുദ്ദീൻ ബി | 20% കാഴ്ച വൈകല്യം | 26,500 |
| 2. | ബിനി മരിയ | 30% കാഴ്ച വൈകല്യം | 5,300 |
| 3. | ജസ്റ്റിൻ ഡൊമിനിക് | 25% വൈകല്യം | 13,500 |
| 4. | നിത ഷെറിൻ. സി.പി | 20% കാഴ്ച വൈകല്യം | 8,000 |

മേൽ അപേക്ഷകളിൽ മെഡിക്കൽ ബോർഡിന്റെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കേ വാർഡ് കൗൺസിലർമാർ 40% വൈകല്യം ഉണ്ട് എന്നതിന്റെ സാക്ഷ്യപത്രവും അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയതായി കാണുന്നു. മേൽ സൂചിപ്പിച്ച വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചതിന്റെ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ആനുകൂല്യം കൈപ്പറ്റിയവരിൽ നിന്നും തുക തിരിച്ചടക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിക്ക് അനുസൃതമായി തുക കൈപ്പറ്റിയവരിൽ നിന്ന് തിരിച്ച് ഈടാക്കിയതിന്റെ വിവരങ്ങൾ അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-58 മരുന്നുകൾ ലഭ്യമായില്ല – 21,920/- രൂപ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 95/2019-20 |
| ബിൽ നമ്പർ | : | 14/2019-20 തീയ്യതി.11/02/2020 |
| തുക | : | 3,00,000 (വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ, തലശ്ശേരി |

ജനറൽ ആശുപത്രി പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിയിൽ താഴെ കാണിച്ച പ്രകാരം 2019-20കാലയളവിൽ 2,73,639/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ബിൽ നമ്പർ | തുക | തുക അനുവദിച്ച സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 14/2019-20 തീയ്യതി 11/02/2020 | 2,73,639 | കാരുണ്യ മെഡിസിൻ ഡിപ്പോ, KMSCL ഡ്രഗ് വെയർ ഹൗസ്, എറണാകുളം |
| ആകെ | | 2,73,639 | |

മേൽ കാണിച്ച തുകയിൽ കാരുണ്യ മെഡിസിൻ ഡിപ്പോയ്ക്ക് അനുവദിച്ച 2,73,639/- രൂപയിൽ 2,51,719/- രൂപയുടെ മരുന്നുകളാണ് ആശുപത്രിയിൽ ലഭിച്ചത്. ബാക്കി 21,920/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 04.08.2021 തീയ്യതിയിൽ 59 നമ്പരായി ഓഡിറ്റ് അന്വേഷണം നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 21,920/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബാക്കി വരുന്ന മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

2019-20 വർഷത്തിൽ പ്രവർത്തിച്ച പാലിയേറ്റീവ് കെയർ യൂണിറ്റിന് മരുന്നുകൾ ലഭ്യമാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. എന്നാൽ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ 2019-20 മിനട്ട്സും അനുബന്ധ രജിസ്റ്ററുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-59 എസ് എസ് എ പദ്ധതിക്ക് നഗരസഭാ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – 25 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | : S 0221/20 |
| അടങ്കൽ | : 25,00,000/- (വികസന ഫണ്ട് ) |
| ചെലവ് | : 25,00,000/- |
| ബിൽനമ്പർ /തീയ്യതി | : 1/2019-2020 തീയ്യതി 05.09.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഹെഡ്മാസ്റ്റർ, ജി.വി.എച്ച്.എസ്.എസ് കൊടുവള്ളി. |

രാജ്യത്തെ 6നം 14നം ഇടയിൽ പ്രായമുള്ള മുഴുവൻ കുട്ടികൾക്കും ഗുണനിലവാരമുള്ള സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ 2000-2001 വർഷത്തിൽ കേന്ദ്ര സർക്കാർ ആരംഭിച്ച ഒരു സമഗ്ര പദ്ധതിയാണ് എസ്.എസ്.എ. അതുപോലെ സെക്കണ്ടറി മേഖലയിലെ വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കാൻ നടന്നു വരുന്ന പദ്ധതിയാണ് ആർ.എം.എസ്.എ. കേന്ദ്ര മാനവ വികസന വകുപ്പിന്റെ തീരുമാന പ്രകാരം ഇവ രണ്ടിനെയും സംയോജിപ്പിച്ചു കൊണ്ടും പ്രീ പ്രൈമറി, ഹയർസെക്കണ്ടറി തലങ്ങൾ ഉൾപ്പെടുത്തി കൊണ്ടും ഇപ്പോൾ ഇത് സമഗ്ര ശിക്ഷ എന്ന പേരിലാണ് അറിയപ്പെടുന്നത്. സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്.

തലശ്ശേരി നഗരസഭാ പ്രദേശത്തെ വിദ്യാലയങ്ങളിൽ എസ് എസ് എ മുഖാന്തിരം 2019-20 ൽ നടപ്പിലാക്കുന്ന പദ്ധതികൾക്കുള്ള നഗരസഭാ വിഹിതമായി 25 ലക്ഷം രൂപ ഈ പ്രോജക്ടിൽ വകയിരുത്തിയിട്ടുണ്ട്. ഇുക ചെലവഴിക്കുന്നതിന് 08-04-2019 ലെ 2-ാം നമ്പർ തീരുമാന പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റിയും 28.05.2019 ലെ 76-ാം നമ്പർ തീരുമാന പ്രകാരം ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. ഇതു പ്രകാരം മേൽ പ്രോജക്ടിലൂടെ SSA, കണ്ണൂരിന് 0704101110720 എന്ന അക്കൗണ്ടിലേക്ക് 25 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് 15.10.2020 തീയ്യതിയിൽ 40നമ്പരായി ഓഡിറ്റ് അന്വേഷണം നല്കിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. SSA പദ്ധതിക്ക് 25 ലക്ഷം രൂപ ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-60 മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തി- 2,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : സീനിയർ വെറ്ററിനറി സർജൻ |
| പ്രൊജക്ടിന്റെ പേര് | : കറവപ്പശു വളർത്തൽ പദ്ധതി |
| പ്രൊജക്ട് നമ്പർ | : S0189/20 |
| അടങ്കൽ | : 5,00,000/- [വികസന ഫണ്ട് പൊതുവിഭാഗം- സാധാരണ വിഹിതം-2,50,000 + ഗുണഭോക്തൃ വിഹിതം 2,50,000 ] |
| ബിൽ നമ്പർ/തീയ്യതി | : പി-9/2019-20, തീയ്യതി 16.03.2020 |
| ബിൽ തുക | : 2,50,000/- |

10 ഗുണഭോക്താക്കൾക്ക് 50,000/- രൂപ വീതം വില വരുന്ന പശുക്കളെ കണ്ടെത്തി, പർച്ചേസിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വാങ്ങുകയും അവയെ ഇൻഷൂർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയുമാണ് മേൽ പ്രൊജക്ടിൽ ലക്ഷ്യം വെച്ചത്. പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ (കൈ) നം.22/2018/ത.സ്വ.ഭ.വ, തീയ്യതി 14.02.2018 പ്രകാരമുള്ള നഗരപാലിക സ്ഥാപനങ്ങൾക്ക് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കലുമായി ബന്ധപ്പെട്ട മാർഗ്ഗരേഖയിൽ ഉരുക്കളെ വാങ്ങുന്നവർ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന് കരാർ വെയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 10 ഗുണഭോക്താക്കളിൽ 3 പേർ കരാർ സമർപ്പിച്ചതിന്റെ വിവരമേ ലഭ്യമായിട്ടുള്ളൂ.

2. ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പണം നൽകണം എന്നാണ് സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്താക്കൾ ധനകാര്യസ്ഥാപനങ്ങളിൽനിന്നും 50,000/- രൂപ (പശുവിന്റെ വില) ലോണെടുക്കുകയും സബ്സിഡി തുക ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിലേക്ക് അടവാക്കി നല്കിയുമാണ്

മേൽ പ്രൊജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത്.

3. പശുവിനെ വാങ്ങിയതിന്റെ സാക്ഷ്യപത്രത്തിൽ, വിൽപന നടത്തിയ വ്യക്തികളുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

ആയതിനാൽ പദ്ധതി ലക്ഷ്യം വെച്ച നഗരസഭയിൽ 'പാൽ ഉൽപാദന വർദ്ധനവ് ഉണ്ടാക്കുക'എന്ന ഭൗതികനേട്ടം കൈവരിച്ചിട്ടുണ്ട് എന്ന് തിട്ടപ്പെടുത്താനാവുന്നില്ല.

മേൽ അപാകതകളുമായി ബന്ധപ്പെട്ട് അഭിപ്രായം അറിയിക്കാൻ 07.10.2020 തീയ്യതിയിൽ 33/2019-20 നമ്പറായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വണോദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയോടൊപ്പം പശുവിനെ വിറ്റയാളിന്റെ വിവരങ്ങളും, ടിയാളുടെ അക്കൗണ്ടിലേക്ക് പണം കൈമാറിയതിന്റെ വിവരവും ലഭ്യമായിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക വിരുദ്ധമായി നിർവ്വഹണം നടത്തിയതിനാൽ ചെലവു തുകയായ 2,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-61 പ്രത്യേക കന്നുകട്ടി പരിപാലന പദ്ധതി (SLBP)- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതും മറ്റ് അപാകതകളും- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സീനിയർ വെറ്ററിനറി സർജൻ |
| പ്രൊജക്ട് നമ്പർ | : | SO191/20 |
| പേര് | : | പ്രത്യേക കന്നുകട്ടി പരിപാലന പദ്ധതി |
| അടങ്കൽ | : | 10,00,000/- [വികസന ഫണ്ട് പൊതുവിഭാഗം-സാധാരണ വിഹിതം-2,50,000 + ഗുണഭോക്തൃ വിഹിതം-5,00,000 + സംസ്ഥാനവിഷ്കൃത പരിപാടി-2,50,000 ] |
| ബിൽ നമ്പർ/തീയ്യതി | : | പി-4/2019-20, തീയ്യതി 07.11.2019 |
| ബിൽ തുക | : | 2,50,000 |

പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. പദ്ധതിയിലെ ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകളിലെ വിവരങ്ങൾ പൂർണ്ണമല്ല. മിക്ക അപേക്ഷകളിലും പേരും മേൽവിലാസവും മാത്രമേ എഴുതിച്ചേർത്തിട്ടുള്ളൂ. ആധാർ നമ്പർ, കുടുംബ വാർഷിക വരുമാനം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കൈവശമുള്ള കന്നുകാലികളുടെ വിവരം കൃത്യമായി രേഖപ്പെടുത്താത്ത അപേക്ഷകളുമുണ്ട്. അപേക്ഷകളിൽ നൽകിയ വിവരങ്ങൾ അപൂർണ്ണമാവുമ്പോൾ ഗുണഭോക്താക്കളുടെ അർഹത കൃത്യമായി പരിശോധിക്കാൻ സാധിക്കുകയില്ല.

2. മേൽ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ കൈവശമുള്ള 4-6 മാസം പ്രായമുള്ള കന്നുകട്ടികൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കേണ്ടത്. എന്നാൽ അപേക്ഷകൾ പ്രകാരം കറവപ്പശുക്കൾ മാത്രം കൈവശമുള്ള ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിക്കാണുന്നു.

3. നഗരസഭ കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലുള്ള താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകൾ ഫയലിൽ വെച്ചതായി കാണുന്നില്ല.

1. മഹേഷ്.യു.പി, സൗപർണ്ണിക നിവാസ്, കണ്ടിക്കൽ

2. പ്രകാശൻ, പെരുമ്പട ഹൗസ്, ചിറക്കര.

4. പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല

മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലും [സ.ഉ (കൈ) നം.17/2018 ത.സ്വ.ഭ.വ തീയ്യതി 02.02.2018] പ്രത്യേക കന്നുകട്ടി പരിപാലന പരിപാടിയുമായി ബന്ധപ്പെട്ട സ.ഉ (കൈ) നം.11/2001/AD തീയ്യതി 20.01.2001 പ്രകാരമുള്ള മാർഗ്ഗരേഖയിലും, പദ്ധതി നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും മോണിറ്ററിംഗ് നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് നടത്തിയിട്ടില്ല.

5. വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്കുള്ള മറുപടി ബന്ധപ്പെട്ട രേഖകൾ, അധിക വിവരങ്ങൾ എന്നിവ സഹിതം ലഭ്യമാക്കാൻ 34/2019-20 നമ്പറായി 07.10.20 തീയ്യതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തീകരിക്കാത്തതിനാൽ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കാൻ സാധിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ മറുപടിയോടൊപ്പം ഹാജരാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടിൽ 'പദ്ധതി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട്' എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. പദ്ധതി പൂർത്തീകരണത്തിനു മുമ്പു തന്നെ കൃത്യമായ ഇടവേളകളിൽ വിനിയോഗ സാക്ഷ്യപത്രം

സമർപ്പിക്കാനാണ് സ.ഉ.(കൈ) നം.11/2001/AD, തീയതി: 20.01.2001 മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ ഉള്ളതിനാലും വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിലും ചെലവു തുകയായ 2,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-62 മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണിച്ചർ വിതരണം ചെയ്തതിലെ അപാകതകൾ - 42,700/- രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | : | S 0064/20 |
| പേര് | : | മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണിച്ചർ (മേശ, കസേര) വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| പദ്ധതി അടങ്കൽ | : | 6,00,000/- |
| ചെലവ് | : | 4,57,500/- |
| ബിൽ നമ്പർ/തീയ്യതി | : | 3/2019-20, തീയ്യതി 25.02.2020 |
| ബിൽ തുക | : | 4,57,500/- |

മേൽ പ്രൊജക്ടിൽ 75 മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് 6,100/- രൂപ വീതം വിലയുള്ള ഫർണ്ണിച്ചർ വിതരണം നടത്തിയിട്ടുണ്ട്. പ്രൊജക്ടുമായി ബന്ധപ്പെട്ട രേഖകളുടെയും രജിസ്റ്ററുകളുടെയും പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. പ്രൊജക്ടുമായി ബന്ധപ്പെട്ട രേഖകൾ പ്രകാരം തലശ്ശേരി നഗരസഭ പരിധിയിലുള്ള മത്സ്യതൊഴിലാളികളുടെ മക്കളും മറ്റു പഞ്ചായത്തുകളിൽ സ്ഥിരതാമസക്കാരുമായ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥിരതാമസമുള്ള പഞ്ചായത്തിൽനിന്നും പ്രസ്തുത ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല. വിദ്യാർത്ഥികളുടെ വിശദ വിവരം ചുവടെ പറയുന്നു.

| നം | അപേക്ഷകന്റെ പേരും വിലാസവും | വിദ്യാർത്ഥിയുടെ പേര്/ മേൽവിലാസം/ആധാർ നമ്പർ | സ്ഥിരതാമസമുള്ള പഞ്ചായത്ത്/റേഷൻ കാർഡ് നമ്പർ | വിദ്യാർത്ഥിയുടെ സ്കൂളിന്റെ പേര് |
|---|---|---|---|---|
| 1 | ഷംസീർ, മണക്കാമ്പ്രത്ത്, നിട്ടൂർ | ഫാത്തിമത്തുൽ ലുബിന ഷെറിൻ, ബൈതൾ അമീൻ, പാതിരിയാട്, 264659472504 | വേങ്ങാട്/ 2367168550 | മമ്പറം യു.പി.സ്കൂൾ |
| 2 | അഷറഫ്, സുഹറ മൻസില്, ഉമ്മൻചിറ പി.ഒ | അഷ്ലിയ.വി, സുഹറ മൻസിൽ, ഉമ്മൻചിറ-307230090916 | പിണറായി/ 2367205563 | മമ്പറം ഹയർ സെക്കന്ററി സ്കൂൾ |
| 3 | ലത്തീഫ്, പുതിയ പുരയിൽ, ചാലിൽ | ഫാത്തിമത്തുൽ സന ഫറാഷ.കെ.പി, റഹീസ മൻസിൽ ആയിക്കര, 956860749707 | ആയിക്കര/ 2366004821 | ദിനുൽ ഇസ്ലാം സഭ ഗേൾസ് എച്ച്.എസ്.എസ് കണ്ണൂർ |
| 4 | റഷീദ്.ടി.എം തോട്ടമ്മത്ത് ഹൗസ്, ചാലിൽ | മുഹമ്മദ് റാസി.സി.പി ചെറിയ പാറക്കൽ, ചെമ്പിലോട്, 342689075779 | ചെമ്പിലോട്/ 2366054983 | ചെമ്പിലോട് ഹയർ സെക്കന്ററി സ്കൂൾ |

2. ഫർണ്ണിച്ചറുകൾ കൈപ്പറ്റിയ ചില വിദ്യാർത്ഥികളുടെ അപേക്ഷകളിൽ മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടെന്നും,

സ്കൂളിൽ നിന്നും നൽകിയ സാക്ഷ്യപത്രത്തിൽ മുൻവർഷങ്ങളിൽ ആനുകൂല്യം അനുവദിച്ചിട്ടില്ലെന്നും രേഖപ്പെടുത്തിക്കാണുന്നു. അത്തരം അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നം | പേര് | സ്കൂളിന്റെ പേര് |
|---|---|---|
| 1 | ഫാത്തിമത്തുൽ സൽമ | ജി.എൽ.പി.എസ് തലശ്ശേരി |
| 2 | ഫാത്തിമ നൗറിയ | തിരുവങ്ങാട് ചാലിയ യു.പി.സ്കൂൾ |
| 3 | ഫാത്തിമത്തുൽ ആദി | ഗവ.ഹയർ സെക്കന്ററി സ്കൂൾ, വടക്കുമ്പാട് |

സ.ഉ (കൈ) നം.22/2018 ത.സ്വ.ഭ.വ തീയ്യതി 14.02.2018 പ്രകാരമുള്ള 13ാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗരേഖയിൽ മേൽ പ്രൊജക്ട് പ്രകാരമുള്ള ആനുകൂല്യം ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ നൽകാൻ പാടുള്ളൂവെന്നും സ്കൂൾ അധികൃതർ മുഖേന മാത്രമേ ഫർണ്ണിച്ചർ വിതരണം ചെയ്യാൻ പാടുള്ളൂവെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്ടിൽ ഫിഷറീസ് സബ് ഇൻസ്പെക്ടർ ഫർണ്ണിച്ചറുകൾ സ്കൂളുകൾ മുഖേന വിതരണം ചെയ്തതിനും രേഖകളില്ല. ഹാജരാക്കിയ രേഖകളിൽ നിന്നും ഫർണിച്ചറുകൾ കുട്ടിയും രക്ഷിതാവും ഫിഷറീസ് സബ് ഇൻസ്പെക്ടറിൽനിന്നും നേരിട്ട് കൈപ്പറ്റിയതാണ് വ്യക്തമാവുന്നത്. 2018-19 വർഷവും മേൽപ്പറഞ്ഞ രീതിയിലാണ് ഇതേ പ്രൊജക്ട് നടപ്പിലാക്കിയത്. ഇത്തരം സന്ദർഭങ്ങളിൽ 'മുൻവർഷങ്ങളിൽ ആനുകൂല്യം നൽകിയിട്ടില്ല' എന്ന സ്കൂളുകളുടെ സാക്ഷ്യപത്രം അംഗീകരിക്കാനാവില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 35/2019-20, തീയതി: 07.10.20 ) ഫിഷറീസ് സബ് ഇൻസ്പെക്ടർ സമർപ്പിച്ച മറുപടി തൃപ്തികരമല്ല.

3. ഫർണ്ണിച്ചർ കൈപ്പറ്റിയ ഒരു വിദ്യാർത്ഥിനിയുടെ റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവ പ്രകാരവും പിതാവിന്റെ ആധാർ കാർഡ് പ്രകാരവും കുട്ടിയും കുടുംബവും പിണറായി പഞ്ചായത്തിലെ സ്ഥിരതാമസക്കാരാണ്. എന്നാൽ നഗരസഭ സെക്രട്ടറി കുട്ടിക്ക് സ്ഥിരതാമസ സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. സ്ഥിരതാമസ സർട്ടിഫിക്കറ്റ് അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കാൻ നഗരസഭ സെക്രട്ടറി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 36/2019-20, തീയതി : 07.10.2020) മറുപടി നൽകിയിട്ടില്ല.

ആയതിനാൽ മേൽപറഞ്ഞ പട്ടികകളിൽ ഉൾപ്പെട്ട 7 വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം ചെയ്തതിന്റെ വിലയായ 42,700/- രൂപ തടസ്സപ്പെടുത്തുന്നു.

1-63 കോഴിക്കൂടുള്ള കർഷകർക്ക് മുട്ടക്കോഴി വിതരണം നടത്തിയതിലെ അപാകതകൾ 1,54,550/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | : S0190/20 |
| പേര് | : കോഴിക്കൂടുള്ള കർഷകർക്ക് മുട്ടക്കോഴി വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : സീനിയർ വെറ്ററിനറി സർജൻ |
| പദ്ധതി അടങ്കൽ | : 2,50,000/- |
| ചെലവ് | : 1,54,550/- 70250 (വികസന ഫണ്ട്) + 84,300/- ( ഗുണഭോക്തൃ വിഹിതം) |
| ബിൽ നമ്പർ/തീയ്യതി | : P5/2019-20 Dt. 21.10.2019, P15/2019-20 Dt. 18.03.2020 |
| ബിൽ തുക | : Rs. 61,750/- & Rs. 8,500/- |

മേൽ പ്രൊജക്ടിന്റെ ഭാഗമായി 281 ഗുണഭോക്താക്കൾക്ക് 5 കോഴികൾ വീതം വിതരണം നടത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1) പ്രൊജക്ടുമായി ബന്ധപ്പെട്ട അപേക്ഷകളിൽ പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ഗുണഭോക്താക്കളുടെ അർഹത കൃത്യമായി പരിശോധിക്കാൻ സാധിക്കുന്നില്ല. ചില വാർഡുകളിലെ അപേക്ഷകളിൽ ഗുണഭോക്താവിനെ തെരെഞ്ഞെടുത്തതിന്റെ വാർഡ് സഭാ തീരുമാനവും നഗരസഭാ തീരുമാനവും രേഖപ്പെടുത്തുകയോ അധികൃതർ ഒപ്പു വെക്കുകയോ ചെയ്തിട്ടില്ല. വാർഡ് നമ്പറുകൾ താഴെ പറയുന്നു.

വാർഡ് നം: 3, 4, 6, 8, 11, 14, 15, 16, 17, 19, 22, 23, 28, 29, 30, 31, 32, 33, 34, 39, 41, 49, 50.

2) മുട്ടക്കോഴി വിതരണവുമായി ബന്ധപ്പെട്ട സത്യപ്രസ്താവന, സാക്ഷ്യപത്രം, വിതരണ സർട്ടിഫിക്കറ്റ്, കൈപ്പറ്റ് രശീതി എന്നിവ ഉൾപ്പെടുന്ന ഫോറത്തിന്റെ സൂക്ഷിപ്പും തൃപ്തികരമല്ല. കൈപ്പറ്റ് രശീതിലും വിതരണ സർട്ടിഫിക്കറ്റിലും ഗുണഭോക്താവിന്റെ പേരും അഡ്രസും രേഖപ്പെടുത്താത്ത ഫോറങ്ങൾ ഫയലിലുണ്ട്. ഒരു ഫോറത്തിൽ തന്നെ സത്യപ്രസ്താവന, സാക്ഷ്യപത്രം, വിതരണ സർട്ടിഫിക്കറ്റ്, കൈപ്പറ്റ് രശീതി എന്നിവയിൽ വ്യത്യസ്ത വിവരങ്ങൾ രേഖപ്പെടുത്തിയും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഉദാ:- ഒരു

ഫോറത്തിന്റെ സത്യപ്രസ്താവനയിലും സാക്ഷ്യപത്രത്തിലും റനിഷ.പി, ദേവനന്ദനം എന്നും വിതരണ സർട്ടിഫിക്കറ്റിൽ വിനോദിനി, കാഞ്ഞന്റവിട, പാറാൽ എന്നും, കൈപ്പറ്റ് രശീതിൽ സരോജിനി, കാഞ്ഞന്റവിട, പാറാൽ എന്നുമാണ് ഗുണഭോക്താവിന്റെ പേരിനും അഡ്രസിനും നേരെ എഴുതിച്ചേർത്തിരിക്കുന്നത്.

3) 2019-20 വർഷം കെപ്കോ നഗരസഭയിൽ നടപ്പിലാക്കിയ ' കെപ്കോ നഗരപ്രിയ ' പദ്ധതിയിൽ 755 ഗുണഭോക്താക്കളാണുണ്ടായിരുന്നത്. ' കെപ്കോ നഗരപ്രിയ ' പദ്ധതിയിലെ 234 ഗുണഭോക്താക്കൾ തന്നെയാണ് മേൽ പദ്ധതിക്കായി നഗരസഭ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. 104 ഗുണഭോക്താക്കൾ രണ്ടു പദ്ധതിയിലും ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. നഗരസഭ ഈ പദ്ധതിക്കായി തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ 670 പേരുള്ളപ്പോഴാണ് 104 ഗുണഭോക്താക്കൾക്ക് രണ്ടു പദ്ധതിയുടെയും ആനുകൂല്യം അനുവദിച്ചത്.

4) ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) കൗൺസിൽ അംഗീകരിച്ചതു പ്രകാരവും പ്രൊജക്റ്റ് രൂപീകരണഫോറത്തിലും ഒരു കോഴിയുടെ വില 500/- രൂപയും, ആ തുകയുടെ 50% സബ്സിഡിയും 50% ഗുണഭോക്തൃ വിഹിതവുമാണ്. എന്നാൽ ഓരോ ഗുണഭോക്താവിൽ നിന്നും 300/- രൂപയാണ് ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിരിക്കുന്നത്. മുട്ടക്കോഴികൾ വിതരണം ചെയ്ത സ്ഥാപനം നല്കിയ ബിൽ പ്രകാരം ഒരു കോഴിക്ക് 110/- രൂപയാണ്. ഗുണഭോക്താക്കളുടെ കൈപ്പറ്റും വിതരണ സർട്ടിഫിക്കറ്റും ഉൾപ്പെടുന്ന ഫോറത്തിൽ ' 2 മാസം പ്രായമുള്ള 100/- രൂപ വിലയുള്ള 5 കോഴിക്കുഞ്ഞുങ്ങളെ കിട്ടി ബോധിച്ച' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മേൽ അപാകതകൾ വ്യക്തമാക്കിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (57/2019-20, തീയതി: 25.03.21) നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ' മുനിസിപ്പാലിറ്റിയിൽ അപേക്ഷ നൽകിയ മുഴുവൻ ആളുകൾക്കും കോഴിക്കുഞ്ഞുങ്ങളെ വിതരണം നടത്തിയതിനാൽ ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് നടത്തിയിട്ടില്ല' എന്നാണ് അറിയിച്ചിട്ടുള്ളത്. ആയത് അംഗീകരിക്കാനാവില്ല. ആയതിനാൽ 1,54,550/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-64 സ്കൂളുകളിൽ സൈബർ കുറ്റകൃത്യങ്ങൾ, ലഹരി വിരുദ്ധ ബോധവൽക്കരണം -90,760/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | : S 0185/20 |
| അടങ്കൽ | : 92,000/- (വികസന ഫണ്ട് ) |
| ചെലവ് | : 90,760 |
| ബിൽനമ്പർ /തീയ്യതി | : 2/2020-2021 തീയ്യതി 15.05.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഹെഡ്മാസ്റ്റർ, ജി.വി.എച്ച്.എച്ച്. എസ്, കൊടുവള്ളി |

2019-20 വാർഷിക പദ്ധതി പ്രകാരം നഗരസഭയിലെ മുഴുവൻ പൊതു വിദ്യാലയങ്ങളിലെയും ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സൈബർ കുറ്റകൃത്യങ്ങൾ, ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തുന്നതിനു വേണ്ടിയുള്ള പ്രോജക്ടാണിത്. മേൽ പ്രോജക്ടിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. വിശദവിവരം ചുവടെ,

1. മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് 4 സ്ഥാപനങ്ങൾ അപേക്ഷ നല്കിയതായി കാണുന്നു. ഇതിൽ നിന്നും 19.12.2019ലെ 2-ാം നമ്പർ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം, 30.12.2019 തീയ്യതിയിലെ 24 -ാം നമ്പർ കൗൺസിൽ തീരുമാനം എന്നിവ പ്രകാരം മലബാർ മെന്റൽ ഹെൽത്ത് എഡ്യുക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് തിരുവങ്ങാട് എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തതായി കാണുന്നത്. എന്നാൽ പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്തെന്ന് വ്യക്തമല്ല.

2. സ്കൂളുകളിൽ അന്നേ ദിവസങ്ങളിൽ ക്ലാസ്സ് നടത്തിയത് സംബന്ധിച്ച് സ്കൂൾ അധികൃതരുടെ രേഖപ്പെടുത്തൽ ഫയലിൽ ലഭ്യമല്ല.

മേൽ പ്രോജക്ട് സംബന്ധിച്ച് 37നമ്പരായി 7.10.2020തീയ്യതിയിൽ ഓഡിറ്റ് അന്വേഷണം നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രൊജക്ടുമായി ബന്ധപ്പെട്ട് രേഖകളും വിശദീകരണവും ലഭ്യമല്ലാത്തതിനാൽ 90,760/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-65 മറ്റ് സ്ഥാപനങ്ങളിലേക്ക് അടവാക്കേണ്ട തുകകൾ കുടിശ്ശികയായത്

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ B-9 പ്രകാരം വിവിധ ഇനങ്ങളിൽ താഴെ തുകകൾ നഗരസഭ അടവാക്കുവാനുള്ളതായി കാണുന്നു. വിശദാംശങ്ങൾ കാണുക.

| ഇനം | തുക (രൂപ) |
|---|---|
| ലൈബ്രറി സെസ്സ് | 1,20,97,600.78 |
| പുവർ ഹോം സെസ്സ് | 67,05,589.95 |
| സർവ്വീസ് ടാക്സ് | 13,38,717 |

മേൽ തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് അടവാക്കാത്തതിന് ഇടയാക്കുന്ന സാഹചര്യം എന്തെന്ന് വ്യക്തമാക്കേണ്ടതും

മേൽ കണക്കുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.66/2019-20; തീയ്യതി: 10.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മറ്റ് സ്ഥാപനങ്ങളിലേക്ക് അടവാക്കാനുള്ള കുടിശ്ശിക തുകകൾ അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-66 വാർഷിക ഭരണറിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

1994 ലെ കേരള മുൻസിപ്പാലിറ്റി നിയമത്തിലെ 63-ാം വകുപ്പ് പ്രകാരം ഓരോ മുനിസിപ്പാലിറ്റിയും ഓരോ വർഷവും സർക്കാർ നിർദ്ദേശിക്കുന്ന ഫോറത്തിൽ അപ്രകാരമുള്ള വിശദാംശങ്ങൾ സഹിതം അതിന്റെ ഭരണത്തെ സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി തുടർന്ന് വരുന്ന വർഷം, സെപ്റ്റംബർ 30-ാം തീയ്യതിക്കകം പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താത്ത പക്ഷം അതിനുശേഷം മുനിസിപ്പാലിറ്റിക്കു നൽകാനുള്ള ഗ്രാന്റുകൾ സർക്കാരിന് തടഞ്ഞുവെക്കാവുന്നതുമാണ്.

മുനിസിപ്പാലിറ്റിയുടെ ഭരണ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളെയും ഓഫീസുകളെയും ഉദ്യോഗസ്ഥൻമാരെയും സംബന്ധിച്ച് ഭരണ റിപ്പോർട്ടിന്റെ കരട് അപ്രകാരമുള്ള സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും തലവൻമാർ തയ്യാറാക്കി മുനിസിപ്പാലിറ്റി സെക്രട്ടറിക്കു നൽകേണ്ടതും, സെക്രട്ടറി ചെയർപേഴ്സണുമായി അലോചിച്ചതിനു ശേഷം മുനിസിപ്പാലിറ്റിയുടെ ഭരണ റിപ്പോർട്ടിന്റെ കരട് തയ്യാറാക്കേണ്ടതുമാണ്. മേൽ റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സൂക്ഷ്മപരിശോധനയ്ക്കായി വെക്കേണ്ടതും കൗൺസിൽ അംഗീകാരത്തിനു ശേഷം പ്രസിദ്ധപ്പെടുത്തി സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് അയച്ചു കൊടുക്കേണ്ടതുമാണ്.

2019-20 വർഷത്തെ വാർഷിക ഭരണ റിപ്പോർട്ട് തയ്യാറാക്കിയതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (74/2019-20 തീയതി: 13.09.21) നൽകിയ മറുപടിയിൽ, മേൽ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. ചട്ടം അനുശാസിക്കും പ്രകാരമുള്ള വാർഷിക ഭരണ റിപ്പോർട്ട് ഓരോ വർഷവും തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-67 നഗരസഭ നിർവ്വഹണ ചാർജ്ജായി തുക ചെലവഴിച്ചതിനു പുറമേ ഓരോ പ്രോജക്ടിനും നിർവ്വഹണ ചാർജ്ജിന് തുക ചെലവഴിച്ചു

13-ാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പ് സ.ഉ.(കൈ) 17/2018 നമ്പരായി 02.02.2018 തീയ്യതിയിലെ മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് ചെലവുകൾക്കായി ഒരു പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതും പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് എന്നിവയുമായി ബന്ധപ്പെട്ട ഫീൽഡുതല ചെലവുകൾ (ഭക്ഷണ ചെലവ് ഉൾപ്പെടെ) ഈ പ്രോജക്ടിൽ നിന്നും നൽകേണ്ടതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം മുനിസിപ്പാലിറ്റിക്ക് പദ്ധതി രൂപീകരണത്തിന് 1% എന്ന നിരക്കിൽ പരമാവധി 7 ലക്ഷം രൂപയും നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്ക് 0.5% നിരക്കിൽ പരമാവധി 3 ലക്ഷം രൂപയും മാത്രമേ ചെലവഴിക്കാൻ പാടുള്ളൂ. നഗരസഭ പ്രോജക്ട് നം. 1 പ്രകാരം 7 ലക്ഷം രൂപയുടെ പ്രോജക്ട് വയ്ക്കുകയും 2019-20 കാലയളവിൽ 6,05,853/-രൂപയും 2020-21 കാലയളവിൽ നിർവ്വഹണ ചെലവായി 24560/-,6767/- എന്നിവയും പത്ര പരസ്യത്തിലേക്കായി 8282/-+11088/- രൂപ ആകെ 6,56,550/ രൂപ ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ ഓരോ പ്രോജക്ടുകളുടെയും നിർവ്വഹണത്തിനായി താഴെ പറയുന്ന തുക ചെലവഴിച്ചതായി കാണുന്നു. വിശദ വിവരം ചുവടെ,

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ചെലവ് |
|---|---|---|---|
| 1. | SO 260/20 | നിറവാർന്ന നാലാം തരം | 2800 |
| 2. | SO 289/20 | ഗവ. പ്രീ പ്രൈമറി സ്കൂളുകൾക്ക് കളിയുപകരണങ്ങൾ വിതരണം | 1000 |
| 3. | SO 271/20 | ഗവ. എൽ.പി, യു.പി സ്കൂളുകൾക്ക് പ്രോജക്ഷൻ മൈക്രോസ്കോപ്പ് വിതരണം | 1000 |
| 4. | SO 310/20 | ഗവ. എൽ.പി, യു.പി വിദ്യാലയങ്ങൾക്ക് അലമാര വിതരണം | 3100 |
| 5. | SO 306/20 | ഗവ. വിദ്യാലയ അനുബന്ധ പ്രീ പ്രൈമറി സെക്ഷന് അലമാര വിതരണം | 2000 |
| 6. | SO 251/20 | യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം | 3000 |

പദ്ധതി നിർവ്വഹണത്തിന് നഗരസഭ ഫണ്ട് വിനിയോഗിക്കുന്നതിനു പുറമേ പ്രോജക്റ്റുകൾക്ക് നിർവ്വഹണ ചാർജ്ജായി ഫണ്ട് ചെലവഴിക്കുന്നതിനുള്ള വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പ്രോജക്റ്റുകൾ നടപ്പിലാക്കുമ്പോൾ കാലാകാലങ്ങളിൽ പ്രോജക്റ്റിൽ തന്നെ പ്രത്യേക നിർവ്വഹണ ചാർജ്ജ് ഉൾപ്പെടെയാണ് ചെയ്തു വരുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയത് തൃപ്തികരമല്ല. പ്രോജക്റ്റുകൾ നടപ്പിലാക്കുമ്പോൾ നഗരസഭാ അധികൃതരും സ്റ്റാന്റിംഗ് കമ്മിറ്റികളും പ്രോജക്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-68 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

നഗര ദാരിദ്ര്യ ലഘൂകരണത്തിനായി കേരള സർക്കാർ പദ്ധതി ചെലവ് പൂർണ്ണമായും വഹിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി. നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ ഉറപ്പാക്കുക, അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുക, നഗര പ്രദേശങ്ങളിൽ വസിക്കുന്ന ദുർബല കുടുംബങ്ങൾക്ക് മറ്റ് തരത്തിലെ തൊഴിലുകൾ ലഭ്യമല്ലാതിരിക്കുകയും തൊഴിൽ കുറവ് വരുന്നതുമായ അവസരങ്ങളിൽ തൊഴിൽ ലഭ്യമാക്കുക, നഗരങ്ങളിൽ വസിക്കുന്ന ദരിദ്ര കുടുംബങ്ങൾക്ക് പദ്ധതിയുടെ ഭാഗമായി നിർണ്ണയിക്കപ്പെട്ട സാമൂഹിക അവകാശങ്ങൾ സംരക്ഷിക്കുക, എന്നതാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം.

1. ആസൂത്രണം

| വർഷം | ലേബർ ബജറ്റ് പ്രകാരം സൃഷ്ടിക്കപ്പെടേണ്ട തൊഴിൽ ദിനങ്ങൾ | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | ലേബർ ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവ് | യഥാർത്ഥ ചെലവ് |
|---|---|---|---|---|
| 2019-20 | 74254 | 19073 | 2,01,22,834 | 61,40,790.39 |

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ വിജയത്തിന് ഏറ്റവും പ്രധാനമാണ് ആസൂത്രണ പ്രക്രിയ എന്നും നഗരസഭ ഓരോ സാമ്പത്തികവർഷവും ഡിസംബർ 31 ന് മുമ്പേ തൊട്ടടുത്ത സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട് എന്ന് മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഫയലുകൾ പരിശോധിച്ചപ്പോൾ നഗരസഭയിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ശരിയായ ആസൂത്രണ പ്രക്രിയ നടന്നിട്ടില്ല എന്ന് വ്യക്തമാകുന്നു. 19-02-2019 ലെ 2-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരമാണ് 2019-20 സാമ്പത്തിക വർഷത്തിലേക്കായി വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കിയിട്ടുള്ളത്. വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ ഒന്നും തന്നെ (കുടുംബശ്രീ അയൽക്കൂട്ടതല ചർച്ച, നഗരസഭ വാർഡ് തല ക്രോഡീകരണം, നഗരസഭ ഫെസിലിറ്റേറ്റർമാർക്കുള്ള പരിശീലനം, തൊഴിലാളികളുടെ പ്രത്യേക വാർഡ് സഭ തുടങ്ങിയവ) പാലിച്ചിട്ടില്ല എന്ന് കാണുന്നു. 74,254തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നതും 3,35,38,057 രൂപ ചെലവു വരുന്നതുമായ 2019-20 വർഷത്തെ ലേബർ ബജറ്റും വാർഷിക കർമ്മ പദ്ധതിയും നഗരസഭ കൗൺസിലിന്റെ 19.02.2019 ലെ 2-ാം നമ്പർ തീരുമാന പ്രകാരമാണ് അംഗീകരിച്ചിട്ടുള്ളത്. ഇതിന് ജില്ലാ ആസൂത്രണ സമിതിയുടെ നടപടിക്രമങ്ങൾ പ്രകാരം 13.06.2019 ന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. നഗരസഭ കൗൺസിലും ജില്ലാആസൂത്രണ സമിതിയും അംഗീകാരം നൽകിയ വാർഷിക കർമ്മപദ്ധതിയിൽ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ 19.11.2019 ലെ 21-ാം തൊഴിലുറപ്പ് കമ്മീഷന്റെ 3-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം 2019-20 ന്റെ വാർഷിക കർമ്മപദ്ധതി 2018ഡിസംബർ 31ന് മുമ്പ് തയ്യാറാക്കി അംഗീകരിക്കേണ്ടതായിരുന്നു. എന്നാൽ 2019 നവംബർ മാസത്തോടെയാണ് 2019-20 വാർഷിക കർമ്മപദ്ധതി അംഗീകരിച്ചിട്ടുള്ളത്. ഇതിൽനിന്നും പദ്ധതി ആസൂത്രണവും വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കുന്ന നടപടിക്രമങ്ങളും നഗരസഭ പാലിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു.

2. രജിസ്ട്രേഷനും തൊഴിൽ കാർഡ് വിതരണവും തൊഴിൽ നൽകലും

നഗരസഭയിൽ 31.03.2020 വരെ ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും തൊഴിൽ ലഭ്യമാക്കിയതിന്റേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | തൻവർഷം രജിസ്റ്റർ ചെയ്ത വ്യക്തികൾ (എണ്ണം) | തൻവർഷം അനുവദിച്ച തൊഴിൽ കാർഡുകൾ (എണ്ണം) | തൻവർഷം തൊഴിൽ ആവശ്യപ്പെട്ട വ്യക്തികൾ | തൻവർഷം തൊഴിൽ ലഭിച്ചവർ | തൻവർഷം 100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 2019-20 | 136 | 115 | 378 | 378 | 19 |

3. ഫണ്ട് സൂക്ഷിക്കൽ

| ക്രമ നം | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ |
|---|---|---|
| 1 | ബാങ്ക് ഓഫ് ബറോഡ തലശ്ശേരി | 68570100003398 |

| വരവ്-ചെലവ് പത്രിക | | | | | | | | |
|---|---|---|---|---|---|---|---|---|
| വർഷം | വരവ് | | | | ചെലവ് | | | |
| | മുന്നിരിപ്പ് | അലോട്ട്മെന്റ് | ബാങ്ക് പലിശ | ആകെ വരവ് | ഭരണ ചെലവ് | പദ്ധതി ചെലവ് | ആകെ ചെലവ് | നീക്കിയിരിപ്പ് |
| 2019-20 | 3075524.35 | 50,00,000 | 121,811 | 81,97,335.35 | 4,74,217.39 | 56,66,573 | 61,40,790.39 | 20,56,544.96 |

നഗരസഭ നടത്തുന്ന ചെലവു വിവരങ്ങൾ അടുത്ത കൗൺസിൽ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും തലശ്ശേരി നഗരസഭയിൽ ഈ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല എന്നാണ് പരിശോധനയിൽ വ്യക്തമാകുന്നത്.

4. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

നഗരസഭയിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചു വരുന്നുണ്ട്.

| ക്രമ നം | രജിസ്റ്ററിന്റെ പേര് |
|---|---|
| 1. | മസ്റ്റർ റോൾ വിതരണ രജിസ്റ്റർ |
| 2. | മസ്റ്റർ റോൾ കൈപ്പറ്റ് രജിസ്റ്റർ |
| 3. | തൊഴിൽ കാർഡ് അപേക്ഷ രജിസ്റ്റർ |
| 4. | തൊഴിൽ കാർഡ് രജിസ്റ്റർ |
| 5. | തൊഴിൽ രജിസ്റ്റർ |
| 6. | പ്രവൃത്തി രജിസ്റ്റർ |
| 7. | ആസ്തി രജിസ്റ്റർ |
| 8. | പരാതി രജിസ്റ്റർ |
| 9 | പ്രതിമാസ അലോട്ട്മെന്റും ധനവിനിയോഗ സർട്ടിഫിക്കറ്റും സൂക്ഷിക്കാൻ രജിസ്റ്റർ |

5. പദ്ധതി ദിശാഗതി നിയന്ത്രണവും വിലയിരുത്തലും (മോണിറ്ററിംഗ് )

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഓരോ പ്രവൃത്തി നടക്കുമ്പോഴും അതാത് സ്ഥല നിവാസികൾ, കൗൺസിലർ എന്നിവർ പ്രവൃത്തി വിലയിരുത്തുകയും അവരുടെ അഭിപ്രായങ്ങൾ സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. നഗരസഭയിലെ വാർഡ് സഭ മുഖേന തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യേണ്ട ആവശ്യകതയെക്കുറിച്ചും ഏറ്റെടുക്കാവുന്ന പ്രവൃത്തികളെക്കുറിച്ചും ജനങ്ങളെ ബോധവത്ക്കരിക്കുന്നുണ്ട്. തൊഴിൽകാർഡ് വിതരണം ചെയ്യുന്നതിൽ സമയക്രമം പാലിച്ചു വരുന്നുണ്ട്.

6 വിവരാവകാശ നിയമവും വിവരങ്ങൾ പ്രസിദ്ധപ്പെടുത്തലും

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നഗരസഭ ഹാജരാക്കിയ രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചപ്പോൾ പദ്ധതിയുടെ കണക്ക് സ്റ്റേറ്റ്മെന്റ് സംക്ഷിപ്തം പൊതുജനങ്ങൾ കാണത്തക്കവിധം നഗരസഭ നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധപ്പെടുത്തുന്നില്ല എന്ന് വ്യക്തമാകുന്നു.

7. സുതാര്യതയും അക്കൗണ്ടബിലിറ്റിയും സോഷ്യൽ ഓഡിറ്റും

നഗരസഭ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ചുമതലകളും നൽകുന്ന സേവനങ്ങളും ഉൾക്കൊള്ളുന്ന പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല. ഇതിനുപുറമെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റും നഗരസഭ നാളിതുവരെ നടത്തിയിട്ടില്ല.

8. ആസ്തികൾ

നഗരസഭ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം ചുവടെ,

| വർഷം | സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ | സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ |
|---|---|---|

| | എണ്ണം | മൂല്യം |
|---|---|---|
| 2019-20 | 73 | 56,66,573 |

1-69 ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ ഓഡിറ്റ്

നഗരസഭയിൽ നിലവിലുള്ള 6 ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ 2019-20 വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ടുകൾ പുറപ്പെടുവിക്കുകയും പകർപ്പുകൾ നഗരസഭയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ആശുപത്രി മാനേജിംഗ് കമ്മിറ്റി | റിപ്പോർട്ട് നം ./തീയ്യതി |
|---|---|---|
| 1 | പി.എച്ച്.സി കോടിയേരി | കെ.എസ്.എ.ടി.എസ്.എം1/411/2020 തീ:09.12.20 |
| 2 | ഗവ.ആയുർവ്വേദ ആശുപത്രി കോടിയേരി | കെ.എസ്.എ.ടി.എസ്.എം1/8/2021 തീ:18.02.21 |
| 3 | ഗവ.ഹോമിയോ ഡിസ്പെൻസറി തലശ്ശേരി | കെ.എസ്.എ.ടി.എസ്.എം1/287/2021 തീ:27.07.21 |
| 4 | ഗവ.ഹോമിയോ ഡിസ്പെൻസറി കോടിയേരി | കെ.എസ്.എ.ടി.എസ്.എം1/297/2021 തീ:30.07.21 |
| 5 | പി.എച്ച്.സി ചാലിൽ | കെ.എസ്.എ.ടി.എസ്.എം1/348/2021 തീ:25.08.21 |
| 6 | താലൂക്ക് ആശുപത്രി തലശ്ശേരി | കെ.എസ്.എ.ടി.എസ്.എം1/367/2021 തീ:09.09.21 |

2013 ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടങ്ങളിലെ ചട്ടം 9 ൽ മൂന്ന് പ്രകാരം ആശുപത്രി വികസന ഫണ്ട് സംബന്ധിച്ച് കൗൺസിലിനു ലഭിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് കൗൺസിൽ പരിഗണിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ മാനേജിംഗ് കമ്മിറ്റിക്കും അതിന്റെ മെമ്പർ സെക്രട്ടറിക്കും നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

3-1 മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ

പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012-(ജി.ഒ (പി) നം.13/2012/PWD/01.02.2012) ലെ സെക്ഷൻ 2112 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരാൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതും തുടർന്നും കാലാവധി ദീർഘിപ്പിക്കുന്നപക്ഷം 2% പിഴ ഈടാക്കേണ്ടതുമാണ്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാവുന്നതല്ല. ഈ കാലയളവിന് ശേഷമുള്ള പൂർത്തീകരണ പ്രവൃത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ എന്ന് പൊതുമരാമത്ത് വകുപ്പ് മാന്വലിലെ ഖണ്ഡിക 1 ൽ വ്യക്തമാക്കിയിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി മാന്വൽ 2012 ലെ സെക്ഷൻ 2112 പ്രകാരം പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ പൂർത്തീകരണ കാലാവധി തീരുന്നതിന് മുൻപ് നൽകേണ്ടതാണ്.

നഗരസഭ 2019-20 വർഷം നടപ്പിലാക്കിയ ചുവടെ ചേർത്ത മരാമത്ത് പ്രവൃത്തികളിൽ മേൽ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല.

1. 'നെട്ടൂർ തെരു റോഡ് മുതൽ പുതുക്കുടി റോഡ് വരെ ' റോഡ് നിർമ്മാണം

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനീയർ, |

| | | |
|---|---|---|
| | | നോർത്ത് സെക്ഷൻ |
| പ്രൊജക്ട് നമ്പർ | : | S0378/20 |
| ബിൽ നമ്പർ/തീയ്യതി | : | 19/2019-20 തീയ്യതി 03.06.2019 |
| ഫണ്ട് | : | വികസന ഫണ്ട്<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| തുക | : | 9,17,489/- |
| ഫയൽ നമ്പർ | : | E2/32409/17 |

A) കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ഈടാക്കിയതിൽ കുറവ്

മേൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കുന്നതിൽനിന്നും ഈടാക്കേണ്ട പിഴ സംബന്ധിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരൻ പ്രവർത്തി ഏറ്റെടുത്ത തീയ്യതി | 25.05.2018 |
| പൂർത്തീകരണ കാലാവധി | 3 മാസം |
| 25.05.2018 മുതൽ 25.10.2018 വരെ | മഴക്കാലം (ഫയൽ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ 25.10.2018 വരെ മഴക്കാലമായതിനാൽ ഇളവ് അനുവദിച്ചു.) |
| പദ്ധതി പൂർത്തീകരണ കാലാവധി | 26.10.2018 മുതൽ 25.01.2019 വരെ |
| പദ്ധതി പൂർത്തീകരിച്ച തീയ്യതി (മെഷർമെന്റ് ബുക്ക് പ്രകാരം) | 22.03.2019 |
| PAC | 10,25,975 |
| 26.01.2019 മുതൽ 17.02.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 1%<br>1025975x1 =10259.75<br>100 |
| 18.02.2019 മുതൽ 12.03.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 2%<br>1025975 X 2/100 = 20519.5 |
| കരാറുകാരനിൽനിന്നും ഈടാക്കേണ്ട ആകെ പിഴ | 30,779.25 |
| ബിൽ പ്രകാരം ഈടാക്കിയ പിഴ | 6,102 |
| അടവാക്കാൻ ബാക്കിയുള്ള പിഴ | 24,677.25 |

13.03.2019 മുതൽ 22.03.2019 വരെയുള്ള പ്രവൃത്തി ആധികാരികമല്ല.

B) കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ യഥാസമയം അപേക്ഷിച്ചിട്ടില്ല .

മേൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 25.08.2018 തീയ്യതി ആയിരുന്നു. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ നിശ്ചിത കാലാവധിക്കകം അപേക്ഷിച്ചതായി കാണുന്നില്ല. എഗ്രിമെന്റ് തീയ്യതിയും കരാറിൽ ഏർപ്പെട്ട മുദ്രപ്പത്രത്തിലെ തീയ്യതിയും തമ്മിൽ പൊരുത്തക്കേടുള്ളതായി കാണുന്നു.

പിഴ ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 24,677/- രൂപ കരാറുകാരനിൽ നിന്നോ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പിഴ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

2. ടി.ബി കോംപ്ലക്സിന് മുമ്പിലുള്ള ബസ് ഷെൽട്ടർ നിർമ്മാണം

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനീയർ,<br>നോർത്ത് സെക്ഷൻ |
| പ്രൊജക്ട് നമ്പർ | : | SO0382/20 |
| ബിൽ നമ്പർ/തീയ്യതി | : | 16/2019-20 തീയ്യതി 03.06.2019, 49/2019-20/ |

| | | |
|---|---|---|
| | | തീയ്യതി 08.11.19 |
| ഫണ്ട് | : | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| തുക | : | 6,39,347/- |
| ഫയൽ നമ്പർ | : | E1/35950/18 |

A) കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ഈടാക്കിയതിൽ കുറവ്

മേൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽനിന്നും ഈടാക്കേണ്ട പിഴ സംബന്ധിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത തീയ്യതി | 28.12.2018 |
| പദ്ധതി പൂർത്തീകരണ കാലാവധി | (3 മാസം) 28.12.2018 മുതൽ 27.03.2019 വരെ |
| പദ്ധതി പൂർത്തീകരിച്ച തീയ്യതി (മെഷർമെന്റ് ബുക്ക് പ്രകാരം) | 30.06.2019 |
| PAC | 7,68,009 |
| 28.03.2019 മുതൽ 19.04.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 1% 768009x1 =7680.09 100 |
| 20.04.2019 മുതൽ 11.05.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 2% 768009x2 =15360.18 100 |
| 12.05.2019 മുതൽ 30.06.2019 വരെയുള്ള പ്രവൃത്തി ആധികാരികമല്ല | |
| ഈടാക്കേണ്ട ആകെ പിഴ | 7680.09 + 15360.18 = 23040.27 |
| കരാറുകാരനിൽനിന്നു ഈടാക്കിയ പിഴ | 6,674 |
| ഈടാക്കേണ്ട ബാക്കി തുക | 16,366 |

B) പദ്ധതി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടില്ല .

പി.ഡബ്ല്യു.ഡി മാന്വൽ 2012 ലെ സെക്ഷൻ 2112 പ്രകാരം പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ പൂർത്തീകരണ കാലാവധി തീരുന്നതിന് മുൻപ് നൽകേണ്ടതാണ്. കരാറുകാരൻ അപേക്ഷ സമർപ്പിച്ചതായി രേഖകളില്ല. കരാറുകാരന്റെ അപേക്ഷയുടെ വിശദാംശങ്ങൾ കുറിപ്പ് ഫയലിൽ രേഖപ്പെടുത്തുകയോ അപേക്ഷ ഫയലിൽ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

പിഴ ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 16,366/- രൂപ കരാറുകാരനിൽ നിന്നോ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പിഴ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

3. ഉച്ചമ്മൽത്തോട് -പാർശ്വഭിത്തി കെട്ടി സംരക്ഷിക്കൽ

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനീയർ, നോർത്ത് സെക്ഷൻ |
| പ്രൊജക്ട് നമ്പർ | : | SO0435/20 |
| ബിൽ നമ്പർ/തീയ്യതി | : | 18/2019-20 തീയ്യതി 03.06.2019 |
| ഫണ്ട് | : | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| തുക | : | 495307/- |
| ഫയൽ നമ്പർ | : | E2/2071/18 |

A) കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ഈടാക്കിയില്ല .

മേൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽനിന്നും ഈടാക്കേണ്ട പിഴ സംബന്ധിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത തീയ്യതി | 20.03.2018 |
| പൂർത്തീകരണ കാലാവധി | 3 മാസം (20.03.2018 മുതൽ 19.06.2018 വരെ) |
| പദ്ധതി പൂർത്തീകരിച്ച തീയ്യതി | 21.03.2019 |
| PAC | 4,95,307/- |
| 20.06.2018 മുതൽ 12.07.2018 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 1%<br>495307x1 =4953<br>100 |
| 13.07.2018 മുതൽ 04.08.2018 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 2%<br>495307x2 =9906<br>100 |
| 05.08.2019 മുതൽ 21.03.2019 വരെയുള്ള പ്രവൃത്തി ആധികാരികമല്ല | |
| കരാറുകാരനിൽനിന്നും ഈടാക്കിയ പിഴ | ഇല്ല |
| കരാറുകാരനിൽനിന്നും ഈടാക്കേണ്ട തുക | 14,859/- |

പദ്ധതി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ സമർപ്പിച്ച അപേക്ഷയിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. നോട്ട് ഫയലിലെ കുറിപ്പ് പ്രകാരം കരാറുകാരന്റെ അപേക്ഷ പൂർത്തീകരണ കാലാവധിക്കകം ലഭിച്ചതായുള്ള രേഖപ്പെടുത്തലുകൾ ഇല്ല. അപേക്ഷ വിശദമായി പരിശോധിച്ച് കാലാവധി നീട്ടുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112 പ്രകാരമുള്ള അപ്പന്റിക്സ് 2100F ഫോറത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടില്ല. ദീർഘീകരണം അനുവദിച്ച കൗൺസിൽ/സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.

പിഴ ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 14,859/- രൂപ കരാറുകാരനിൽ നിന്നോ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പിഴ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

4. കൊളശ്ശേരി ചോനാടം റോഡുമുതൽ കോട്ടൂർ ബാലകൃഷ്ണന്റെ സ്ഥലത്തിനടുത്തുള്ള ക്രോസ് ഡ്രെയിൻ വരെയുള്ള റോഡ് റീ -ടാറിംഗ്

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനീയർ,<br>നോർത്ത് സെക്ഷൻ |
| പ്രൊജക്ട് നമ്പർ | : | S0368/20 |
| ബിൽ നമ്പർ/തീയ്യതി | : | 1/2019-20 തീയ്യതി 26.04.2019 |
| ഫണ്ട് | : | മെയിന്റനൻസ് ഫണ്ട് - റോഡ് |
| തുക | : | 302814/- |
| ഫയൽ നമ്പർ | : | E2/32417/17 |

A) കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ഈടാക്കിയിട്ടില്ല .

മേൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽനിന്നും ഈടാക്കേണ്ട പിഴ സംബന്ധിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത തീയ്യതി | 11.12.2018 |
| പൂർത്തീകരണ കാലാവധി | 3 മാസം (11.12.2018 മുതൽ 10.03.2019 വരെ) |
| പദ്ധതി പൂർത്തീകരിച്ച തീയ്യതി (മെഷർമെന്റ് ബുക്ക് പ്രകാരം) | 30.03.2019 |
| PAC തുക | 3,21,326 |
| 11.03.2019 മുതൽ 02.04.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 1%<br>321326x1 =3213.26<br>100 |

| | |
|---|---|
| ഒരു ദിവസത്തെ പിഴ | 3213 = 139.837<br>23 |
| കാലാവധിക്കകം പദ്ധതി പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽനിന്ന ഈടാക്കേണ്ട പിഴ | 139.837x20 = 2796.74 |

B) കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ യഥാസമയം അപേക്ഷിച്ചിട്ടില്ല

മേൽ പ്രവൃത്തിയുടെ പൂർത്തീകരണകാലാവധി 10.03.2019 തീയ്യതി ആയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ നിശ്ചിത കാലാവധിക്കകം അപേക്ഷിച്ചതായി കാണുന്നില്ല. ലഭ്യമാക്കിയ ഫയലുകളിലുള്ള കരാറുകാരന്റെ കാലവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. തപാൽ നമ്പർ നൽകിയിട്ടുണ്ടോ എന്ന വ്യക്തമല്ല. നോട്ട് ഫയലിലെ കുറിപ്പിൽ കരാറുകാരന്റെ അപേക്ഷ സംബന്ധിച്ച വിശാദാംശങ്ങളില്ല. കരാറുകാരന്റെ അപേക്ഷ പരിശോധിച്ചശേഷം കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ (അപ്പൻഡിക്സ് 2100 F) ഫയലിൽ ലഭ്യമല്ല. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിരിക്കുന്നത് പദ്ധതി പൂർത്തീകരിച്ച തീയ്യതിയായ 30.03.2019 ന് ശേഷമാണ്.

പിഴ ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 2,797/- രൂപ കരാറുകാരനിൽ നിന്നോ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പിഴ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

5. കയ്യാലി പാലം മുതൽ ശ്മശാനം റോഡു വരെ ടാറിംഗ് - (വാർഡ് 2)

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനീയർ,<br>നോർത്ത് സെക്ഷൻ |
| പ്രൊജക്റ്റ് നമ്പർ | : | S0228/20 |
| ബിൽ നമ്പർ/തീയ്യതി | : | 21/2019-20 തീയ്യതി 03.06.2019 |
| ഫണ്ട് | : | വികസന ഫണ്ട്<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| തുക | : | 1365268/- |
| ഫയൽ നമ്പർ | : | E2/27399/18 |

A) കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ഈടാക്കിയില്ല .

മേൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽനിന്നും ഈടാക്കേണ്ട പിഴ സംബന്ധിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത തീയ്യതി | 30.10.2018 |
| പൂർത്തീകരണ കാലാവധി | 3 മാസം (30.10.2018 മുതൽ 29.01.2019 വരെ) |
| പദ്ധതി പൂർത്തീകരിച്ച തീയ്യതി<br>(മെഷർമെന്റ് ബുക്ക് പ്രകാരം) | 23.03.2019 |
| PAC | 14,05,340/- |
| 30.01.2019 മുതൽ 22.02.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 1%<br>1405340x1 =14053.4<br>100 |
| 23.02.2019 മുതൽ 14.03.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 2%<br>1405340x2 =28106.8<br>100 |
| 15.03.2019 മുതൽ 23.03.2019 വരെയുള്ള കാലയളവിലെ പ്രവൃത്തി ആധികാരികമല്ല | |
| കരാറുകാരനിൽനിന്നും ഈടാക്കിയ പിഴ | ഇല്ല |
| കരാറുകാരനിൽനിന്നും ഈടാക്കേണ്ട പിഴ | 42160.2 |

പിഴ ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 42,160/- രൂപ കരാറുകാരനിൽ നിന്നോ നഷ്ടത്തിന് ഉത്തരവാദിയായ

ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പിഴ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

6. തച്ചോളി റോഡ് മുതൽ മുൻകൗൺസിലർ ഉസ്മാന്റെ വീടുവരെ റീ ടാറിംഗ്

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനീയർ,<br>നോർത്ത് സെക്ഷൻ |
| പ്രൊജക്റ്റ് നമ്പർ | : | S00421/20 |
| ബിൽ നമ്പർ/തീയ്യതി | : | 3/2019-20 തീയ്യതി 09.05.2019 |
| ഫണ്ട് | : | മെയിന്റനൻസ് ഫണ്ട് -റോഡ് |
| തുക | : | 2,37,863/- |
| ഫയൽ നമ്പർ | : | E2/32375/17 |

A) കരാറുകാരൻ യഥാസമയം പ്രവ്യത്തി പൂർത്തീകരിക്കാതിരുന്നതിനുള്ള പിഴ ഈടാക്കിയത് കുറവ്

മേൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽനിന്നും ഈടാക്കേണ്ട പിഴ സംബന്ധിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത തീയ്യതി | 04.04.2018 |
| ഫയൽ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ മഴക്കാലം കഴിയുംവരെ പിഴ ഒഴിവാക്കി കാലാവധി ദീർഘിപ്പിച്ചു കൊടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്।04.04.2018 മുതൽ 03.10.2018 വരെ മഴക്കാലമായതിനാൽ ഇളവ് അനുവദിച്ചു. | |
| പൂർത്തീകരണ കാലാവധി | 3 മാസം (04.10.2018 മുതൽ 03.01.2019 വരെ) |
| പദ്ധതി പൂർത്തീകരിച്ച തീയ്യതി<br>(മെഷർമെന്റ് ബുക്ക് പ്രകാരം) | 26.03.2019 |
| PAC തുക | 2,38,799/- |
| 04.01.2019 മുതൽ 27.01.2019 വരെയുള്ള കാലയളവിലെ പിഴ (23 ദിവസങ്ങൾ) | PAC യുടെ 1%<br>238799x1 =2387.99<br>100 |
| 28.01.2019 മുതൽ 18.03.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 2%<br>238799x2<br>100 = 4775.98 |
| 19.03.2019 മുതൽ 26.03.2019 വരെയുള്ള കാലയളവിലെ പ്രവൃത്തി ആധികാരികമല്ല | |
| കരാറുകാരനിൽനിന്നും ഈടാക്കേണ്ട ആകെ പിഴ | 7,163.97 |
| കരാറുകാരനിൽനിന്നും ഈടാക്കിയ പിഴ | 2,132/- |
| ബാക്കി | 5,031.97 |

മേൽ പ്രവൃത്തി നിർവ്വഹണത്തിനായി കരാറുകാരൻ എഗ്രിമെന്റ് വെച്ചത് 04.04.2018 നാണ്. എന്നാൽ മെഷർമെന്റ് ബുക്ക് പ്രകാരം പ്രവൃത്തിയുടെ ചെക്ക് മെഷർമെന്റ് എടുത്തിരിക്കുന്നത് 16.03.2019 നാണ്. മേൽ പദ്ധതി നിർവ്വഹണത്തിനായി കരാറുകാരൻ അനുവദിക്കാവുന്നതിലും കൂടുതൽ സമയം ഉപയോഗിച്ചതായി കാണുന്നു.

B) കാലാവധി ദീർഘിപ്പിക്കുന്നതിന് യഥാസമയം അപേക്ഷിച്ചിട്ടില്ല .

മേൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 04.07.2018 തീയ്യതി ആയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ നിശ്ചിത കാലാവധിക്കകം അപേക്ഷിച്ചതായി കാണുന്നില്ല. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിരിക്കുന്നത് പണി പൂർത്തീകരിച്ച തീയ്യതിയായ 26.03.2019 ന് ശേഷമാണ്. കരാറുകാരന്റെ കാലാവധി ദീർഘിപ്പിച്ചു കിട്ടാനുള്ള അപേക്ഷയിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരൻ കാലാവധിക്കകം അപേക്ഷ നൽകാത്തതിനാൽ പൂർത്തീകരണ കാലാവധിയുടെ 25% ഗ്രേസ് പിരീഡായും അനുവദിക്കാവുന്നതല്ല.

പിഴ ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 5,032/- രൂപ കരാറുകാരനിൽ നിന്നോ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പിഴ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

7. തീരദേശ റോഡ് റീ -ടാറിംങ്ങ്

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനീയർ, നോർത്ത് സെക്ഷൻ | |
| പ്രൊജക്ട് നമ്പർ | : | SO0420/20 | |
| ബിൽ നമ്പർ/തീയ്യതി/തുക | : | 4/2019-20 തീയ്യതി 26.04.19 | 6,32,999/- |
| | | 44/2019-20 തീയ്യതി 27.08.2019 | 15,18,056/- |
| ഫണ്ട് | : | മെയിന്റനൻസ് ഫണ്ട്- റോഡ് | |
| ഫയൽ നമ്പർ | : | E1-2010/18 | |

A) കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ഈടാക്കിയതിൽ കുറവ്

മേൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽനിന്നും ഈടാക്കേണ്ട പിഴ സംബന്ധിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത തീയ്യതി | 21.07.2018 |
| ഫയൽ പ്രകാരം അസി.എഞ്ചിനീയർ മഴക്കാലം ഒഴിവാക്കി പിഴ ഈടാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 21.07.2018 മുതൽ 20.10.2018 വരെ മഴക്കാലമായതിനാൽ ഇളവ് അനുവദിച്ചു | |
| പദ്ധതി പൂർത്തീകരണ കാലാവധി | 3 മാസം (21.10.2018 മുതൽ 20.01.2019 വരെ) |
| പദ്ധതി പൂർത്തീകരിച്ച തീയ്യതി | 28.05.2019 |
| PAC തുക | 34,62,302.93 |
| 21.01.2019 മുതൽ 12.02.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 1%<br>3462302.93x1 =34623.02<br>100 |
| 13.02.2019 മുതൽ 7.03.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 2%<br>3462302.13x2 =69246.06<br>100 |
| കരാറുകാരനിൽനിന്നും ഈടാക്കേണ്ട ആകെ പിഴ | 1,03,869 |
| കരാറുകാരനിൽനിന്നും ഈടാക്കിയ പിഴ | 50,000 |
| കരാറുകാരനിൽനിന്നും ഈടാക്കേണ്ട ബാക്കി പിഴ | 53,869 |

B) കാലാവധി ദീർഘിപ്പിക്കുന്നതിന് യഥാസമയം അപേക്ഷിച്ചിട്ടില്ല .

കരാറുകാരൻ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു കിട്ടാനായി സമർപ്പിച്ച അപേക്ഷയിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത അപേക്ഷ നഗരസഭയിൽ ലഭിച്ചതിന്റെയും താപാൽ ആയി എടുത്തതിന്റെയും വിവരങ്ങൾ/തീയ്യതി നോട്ടുഫയലിൽ രേഖപ്പെടുത്തുകയോ തപാൽ നമ്പർ ചേർക്കുകയോ ചെയ്തിട്ടില്ല. പദ്ധതി പൂർത്തീകരണ തീയ്യതിക്ക് മുൻപ് കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുവേണ്ടി അപേക്ഷ നൽകിയിരുന്നോ എന്ന് വ്യക്തമല്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് വേണ്ടിയുള്ള സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിരിക്കുന്നത് 10.12.2018 ന് ശേഷമാണ് കരാറുകാരൻ സമർപ്പിച്ച പ്രാഥമിക കരാറു നടപടിയിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

പിഴ ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 53,869/- രൂപ കരാറുകാരനിൽ നിന്നോ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പിഴ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

8. 'നാരങ്ങാപ്പുറം അങ്കണവാടിക്ക് സമീപം റോഡിന് സ്ലാബിടൽ ' പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനീയർ,<br>നോർത്ത് സെക്ഷൻ |
| പ്രൊജക്റ്റ് നമ്പർ | : | SO 0380/20 |
| ബിൽ നമ്പർ/തീയ്യതി/തുക | : | 1. 27/2019-20 തീ.03.06.2019<br>തുക 8,28,574<br>2. 50/2019-20 തീ. 15.11.2019<br>തുക 10,19,651 |
| ഫണ്ട് | : | വികസന ഫണ്ട്<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| തുക | : | 18,48,225/- |
| ഫയൽ നമ്പർ | : | E1/35954/18 |

A) കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന് പിഴ ഈടാക്കിയില്ല .

മേൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽനിന്നും ഈടാക്കേണ്ട പിഴ സംബന്ധിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത തീയ്യതി | 11.02.2019 |
| പൂർത്തീകരണ കാലാവധി | 3 മാസം (11.02.2019<br>മുതൽ 10.05.2019 വരെ) |
| പദ്ധതി പൂർത്തീകരിച്ച തീയ്യതി<br>(മെഷർമെന്റ് ബുക്ക് പ്രകാരം) | 22.06.2019 |
| PAC | 21,11,782/- |
| 10.05.2019 മുതൽ 01.06.2019 വരെയുള്ള കാലയളവിലെ പിഴ | PAC യുടെ 1%<br>2111782x1 =21117.82<br>100 |
| 02.06.2019 മുതൽ 22.06.2019 വരെയുള്ള കാലയളവിലെ പിഴ (21 ദിവസങ്ങൾ) | PAC യുടെ 2%<br>2111782x2 =42235.64<br>100<br>ഒരു ദിവസത്തെ പിഴ =<br>42235.64 = 1919.8<br>22<br>21 ദിവസത്തെ പിഴ = 1919.8x21 =<br>40315.8 |
| കരാറുകാരനിൽനിന്നും ഈടാക്കേണ്ട<br>ആകെ പിഴ | 40315.8 + 21117.82<br>61433.62 |
| കരാറുകാരനിൽ നിന്നും ഈടാക്കിയ പിഴ | 8,530/- |
| കരാറുകാരനിൽ നിന്നും ഈടാക്കേണ്ട ബാക്കി തുക | 61,433.62-8,530=52,903.62 |

പിഴ ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 52,904/- രൂപ കരാറുകാരനിൽ നിന്നോ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്. പിഴ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ 06.01.2021 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ 43/2019-20, 44/2019-20 & 45/2019-20, 11.01.2021 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ 46/2019-20 & 47/2019-20, 13.01.2021 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ 48/2019-20, 19.01.2021 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ 49/2019-20, 25.02.2021 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ 55/2019-20 എന്നിവകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

3-2 റോഡ് നിർമ്മാണം-ഫൈൻ ഈടാക്കിയതിലെ കുറവ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസിസ്റ്റന്റ് എഞ്ചിനീയർ (സൗത്ത്) |
| പ്രൊജക്ടിന്റെ പേര് | : ജൂബിലി റോഡ് മുതൽ ശംഖ്നാദം വീട് വരെ റോഡ് റീടാറിംഗ്-വാർഡ് 44 |
| പ്രോജക്ട് നമ്പർ | : 529/20 |
| അടങ്കൽ | : 7,00,000/- (മെയിന്റനൻസ് ഗ്രാന്റ്-റോഡ്) |
| ചെലവ് | : 4,93,121/- |
| ബിൽ നം./തീയ്യതി | : 82/2019-20/തീ: 29-11-2019 |
| ഫയൽ നം. | : E1/29152/18 |
| കരാറുകാരൻ | : പി.സുധീഷ്, നെട്ടൂർ |

2018-19 വാർഷിക പദ്ധതിയിൽ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഏഴ് ലക്ഷം രൂപ വകയിരുത്തി ആരംഭിച്ച പ്രവൃത്തിയാണിത്. പ്രവൃത്തിയുടെ ആകെ ചെലവ് 4,93,121 രൂപയാണ്. 2012 ലെ കേരളാ പൊതുമരാമത്ത് മാന്വൽ, സെക്ഷൻ 2112 പ്രകാരം പ്രവൃത്തി എഗ്രിമെന്റ് പ്രകാരം പ്രവൃത്തി നിശ്ചിത കാലയളവിൽത്തന്നെ പൂർത്തീകരിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. കരാറുകാരന്റെ പിഴവു മൂലം പൂർത്തീകരണ കാലവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, പി.എ.സി.യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50%-ത്തിൽ അധികമാകരുത്. ഈ കാലാവധിക്കു ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. മേൽക്കാര്യങ്ങൾ 07.03.2019 തീയ്യതിയിലെ 186/AE(S)/LSGD/TMC/17-18 നമ്പർ എഗ്രിമെന്റ് പ്രകാരം കരാറുകാരൻ അംഗീകരിച്ചിട്ടുള്ളതുമാണ്.

പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിൽനിന്നും പ്രവൃത്തിയുടെ ഫസ്റ്റ് & ഫൈനൽ ബിൽ നൽകിയ അവസരത്തിൽ ഫൈൻ കണക്കാക്കി ഈടാക്കിയതിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി ആരംഭിച്ച തീയ്യതി | 07.03.2019 |
| പ്രവൃത്തി പൂർത്തീകരണ കാലയളവ് | 3 മാസം |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി | 05.06.2019 |
| പ്രത്തി ഔദ്യോഗികമായി പൂർത്തീകരിച്ച തീയ്യതി | 23.09.2019 (എം.ബുക്ക് നം.2/2019; പേജ് 32) |
| പി.എ.സി | 610148 |
| 06.06.2019 മുതൽ 29.06.2019 (പൂർത്തീകരണ കാലയളവിന്റെ 25% = 23 ദിവസം) വരെ പിഴ പി.എ.സി യുടെ 1% നിരക്കിൽ | 6101 |
| 30.06.2019 മുതൽ 21.07.2019 വരെ (പൂർത്തീകരണ കാലയളവിന്റെ ബാക്കി 25% =22 ദിവസങ്ങൾ) പി.എ.സി.യുടെ 2% നിരക്കിൽ | 12202.96 |
| ആകെ ഈടാക്കേണ്ട പിഴ | 18,304/- |
| ഈടാക്കിയ പിഴ | 6,430/- ( നം.2/2019, എം-ബുക്ക് പേജ് 42) |
| പിഴ ഈടാക്കിയതിലെ കുറവ് | 11,874/- |

22.07.2019 മുതൽ 23.09.2019 വരെ ചെയ്ത പ്രവൃത്തി ആധികാരികമല്ല. കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കിയത് സംബന്ധിച്ചും ആധികാരികമല്ലാത്ത കാലയളവിലെ പ്രവൃത്തി ക്രമീകരിക്കാത്തതു സംബന്ധിച്ചും അഭിപ്രായം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ: 52 2019-20; തീയ്യതി: 28.01.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കിയതിൽ കുറവുവന്ന തുകയായ 11,874/- രൂപ കരാറുകാരനിൽനിന്നോ അല്ലാത്തപക്ഷം നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ അടവു വരുത്തേണ്ടതാണ്.

3-3 റോഡ് നിർമ്മാണം-ഫൈൻ ഈടാക്കിയതിലെ കുറവും പ്രവൃത്തി തുടങ്ങുന്നതിന് മുൻപ് ഭൂമിയുടെ ലഭ്യത ഉറപ്പാക്കാത്തതും

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ (സൗത്ത്) |
| പ്രൊജക്റ്റിന്റെ പേര് | : | ചാത്തോത്ത് മുക്ക് മുതൽ മിലിട്ടറി പപ്പന്റെ വീട് വഴി മൂഴിക്കര എൽ.പി.സ്കൂൾ നാരായണൻ പീടിക റോഡ് വരെ റോഡ് നിർമ്മാണം |
| പ്രോജക്റ്റ് നമ്പർ | : | 433/20 |
| അടങ്കൽ | : | 4,90,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | : | 4,82,979/- |
| ബിൽ നം./തീയ്യതി | : | 25/2019-20/തീ: 04-06-2019 |
| ഫയൽ നം. | : | E2/32814/17 |
| കരാറുകാരൻ | : | പി.രവീന്ദ്രൻ (കരാർ തുക |
| അളവ് പുസ്തകം | : | 812/16 പേജുകൾ നമ്പർ 1-26 |

1. പിഴ ഈടാക്കിയതിലെ കുറവ്

2017-18 കാലയളവിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പദ്ധതിയാണിത്. ഏത് തീയ്യതിയിലാണ് കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നതെന്ന് പ്രവൃത്തി ഏറ്റെടുത്ത കത്തിൽ രേഖപ്പെടുത്തിയിട്ടില്ല. വർക്ക് ഓർഡർ നൽകിയിരിക്കുന്നത് 28.03.2018 തീയ്യതി പ്രകാരമുള്ള കത്തിലാണ്. ഈ തീയ്യതിയാണ് പ്രവൃത്തി ആരംഭിച്ച തീയ്യതിയായി കണക്കാക്കിയിരിക്കുന്നത്. പദ്ധതിയുടെ പൂർത്തീകരണ കാലയളവ് മൂന്നു മാസമാണെന്നതിനാൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി 26.06.2018 (90 ദിവസം) ആണ്. പ്രവൃത്തി ഔദ്യോഗികമായി പൂർത്തീകരിച്ചിരിക്കുന്നത് 28.02.2019 തീയ്യതിയിലാണ് (എം.ബുക്ക് നം.812/16, പേജ് 15).

ചില സ്ഥലങ്ങളിൽ റോഡിന് വളരെ വീതി കുറവാണെന്നും നാട്ടുകാർ കമ്മിറ്റി രൂപീകരിച്ച് ആവശ്യമായ സ്ഥലം ലഭ്യമാക്കിത്തരുന്നതുവരെ പിഴ ഈടാക്കാതെ കാലാവധി നീട്ടിത്തരണമെന്ന് കരാറുകാരനായ ശ്രീ. പി. രവീന്ദ്രൻ 10.04.2018 തീയ്യതി പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ആവശ്യമായ സ്ഥലം ഇല്ലാത്തതിനാൽ വാർഡ് കൗൺസിലർ കമ്മിറ്റി രൂപീകരിച്ച് സ്ഥലം വിട്ടുനൽകുന്നതിന് തീരുമാനിക്കുന്നതിന് കാലതാമസം വന്നതിനാൽ പ്രവൃത്തി ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ലായെന്നും തുടർന്ന് കാലവർഷം ആരംഭിക്കുകയും ചെയ്തുവെന്നും അസിസ്റ്റന്റ് എഞ്ചിനീയർ പ്രസ്തുത അപേക്ഷയിന്മേൽ റിപ്പോർട്ട് എഴുതിയിട്ടുണ്ട്. എന്നാൽ ഭൂമി ആരൊക്കെ വിട്ടു നൽകിയെന്നും വിട്ടുകിട്ടിയ ഭൂമി നഗരസഭയുടെ പേരിൽ റിലിംഗ്വിഷ് /രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും മറ്റ് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. നഗരസഭയുടെ സ്ഥലം ഏറ്റെടുക്കുന്നതിനെടുത്ത കാലയളവ്, മഴക്കാലം എന്നീ മാസങ്ങളിലെ പിഴ ഒഴിവാക്കി 31.12.2018 വരെ കാലാവധി നീട്ടിനൽകിയിട്ടുണ്ട്. അതിനു ശേഷം 28.02.2019 വരെ പിഴയോടുകൂടി കാലാവധി നീട്ടിനൽകുകയും ചെയ്തിട്ടുണ്ട്. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പിഴയില്ലാതെ നീട്ടിനൽകിയ കാലാവധിക്കുശേഷവും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ 31.12.2018 മുതൽ പൂർത്തീകരണ തീയ്യതിയായ 28.02.2019 വരെ കാലയളവിൽ താഴെ പറയും പ്രകാരം ഈടാക്കേണ്ടതായിരുന്നെങ്കിലും അത്തരത്തിൽ പിഴ ഈടാക്കിയതായി കാണുന്നില്ല.

| | |
|---|---|
| പ്രവൃത്തി ആരംഭിച്ച തീയ്യതി | 28.03.2018 |
| പ്രവൃത്തി പൂർത്തീകരണ കാലയളവ് | 3 മാസം |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി | 26.06.2018 |
| പ്രവൃത്തി ഔദ്യോഗികമായി പൂർത്തീകരിച്ച തീയ്യതി | 28.02.2019 |
| കരാറുകാരന്റേത് അല്ലാത്ത കാരണത്താൽ പിഴ ഒഴിവാക്കിയ കാലയളവ് | 27.06.2018 മുതൽ 31.12.2018 വരെ |
| കരാറുകാരന്റേതായ കാരണത്താൽ പിഴ ഈടാക്കേണ്ട കാലയളവ് | 01.01.2019 മുതൽ 28.02.2019 |
| 23.01.2019 വരെ പിഴ-486143 X 1% | 4,861/- |
| 24.01.2019 മുതൽ 15.02.2019 വരെ പിഴ-486143 X 2% (16.02.2019 മുതൽ 28.02.2019 വരെ പ്രവൃത്തി ആധികാരികമല്ല.) | 9,723 /- |

| | |
|---|---|
| ആകെ ഈടാക്കേണ്ട പിഴ | 14,584/- |
| ഈടാക്കിയ പിഴ | 3,350/-<br>(എം-ബുക്ക് നം.812/16 പേജ് 26 കാണുക) |
| പിഴ ഈടാക്കിയതിലെ കുറവ് | 11,234/- |

പിഴ ഈടാക്കിയതിൽ കുറവ് വന്ന 11,234/- രൂപ കരാറുകാരനിൽനിന്നോ അല്ലാത്തപക്ഷം നഷ്ടത്തിന് ഉത്തരവാദിയായ എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

2. പ്രവൃത്തി തുടങ്ങുന്നതിന് മുൻപ് ഭൂമിയുടെ ലഭ്യത ഉറപ്പാക്കാത്തത് സംബന്ധിച്ച്

കേരളാ പൊതുമരാമത്ത് മാന്വൽ, സെക്ഷൻ 2003 പ്രകാരം ബിഡ് ചെയ്യുന്നതിന് മുമ്പ് ഭരണാനുമതി, സാങ്കേതികാനുമതി, 100% സ്വന്തമായിട്ടുള്ള യാതൊരു തടസ്സവുമില്ലാത്ത ഭൂമി എന്നിവ ഉറപ്പാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബാദ്ധ്യതകളില്ലാം ഒഴിവാക്കിയ മുഴുവൻ ഭൂമിയും സ്വന്തമാക്കിയതിനു ശേഷം മാത്രമേ പ്രവൃത്തിക്കുവേണ്ടി ടെണ്ടർ നടപടിക്രമങ്ങൾ അവലംബിക്കുവാൻ പാടുള്ളൂ എന്നും വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും ഭൂമിയുടെ 60% കൈവശം ഉണ്ടായിരിക്കുകയും ബാക്കിയുള്ള ഭൂമി പ്രവൃത്തി പുരോഗമിക്കുന്ന മുറയ്ക്ക് ലഭ്യമാവുകയും ചെയ്യുന്ന പക്ഷം സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ടെണ്ടർ നടപടികൾ ആരംഭിക്കാവുന്നതാണ്. പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് പ്രവൃത്തിക്ക് ആവശ്യമായ ഭൂമിയുടെ ലഭ്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

3. പ്രവൃത്തി ഏറ്റെടുത്ത കത്തിന് നിയമ സാധുതയില്ല

